# മലബാർ
# ബൈബിൾ ഫെലോഷിപ്പ്



## Silver Jubilee


മലബാർ ബൈബിൾ ഫെലോഷിപ്പ്
ബൈബിൾ ഫെലോഷിപ്പ് സെന്റർ
മുക്കട്ട, നിലമ്പൂർ, മലപ്പുറം, കേരള

SILVER JUBILEE
MALABAR BIBLE FELLOWSHIP
25 FRUIT FUL YEARS


# COMMITTEE MEMBERS




Rev. P. P. THOMAS
(President)




A. K. EASO
(Treasurer)




K. M. MATHAI
(Vice President)



O. T. Varghese
(Secretary)



A. M. VARGHESE
(Board Mamber)



K. C. MATHEW
(Board Member)



Mrs. THANKAMMA DANIEL
(Board Member)

കർത്താവിൽ പ്രീയരെ,

മലബാർ ബൈബിൾഫെലോഷിപ്പ് സിൽവർ ജൂബിലി കൊണ്ടാടുകയാണ്. കഴിഞ്ഞ 25 വർഷം ദൈവം നടത്തിയ വഴികളെ ഓർത്ത് ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. അനേകം പ്രീയപ്പെട്ടവരുടെ നിർലോഭ സഹകരണവും മിഷനറിമാരുടെ അകമഴിഞ്ഞ സേവനവും മിനിസ്ട്രിക്ക് എല്ലാക്കാലവും കനിവേകുകയുണ്ടായി. സിൽവർ ജൂബിലി ആഘോഷിക്കുന്ന വേളയിൽ ദൈവം നടത്തിയ പരിപാലനത്തെ അനുസ്മരിക്കുവാൻ ഈ സുവനീർ ഇടയാകട്ടെ എന്ന പ്രാർത്ഥനയോടെ

റവ. പി. പി. തോമസ്

പ്രസിഡന്റ് MBF




# ആശംസാസന്ദേശം

ബിഷപ്പ് ഡോക്ടർ എം. കെ. കോശി
സെൻറ്തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ.

മലബാർ ബൈബിൾ ഫെലോഷിപ്പ് കർമ്മ രംഗത്ത് 25 വർഷം പൂർത്തീകരിക്കുന്നതിൽ അനല്പമായ സന്തോഷമുണ്ട്. അരുമനാഥൻെറ കല്പന അനുസരിക്കുന്നതിൽ ശുഷ്കാന്തി കാണിക്കുന്ന ഏതു വ്യക്തിയും, പ്രസ്ഥാനവും ദൈവഹിതം നിവർത്തിക്കുകയത്രേ ചെയ്യുന്നത്. "സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പീൻ" എന്ന യേശു നാഥൻെറ ശ്രേഷ്ഠ ദൗത്യ നിർവ്വഹണത്തിലേർപ്പെട്ടിരിക്കുന്ന ആയിരക്കണക്കിനു പ്രസ്ഥാനങ്ങൾ ലോകമെമ്പാടും ഉണ്ട്. അവ എത്ര വർദ്ധിച്ചാലും അധികമായിപ്പോകില്ല താനും. എന്നാൽ കാതലായ വിഷയം ദൗത്യ നിർവ്വഹണമാണ്. ആയതിന് സമർപ്പണവും, ഉത്സാഹവും, നിരന്തര പ്രയത്നവും ആവശ്യവുമാണ്.

മലബാറിൻെറ പെരുവഴികളിലും, ഇടവഴികളിലും ടൗണുകളിലും, ഗ്രാമാന്തരങ്ങളിലും യേശുനാഥൻെറ രക്ഷാസന്ദേശം എത്തിക്കുന്നതിനും, നിത്യസ്നേഹം ചൊരിഞ്ഞ് അനേകരെ ക്രിസ്തുവിങ്കലേക്കാകർഷിക്കാനും കഴിഞ്ഞ 25-വർഷക്കാലം അനുഗ്രഹീത പ്രവർത്തനം ചെയ്തുവരുന്ന മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ സുവിശേഷരംഗത്തെ പലവിധ ശുശ്രൂഷകളെ ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. തൻെറ അജഗണങ്ങളിൽപ്പെട്ടവരെ, വിവിധ തൊഴിൽ രംഗത്തുള്ള അത്മായരെ ചേർത്തിണക്കി കർമ്മരംഗത്തേക്കാകർഷിച്ച് മലബാർ സുവിശേഷീകരണത്തിന് നേതൃത്വം നൽകിയ പി. പി തോമസ് അച്ചൻെറ ദർശനവും, ശുശ്രൂഷയും അഭിനന്ദനാർഹംതന്നെ. സാധാരണക്കാരായ വിശ്വാസികൾക്കു എത്ര ഏറെ സജീവമായും, സഫലമായും സുവിശേഷ പ്രവർത്തനരംഗത്ത് പങ്കാളികളാകാം എന്ന് മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ കർമ്മരംഗം വെളിവാക്കുന്നു.

പുതിയ നൂറ്റാണ്ടിലേക്കും, സഹസ്രാബ്ദത്തിലേക്കും നാം കാലൂന്നുമ്പോൾ ഭാരതജനസംഖ്യ 100 കോടിയും, ലോകജനസംഖ്യ 600 കോടിയും കവിയുന്നു. സുവിശേഷീകരണ ദൗത്യത്തിൻെറ മേഖല എത്ര വിപുലവും, വിശാലവും എന്ന സത്യം ഇത് വെളിവാക്കുന്നു. അപ്പോൾത്തന്നെ യെശയ്യാവിലൂടെയുള്ള യഹോവയുടെ ശബ്ദം ശ്രദ്ധിക്കാം: "എൻെറ വായിൽ നിന്നു പുറപ്പെടുന്ന എൻെറ വചനം... അതുവെറുതെ എൻെറ അടുക്കലേക്കു മടങ്ങി വരാതെ എനിക്കു ഇഷ്ടമുള്ളതു നിവർത്തിക്കയും ഞാൻ അയച്ചകാര്യം സാധിപ്പിക്കയും ചെയ്യും" (യെശ. 55 : 11). ഈ വാഗ്ദത്തത്തിൻെറ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് പുതുശക്തിയോടും, പുത്തൻ ഉണർവോടും കൂടെ സുവിശേഷഘോഷണത്തിൽ സജീവപങ്കാളികളാകാൻ ഉത്സാഹിക്കാം.




സിൽവർ ജൂബിലി ആഘോഷിക്കുന്ന മലബാർ ബൈബിൾ ഫെലോഷിപ്പിനും പ്രവർത്തകർക്കും എല്ലാ നന്മകളും ആശംസിക്കുന്നു. യേശുനാഥൻെറ വേലയിൽ നാൾതോറും വർദ്ധിച്ചുവരുവാൻ ദൈവമായ കർത്താവ് ഏവരേയും അനുഗ്രഹിക്കുമാറാകട്ടെ.

**RT. REV. T. C. CHERIAN**
Bihop, St. Thomas Evangaelical Church of India,
Manjadi P. O., Thiruvalla - 5, Kerala, Inida
Phone: (O) 0473-621384, (R) 0473-621004

# MESSAGE

I am extremely glad to hear that the Malabar Bible Felloship is planning to publish a souvenir in connection with its Silver Jubilee in 2000 A. D. I consider it to be my great privilege to convey my sincere greetings and prayerful sentiments to all the beloved saints including the leaders of the Fellowship on this solemn and Joyous occasion. Ever since the inception of this organization by the grace of God its workers, under the able guidance and leadership of Rev. P. P. Thomas Achan, have been able to do blessed ministry in the Lord's vineyard and bring many people to the saving knowledge of our Lord, Jesus Christ. It is my genuine aspiration and earnest prayer that God will continue to bless the Malabar Bible Fellowship and use it as a sharpened arrow in His quiver for the extension of His Kingdom.





# ആശംസാസന്ദേശം

**ഡോ. ജോർജ് സാമുവേൽ**
നവജീവോദയം, തിരുവല്ല.

മലബാർ ബൈബിൾ ഫെലോഷിപ്പിന്റെ ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ "ഇത് യഹോവയാൽ സംഭവിച്ചു." എന്നും ദൈവം തന്നെ ഈ വർഷങ്ങളിൽ ഇതിന്റെ സ്ഥാപകനായ ബഹു: പി. പി. തോമസ് അച്ചനോടും സഹപ്രവർത്തകരോടും കൂടെയുണ്ടായിരുന്നു എന്നു കാണാം. കന്നട ഭാഷയിൽ ഗ്രാമപ്രദേശങ്ങളിൽ വിവിധ ജാതിക്കാരുടെ മദ്ധ്യത്തിൽ സുവിശേഷവേല ചെയ്ത് ലഭിച്ച പ്രായോഗിക പരിശീലനവും വൈദീക സെമിനാരിയിലെ പരിശീലനവും കൂടി ചേർന്നപ്പോൾ ഇപ്രകാരമൊരു സംരംഭത്തിനു ദൈവം അച്ചനെ രൂപപ്പെടുത്തികഴിഞ്ഞു. ഈ വേല ദൈവ നിയോഗമായി കാണുവാൻ കഴിഞ്ഞതിനാൽ കഴിഞ്ഞ വർഷങ്ങളിൽ പ്രതിസന്ധികളെയെല്ലാം അതിജീവിച്ചുകൊണ്ട് ദൈവരാജ്യവേല തുടരുവാൻ അച്ചനും സഹപ്രവർത്തകർക്കും കഴിഞ്ഞു. ക്രിസ്ത്യാനികളായി ജനിച്ചവരുടെ ഇടയിൽ വേലചെയ്ത് അവരെ നല്ല ക്രിസ്ത്യാനികളാക്കിതീർക്കുന്ന വേലയും അക്രൈസ്തവ ഭവനങ്ങളിൽ ജനിച്ച് ക്രിസ്ത്യാനികളായവർ തുലോം കുറവുള്ള പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ ഇടയിൽ ചെയ്യുന്ന വേലയും വിഭിന്നമാണ്. സെമിനാരിയിലെ അഭ്യസനവും പട്ടത്വശുശ്രൂഷക്കുള്ള പരിശീലനവും മറ്റും ലഭിച്ചവർ ക്രിസ്ത്യാനികളുടെ ഇടയിലെ സൗകര്യപ്രദമായ വേല തെരഞ്ഞെടുത്തപ്പോൾ എതിർപ്പുകളും ഭിന്ന മത സംസ്കാര പശ്ചാത്തലങ്ങളും ഉള്ളതായ പ്രദേശത്ത് താൻ വേല ചെയ്യുവാൻ വിപൽ സാദ്ധ്യത [risk] യോടു കൂടിയ കാൽവയ്പായിരുന്നു. എന്നാൽ ദൈവം അത് ആദരിച്ചു ഫലകരമായ ശുശ്രൂഷയാണ് നൽകിയത്.

> **പുതിയ നൂറ്റാണ്ടിൽ നാം വിനിമയം ചെയ്യുന്ന സുവിശേഷം മാറ്റമില്ലാത്തതെങ്കിലും സാഹചര്യം മാറിക്കൊണ്ടിരിക്കുന്നതിനാൽ എക്കാലത്തും നിലനില്ക്കുന്ന ദൈവരാജ്യ മൂല്യങ്ങളും മെച്ചപ്പെട്ട സ്വഭാവഗുണവും ഊന്നൽ ലഭിക്കേണ്ട ഘടകങ്ങളാണ്.**

ജനങ്ങൾ ഇതുവരെ കേട്ടിട്ടുള്ളതിലേക്കും ഏറ്റവും സന്തോഷകരമായ വാർത്തയായി സുവിശേഷസന്ദേശത്തെ ഗ്രഹിക്കുവാൻ ഇടവരുത്തുന്നതാണല്ലോ സുവിശേഷ വിനിമയത്തിന്റെ പ്രഥമ വഴി. ത്യാഗമനോഭാവത്തോടുകൂടി മലബാർ പ്രദേശങ്ങളിൽ ചുറ്റി നടന്ന് ജനങ്ങളുമായി സമ്പർക്കം പുലർത്തി അവരിലേക്ക് യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവ സ്നേഹം പകരുവാൻ ഇടയായത് പ്രസ്തുത വേലയുടെ അടിസ്ഥാനം മലബാറിൽ തന്നെ ഉറപ്പിക്കുവാൻ സാധിച്ചു. നിലമ്പൂർ കേന്ദ്രമാക്കി മലബാർ പ്രദേശമെങ്ങും സന്ദേശ വാഹകരെ അയക്കുവാനുള്ള സംവിധാനം ഒരുക്കിയത് പ്രവർത്തകരോടുകൂടി ഒരുമിച്ചു പ്രസ്തുത പ്രദേശങ്ങളിലൂടെയെല്ലാം സഞ്ചരിച്ചും ജീവിച്ചും കൊണ്ടായിരുന്നു. വേലസ്ഥലത്തെ ആവശ്യങ്ങളും പ്രശ്നങ്ങളും നേരിൽ കണ്ട് കൂട്ടുവേലക്കാർക്കു തക്കതായ ആലോചനകൾ നൽകുവാൻ അച്ചനു സാധിച്ചു. ദൈവത്തെ പ്രസ്തുത ഇടങ്ങളിലേക്ക് കൊണ്ടെത്തിക്കുന്ന ശുശ്രൂഷയാണെങ്കിലും, ദൈവം അച്ചനേയും സഹപ്രവർത്തകരേയും പ്രസ്തുത ഇടങ്ങളിലേക്കു കൊണ്ടുപോകുകയായിരുന്നു. അപ്രകാരം ദൈവം അവരെ ജനങ്ങളുടെ ഇടയിലേക്കു കൊണ്ടുപോയതിനാൽ കഴിഞ്ഞ കാലചരിത്രത്തിൽ ദൈവത്തിന്റെ പ്രവർത്തനമാണ് കാണുവാൻ കഴിയുന്നത്. ദൈവം തന്റെ വേലക്കായി സമർപ്പിക്കപ്പെട്ട വ്യക്തികളെ വിളിക്കുന്നു, അവർ ദൈവത്താൽ ഒരുക്കപ്പെടുന്നു. ദൈവം അവരെ ഉപയോഗിക്കാവുന്ന മാനപാത്രങ്ങളാക്കിതീർക്കുകയും ചെയ്യുന്നു. സുവിശേഷസന്ദേശം സ്വാഗതം ചെയ്യത്തക്കവിധം ജനഹൃദയങ്ങളെ ഒരുക്കുന്നതും ദൈവം തന്നെ. ദൈവത്താൽ ഒരുക്കപ്പെട്ട ജനങ്ങളുടെ മദ്ധ്യത്തിലേക്ക് ദൈവകരങ്ങളാൽ രൂപപ്പെട്ട വേലക്കാരെ ദൈവം ഉപയോഗിക്കുന്നു. ഇപ്രകാരമുള്ള ഒരുക്കപ്പെടലും ഉപയോഗവും നടക്കുന്നതിന്റെ പിന്നിൽ ദൈവജനങ്ങളുടെ പ്രാർത്ഥനാ പിൻബലം എന്നത് ഒരു പ്രധാന ഘടകമാകുന്നു. മലബാർ ബൈബിൾ ഫെലോഷിപ്പിനെ ഓർത്ത് ക്രമമായി പ്രാർത്ഥിക്കുകയും പ്രസ്തുത വേലയോടു സഹകരിക്കുകയും ചെയ്യുന്ന വിശ്വസ്തരായ പ്രാർത്ഥനാ സഹകാരികളേയും കണ്ടെത്തുവാൻ അച്ചനുകഴിഞ്ഞത് ഈ വേലയുടെ ഒരു മുതൽകൂട്ടാണ്. മാത്രമല്ല അപ്രകാരമുള്ള വിശ്വാസികൾക്ക് മിഷനറി പങ്കാളിത്തം കൂടിലഭിക്കുവാൻ ഈ വേലയോടുള്ള സഹകരണം ഇടവരുത്തിയിട്ടുണ്ട്. മറ്റു പല ഇടങ്ങളിലേക്കും സഭകളിൽകൂടെയും മിഷനറിമാരിൽ കൂടെ



# To God be the glory!

SAFIA MIRZA, Secunderabad.



To God be the glory! that is what I can say every time I think of Bible Fellowship centre, Nilambur. The Lord blessed me richly through Pas. P.P. Thomas and his beautiful family and church both in 1997 and 1999 when I was invited to speak at the Annual convention.

Today, it gives me great joy to write these few lines of greating in the name of our Lord and saviour, Jesus Christ. Like the apostle Paul, who always praised and thanked God for the churches, we likewise can do the same for M.B.F.

May God's hand of blessing, growth and fruit fulness be upon this church till His coming! Amen!

■■

യും സംഘടനകളിൽ കൂടെയും സുവിശേഷ വേലക്കായി പോകുവാൻ യുവജനങ്ങളെ ആഹ്വാനം ചെയ്യുന്നതിനുള്ള ഉപാധിയായും മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ പ്രവർത്തനം സാധിച്ചിട്ടുണ്ട്.

പലവിധ തെറ്റിദ്ധാരണകൾ ജനങ്ങളുടെയിടയിൽ പ്രചരിച്ചിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ സുവിശേഷം മൂലം വ്യക്തികളിലും സമൂഹങ്ങളിലും ഉണ്ടാകുന്ന സ്വഭാവ മഹിമ വർദ്ധിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ പ്രവർത്തകരുടെയും പ്രവർത്തനത്തിൻേറയും ഗുണമേന്മ വിലയിരുത്തുകയും വേണ്ടിയിരിക്കുന്നു. പ്രവർത്തകരുടെ ജീവിത ശൈലിയും സ്വാഭാവീകമായി അവരിൽ നിന്നും ഉണ്ടാകുന്ന പ്രതികരണങ്ങളും വീക്ഷിച്ചുകൊണ്ട് പൊതുജനങ്ങൾ നമ്മുടെ പ്രവർത്തനങ്ങളെയെല്ലാം വിലയിരുത്തുന്നു. സുവിശേഷത്തിൻെറ മാഹാത്മ്യം എത്രവലുതെന്നും നാം വാദപ്രതിവാദങ്ങളിലൂടെ അല്ല സ്വഭാവഗുണമുള്ള ജീവിത ശൈലിയിലൂടെയും ഗുണമേന്മയുള്ള പ്രവർത്തനങ്ങളിലൂടെയുമാണ് സമർത്ഥിക്കുന്നത്. ചന്ദനത്തടിയുടെ സുഗന്ധവും ചീഞ്ഞമുട്ടയുടെ ദുർഗന്ധവും എപ്രകാരമെന്നുള്ളത് സമർത്ഥിക്കുവാൻ വാദപ്രതിവാദങ്ങളുടെ ആവശ്യം വേണ്ടിവരുന്നില്ലല്ലോ. പുതിയ നൂറ്റാണ്ടിൽ നാം വിനിമയം ചെയ്യുന്ന സുവിശേഷം മാറ്റമില്ലാത്തതെങ്കിലും സാഹചര്യം മാറിക്കൊണ്ടിരിക്കുന്നതിനാൽ എക്കാലത്തും നിലനില്ക്കുന്ന ദൈവരാജ്യ മൂല്യങ്ങളും മെച്ചപ്പെട്ട സ്വഭാവഗുണവും ഊന്നൽ ലഭിക്കേണ്ട ഘടകങ്ങളാണ്.

നാം ദൈവ രാജ്യദർശനത്തോടു കൂടിയാണ് സുവിശേഷീകരണത്തിൽ പങ്കാളിത്തം വഹിക്കുന്നത്. ജീവിത ലക്ഷ്യം തന്നെ ദൈവരാജ്യമായെങ്കിൽ മാത്രമെ പ്രസ്തുത ദർശനത്തോടുകൂടി സുവിശേഷീകരണവും ഇതര ശുശ്രൂഷകളും നിവർത്തിക്കുവാൻ കഴികയുള്ളൂ. ദൈവരാജ്യ ശിശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ജീവിതത്തെ അവരുടെ സ്വഭാവ മഹിമ സംബന്ധിച്ചും വേലയുടെ ഫലത്തൊടൊപ്പം വിലയിരുത്തേണ്ടിയിരിക്കുന്നു. നമുക്ക് ദൈവത്തോട് എത്രമാത്രം സ്നേഹമുണ്ട് എന്നുള്ളതാണ് ദൈവത്തിനു വേണ്ടി വളരെയധികം വേലകൾ ചെയ്തു കൂട്ടുന്നതിനേക്കാൾ പ്രധാനമായിട്ടുള്ളത്. എത്രമാത്രം ത്യാഗം സഹിക്കുവാൻ നാം സന്നദ്ധരാണെന്ന് മനസ്സിലാകുമ്പോൾ നമ്മുടെ അവസ്ഥയെകുറിച്ച് ബോധവാന്മാരാകും. കർത്താവിൻെറ പരസ്യ ശുശ്രൂഷക്കാലത്തു കേവലം രണ്ടുകാശ് മാത്രം ദൈവാലയത്തിലെ ഭണ്ഡാരത്തിൽ ഇട്ടതിനെകുറിച്ചു പറഞ്ഞത് തുകയുടെ കുറവല്ലല്ലൊ. എത്രമാത്രം ത്യാഗം പ്രസ്തുത തുകയുടെ പിന്നിൽ ഉണ്ടായിരുന്നു എന്നുള്ളതാണല്ലോ. നാം ഇന്ന് വിവിധ വേലകളിൽ പങ്കാളിത്തം വഹിക്കുമ്പോൾ എത്രമാത്രം ത്യാഗം അതിലുണ്ടെന്നു പരിശോധിക്കുന്നത് നമ്മെ തന്നെ വിലയിരുത്തുന്നതിന് സഹായകരമായിരിക്കും. [Whether it costs us something] ○○

# JUBILEE MEMORIAL BIBLE COLLEGE

21, AERIKARAI STREET, URAPPAKKAM, P. O. CHENGALPET
CHENNAI, TAMIL NADU- 603202 PHONE (04114) 65482



**Rev. Dr. C. V. Mathew**
Principal.

Dear Atchen & All the Brothers and Sisters of the MBF,

Hearty Congratulations on having completed twenty - five years of fellowship and service. In obedience to the call and commission from our Lord you stepped out into the world as a Fellowship to proclaim the Good News of Jesus Christ and invite many to come to the One who gives peace, joy and eternal life. I am very happy to know that the Lord remained faithful to you for the last 25 years and you remained obedient to Him. I rejoice with you and participate in your celebrations of God's faithfulness.



In a culture of hatred, discrimination and violence we have a wonderful message and a life style in Jesus Christ to offer to the this world of ours — a message of love and salvation and a lifestyle of fellowship and unity. It is my prayer that the Malabar Bible Fellowship would continue to strive to excel in propagating this good news and living out this lifestyle in the years to come. *I Corinthians 15 : 58.*

*With sincere wishes and earnest prayers,*
*In the common service of our Lord Jesus Christ*
*Your fellow Brother,*
**C. V. Mathew**

# ST. THOMAS EVANGELICAL CHURCH OF INDIA

A/810 Usha Nagar, Bhandup, Mumbai - 400 078. Tele : 5685975

Dear Achen and Friends,

It is a great pleasure to greet the Malabar Bible Fellowship members and families at Mukkatta, Nilambur on the occasion of the Silver Jubiliee year of the Fellowship.

The Lord has been merciful to keep the Bible Fellowship at Mukkatta growing in spite of the various problems faced during the past years. Rev. P.P. Thomas's able leadership, guidance, active participation, and labour helped the Bible Fellowship to be blessed in many ways. We had the privilege to have Rev. P.P. Thomas with us in the years 1963 to 1967 as the Vicar of our Church. During his tenure we enjoyed his fellowship by way of spiritual and gospel work. He was a guide to many to grow spiritually. There was a small group of Evangelicals in this city in 1964. Now we have seven partishes in this big city. So Achen's active participation and interest in Evangelical Work cannot be forgotten. Where ever he be, his vision and mission will go together.

We had the privilege to co-operate with work of MBF and few of our members made occasional visits during the last twenty - five years. A small start has been blessed abundantly and we are thankful to our Lord for the work. We, the members of the Bhandup parish remember you and wish you all success in the coming years to stand for Christ in the Malabar region. May God's richest blessings in Christ Jesus be yours.

*Yours in Christ,*

**MATHEW. T. VARGHESE**

SECRETARY.

■■

# CHURCH OF SOUTH INDIA

THE NORTH KERALA DIOCESAN EDUCATIONAL AGENCY



**The Rev. R. J. MATHEWS**
CORPORATE MANAGER OF
ALL C.S.I. SCHOOLS IN MALABAR AND WYNAD
BANK ROAD, CALICUT - 673 001 (Kerala) S. INDIA

കർത്താവിൽ പ്രിയപ്പെട്ട റവ: പി. പി. തോമസ്,

ക്രിസ്തുയേശുവിന്റെ ധന്യനാമത്തിൽ ആശംസകളും പ്രാർത്ഥനയും ആദ്യമായി നേരുന്നു,

അങ്ങയുടെ നേതൃത്വത്തിൽ മലബാർ മേഖലയിൽ നടത്തപ്പെടുന്ന മലബാർ ബൈബിൾ ഫെലോഷിപ്പിന്റെ വിവിധ ആത്മീക പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

മലബാറിന്റെ വിവിധ ഭാഗങ്ങളിലായി പലരീതികളിലായി നടത്തപ്പെടുന്ന സുവിശേഷ പ്രവർത്തനങ്ങൾ സവിശേഷ പ്രശംസ അർഹിക്കുന്നു.

മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന സമൂഹത്തിലെ യുവതീയുവാക്കളുടെയും വിദ്യാർത്ഥികളുടേയും ഇടയിലേക്കുകൂടി സംഘടനയുടെ പ്രവർത്തനം വ്യാപിപ്പിക്കണമെന്ന് എളിയ അപേക്ഷ അറിയിക്കുന്നു.

ചില ദിവസങ്ങളിൽ ഞങ്ങളുടെ ഇടവകയിൽ ഒരുമിച്ചു പ്രവർത്തിക്കുന്നതിനും അനേകർക്ക് ആത്മീക ഉണർവ്വു നൽകുന്നതിനും സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു.

സിൽവർ ജൂബിലി ആഘോഷിക്കുന്ന മലബാർ ബൈബിൾ ഫെലോഷിപ്പിന് സകലവിധ ആശംസകളും നേരുന്നു.

എല്ലാ ആവശ്യങ്ങളും നിറവേറ്റപ്പെടട്ടെ.

എല്ലാ തടസ്സങ്ങളും നീക്കപ്പെടട്ടെ

എല്ലാ ഹൃദയങ്ങളും യേശുനാഥനായി തുറക്കപ്പെടട്ടെ.

*പ്രാർത്ഥനയോടും, സ്നേഹത്തോടും കൂടി*

ആർ. ജെ. മാത്യൂസ്

# മലബാറും പ്രേഷിത വൃത്തിയും

റവ. ഡോക്ടർ ജെ. സി. കൂരാടാമണ്ണിൽ

**പ**ണ്ടത്തെ തിരുവിതാംകൂർ കൊച്ചി മലബാർ പ്രദേശങ്ങൾ ഇന്നു കേരളമാണ്. മൂന്ന് ഇടങ്ങളിലും വ്യത്യസ്ത നാണയങ്ങളും തപാൽസ്റ്റാമ്പുകളും അനതിവിദൂര ഭൂതകാലത്തും ഉപയോഗത്തിലിരുന്നു. തോമാശ്ലീഹായുടെ കാലം മുതൽ ക്രിസ്ത്യാനികളായിരുന്നുവെന്ന് അവകാശപ്പെടാറുള്ള തിരുവിതാംകൂർ നസ്രാണികൾ ഭാരതപ്പുഴയ്ക്ക് വടക്കോട്ടോ, സഹ്യാദ്രിക്കു കിഴക്കോട്ടോ സുവിശേഷവുമായി കടന്നുപോകാൻ ഉത്സഹാം കാട്ടിയിരുന്നില്ല.

മഹാമിഷനറിയുഗമായിരുന്ന 19-ാം നൂറ്റാണ്ടിൽ 'കോമിറ്റി' എന്നറിയപ്പെടുന്ന അന്തർദേശീയ ധാരണ പ്രകാരം സി.എം.എസ്., എൽ.എം.എസ്., ബി.ഇ.എം എന്നീ യുറോപ്യൻ മിഷനറി സംഘങ്ങൾ വിവിധഭാഗങ്ങളിൽ സുവിശേഷഘോഷണം ആരംഭിച്ചു. അവരുടെ ശ്രമഫലമായി 1829-ൽ പുതിയ നിയമവും 1840-ൽ ആകമാന ബൈബിളും മലയാളത്തിൽ സംലഭ്യമായത് പുരോഗതിയലേക്കുള്ള വലിയൊരു കാൽവയ്പായിരുന്നു. ഗുണ്ടർട്ട്, സാമുവൽ ഹെബിക്, ബെയ്‌ലി, ബേക്കർ, റിങ്കിൾറ്റോ ബേപ്രഭൃത്രികൾ ദീർഘവീക്ഷണമുള്ള മിഷനറി രാജ്യതന്ത്രജ്ഞരായിരുന്നു. വീണ്ടും ഒരു നൂറ്റാണ്ടു കഴിഞ്ഞാണ് മലബാറിലേക്കുള്ള കുടിയേറ്റം ആരംഭിച്ചത് 1940-ൽ കോഴിക്കോട്ടുപട്ടണത്തിൽ സുറിയാനിക്കാരുടെ എണ്ണം അംഗുലിപരിമിതമായിരുന്നു. കൂടുതൽ ആളുകളെ കുടിയേറ്റത്തിനു പ്രേരിപ്പിച്ചവരിൽ അഗ്രഗാമിയായിരുന്ന ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പ. ദിവ്യശ്രീമാന്മാർ പി. ജോൺ വർഗീസ് പി. ഐ. മത്തായി, ജെ. ജോസഫ് എന്നിവരും മുന്നോടിഗണത്തിൽ പെടും.

> 'നൂറ് പുഷ്പങ്ങൾ വിരിയട്ടെ' എന്ന ചൈനീസ് കമ്മ്യൂണിസ്റ്റാചാര്യൻെറ വീക്ഷണം പോലെ വിശാലമായിരിക്കണം മിഷൻ പ്രവർത്തനങ്ങളുടെ നേരെ നമ്മുടെ വിഷണം.

1950 കളുടെ ഉത്തരാർദ്ധത്തിൽ ഈ ലേഖകൻ കോഴിക്കോടുകേന്ദ്രമാക്കി വടക്കേമലബാറിൽ ഏഴോളം ഇടവകകളിൽ ശുശ്രൂഷ നിർവഹിക്കുന്ന കാലത്ത്, നിലമ്പൂരിലും, ഗൂഡല്ലൂരിലും മാത്രമായിരുന്നു പട്ടക്കാരുടെ ആസ്ഥാനം. കോഴിക്കോട്ടെ രണ്ടു വ്യവസായ പ്രമുഖരുമായി പുല്ലഞ്ചേരി സന്ദർശിച്ചപ്പോൾ ചാപ്പലിൽ കുരിശിൻെറ അഭാവം ശ്രദ്ധിച്ച്, 'നല്ലൊരു കുരിശു തന്നാൽ ശ്രോണോസിന്മേൽ വയ്ക്കാമോ എന്നു ചോദിച്ചതും, "കുരിശല്ലേ, കഴുത്തേൽ കെട്ടിയിട്ടോളാൻ പറ" എന്നു പ്ലാവുങ്കൽ അച്ചൻ തിരച്ചടിച്ചതും മങ്ങാതെ സ്മരണയിലുണ്ട്.

എരിയുന്നതിലൂടെയാണല്ലോ തീയുടെ നിലനില്പ്. ആദിമ സഭസംഘാടനാബലത്തിൽ ശുഷ്കമായിരുന്നെങ്കിലും പൗലോസിൻെറയും ശേഷം അപ്പോസ്തലന്മാരുടേയും ആന്തരിക നിർബ്ബന്ധത്താൽ സുവിശേഷഘോഷണത്തിൽ വ്യാപൃതരായി.... അധികം പേരെ നേടേണ്ടതിന് എല്ലാവർക്കും ദാസരായി... ഏതു വിധത്തിലും ചിലരെ രക്ഷിക്കേണ്ടതിന് എല്ലാവർക്കും എല്ലാമായിതീർന്നു. (1 കൊരി: 9 : 16, 19, 22) തന്മൂലം പീഡനത്തിൽ തളരാതെ സഭവളർന്നു. സംഗതിവശാൽ ചിതറിപോയവർ അവിടവിടെ സാക്ഷ്യം തുടർന്നു. ആ സത്വരതാബോധം നഷ്ടപ്പെടുന്നതിനാൽ ആധുനിക സഭ വളർച്ചമുരടിച്ചിരിക്കുകയാണ്. അരനൂറ്റാണ്ടുമുമ്പ് ക്രിസ്ത്യാനികളുടെ ദേശീയ സാന്ദ്രത 3% ൽ താഴെയായിരുന്നു. ഇന്നും അതു അങ്ങനെ തന്നെ.

അരാം സൈന്യം ശമര്യയിൽ ഉപരോധം ഏർപ്പെടുത്തിയതിനെ തുടർന്ന് കൊടുംപട്ടിണിയിലായ നാലു കുഷ്ഠ രോഗികൾ ജീവനെ പണയപ്പെടുത്തി അരാം പാളയത്തിൽ നുഴഞ്ഞുകയറി. രഥങ്ങളുടേതുപോലുള്ള ശബ്ദം കേട്ട് സൈന്യം ഓടിപ്പോയിരുന്നതിനാൽ, കുഷ്ഠരോഗികൾക്ക് മൃഷ്ടാന്ന്യ ഭോജനവും പൊന്നും വസ്ത്രങ്ങളും കൂടാരങ്ങളിൽ നിന്നുലഭിച്ചു. അപ്പോൾ അവർതമ്മിൽ : "നാം ചെയ്യുന്നതു ശരിയല്ല. ഇന്നു സദ്വർത്തമാന ദിവസമല്ലേ ; നാമോ മിണ്ടാതിരിക്കുന്നു. പുലരുംവരെ താമസിച്ചാൽ നമുക്കു കുറ്റം വരും. ആകയാൽ വരുവിൻ; നാം ചെന്നു രാജധാനിയിൽ അറിവുകൊടുക്ക എന്നു പറഞ്ഞു. (11 രാജാ : 7: 9).

രക്ഷയ്ക്കു പര്യാപ്തമായ ദൈവവചനം കേൾക്കുവാൻ അവസരം ലഭിക്കാത്തവരോട് അത് അറിയിക്കുന്നതിനുള്ള ഉള്ളുരുക്കമാണ് മിഷൻ പ്രസ്ഥാനങ്ങളുടെ സ്രോതസും ചാലകശക്തിയും. വിസ്മൃത മേഖലയായ ദക്ഷിണ വയനാട് ഇന്നു വിവിധ മിഷ

നരി പ്രസ്ഥാനങ്ങളുടെ വയലാണ്. പി. പി. തോമസച്ചൻെറ ചുമതലയിൽ മലബാർ ബൈബിൾ ഫെലോഷിപ്പ് സ്തുത്യർഹമായ ശുശ്രൂഷകളാണ് നിർവഹിക്കുന്നത്. 'നൂറ് പുഷ്പങ്ങൾ വിരിയട്ടെ' എന്ന ചൈനീസ് കമ്മ്യൂണിസ്റ്റാചാര്യൻെറ വീക്ഷണം പോലെ വിശാലമായിരിക്കണം മിഷൻ പ്രവർത്തനങ്ങളുടെ നേരെ നമ്മുടെ വീഷണം. വിഭിന്ന സാമുദായിക പശ്ചാത്തലത്തിൽ നിന്നുള്ളവർ ഫെലോഷിപ്പിൻെറ കൊടിക്കീഴിൽ അണിചേർന്നിട്ടുള്ളത് സ്ഥാപകനേതാവ് തോമസച്ചൻെറ തൊപ്പിയിൽ വർണ്ണപൊലിമയുള്ള തൂവൽ ചാർത്തുന്നു. പരിമിത ബജറ്റിൽ വ്യാപകമായ ഒരു മേഖലയിൽ സുവിശേഷകരേയും സേവിനിമാരെയും നിയോഗിച്ച്, പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പുരോഗമിക്കുന്നത് തികച്ചും ശ്രമകരമാണ്.

വർഷം തോറും ക്രമമായി നടത്തിവരുന്ന മിഷനറികൺവൻഷനുകളും, സഹകാരികളുടെയും, സുഹൃത്തുക്കളുടെയും ബോധവത്കരണത്തിനുതകുന്ന ന്യൂസ് ബുള്ളറ്റിനും, മുക്കട്ടയിലെ മിഷൻ പരിശീലനകേന്ദ്രവും ലൈബ്രറിയും അദ്ദേഹത്തിൻെറ ക്രാന്തദർശിത്വത്തിൻെറയും, ആസൂത്രണ വൈഭവത്തിൻെറയും പ്രതീകങ്ങളാണ്. വാർഷിക പരിപാടികളിൽ ഒന്നിലധികം പ്രാവശ്യം ശുശ്രൂഷിക്കുവാനും സഹകരിക്കുവാനും ഇടയായത് ഈ ലേഖകൻെറ ഹൃദയാന്തരാളത്തിൽ സന്തുഷ്ടമായ അനുരണനങ്ങൾ ഉറവക്കണ്ണിപോലെ പൊന്തിവരുവാൻ ഇടനല്കിയിട്ടുണ്ട്. തിരുവല്ലാ നവജീവോദയത്തിൽ എൻെറ അദ്ധ്യേതാക്കളായിരുന്ന ചിലർ മലബാർ ബൈബിൾ ഫെലോഷിപ്പിലെ പ്രവർത്തകരാണെന്ന കാര്യം വൈയക്തികമായി ചാരിതാർത്ഥ്യദായകമാണ്.

വിശ്വാസം കേഴ്വിയാലും, കേഴ്വിവചന ഘോഷണത്തിലൂടെയും ആണല്ലോ. സുവിശേഷ വിഹിതക്കാരെന്നു സ്വയം കരുതുന്ന സഹോദര വൃന്ദമേ, ജീവന്റെ സുവിശേഷം ജാതികൾക്കും എത്തിക്കുന്ന കാര്യം, വേറെ ആരുടെയോ ചുമതല എന്ന പോലെ നിസംഗത പുലർത്തുവാൻ നമുക്കു ന്യായമില്ല. കർത്താവിൻെറ നാമം വിളിച്ചപേക്ഷിച്ച് രക്ഷാവലയത്തിൽ ജാതികൾ കടന്നുവരുവാൻ ഇടയാകണമെങ്കിൽ കേട്ടവരായ നാം വചനം ഘോഷിക്കണം. വയോജന വിദ്യാഭ്യാസത്തിൻെറ സാദ്ധ്യതയെപ്പറ്റി ബോധവാനായ ഫ്രാങ്ക് ലേബകം വെല്ലുവിളിയോടുകൂടിയ ഒരു മുദ്രാവാക്യം സത്ജനങ്ങൾക്കു നല്കി: Each one teach one' അതിനു നാം തയ്യാറായാൽ ആർപ്പോടെ കൊയ്യുവാൻ ഇടയാകും.

ഷിക്കാഗോയിലെ സയൻസ് ആൻഡ് ഇൻഡസ്ട്രി മ്യൂസിയത്തിൽ മോടിയോടെ പ്രദർശിപ്പിക്കുന്ന ഒരു ഉദ്ഭാസം (display) ഉണ്ട്. സമചതുരങ്ങളുള്ള ഒരു ചെക്ക് ബോർഡിൻെറ ഒന്നാം കളത്തിൽ ഒന്ന് രണ്ടിൽ രണ്ട്, മൂന്നിൽ നാല്, നാലിൽ എട്ട്, അഞ്ചിൽ പതിനാറ് അടുത്തതിൽ 32, 64 ഈ ക്രമത്തിൽ ധാന്യമണികൾ വയ്ക്കുക. ബോർഡിൽ ശ്രദ്ധേയമായ ഒരു ചോദ്യമുണ്ട്. "ഈ ക്രമത്തിൽ ഇരട്ടിച്ചുതുടർന്നാൽ 64-ാം ചതുരത്തിൽ എത്ര ധാന്യങ്ങളുണ്ടായിരിക്കും?" കൗതുകത്തിനു അറുതിവരുത്തുവാൻ ഒരു ബട്ടണമർത്തുവാൻ നിർദ്ദേശമുണ്ട്. 'ഒമ്പത് സെക്സ്റ്റീലിയൻ' എന്നാണ് ഉത്തരം. (U.K. യിലെ താരിപ്പിൽ ദശലക്ഷത്തിൻെറ ആറുപെരുക്കങ്ങൾ i.e. അക്കത്തിനുശേഷം 36 പൂജ്യങ്ങളും, അമേരിക്കൻ താരിപ്പിൽ അക്കത്തിനു ശേഷം 21 പൂജ്യങ്ങളും ആണ് ഒരു സെക്സ്റ്റിലിയൻ.

ഭൂലോകത്തിൻെറ അതിർത്തിയോളം പോയി ജാതികളെ ശിഷ്യരാക്കുവാനുള്ള നിയോഗം എല്ലാവർക്കും നല്കിയിരിക്കുന്നു. ആർ എനിക്കുവേണ്ടി പോകും? (യോശ : 6 : 8) എന്ന് ഉത്ഥിതനായ ക്രിസ്തു അന്വേഷിക്കുന്നു. "അടിയനെ അയയ്ക്കേണമേ എന്നു നമുക്കു പ്രതികരിക്കാം. മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ പ്രയത്നം 100 മേനിയായി വർദ്ധിക്കുവാൻ പ്രാർത്ഥിക്കുക; സഹകരിക്കുക.

■■



സ്നാനത്തിനുമുൻപുള്ള പ്രാർത്ഥനാ ശുശ്രൂഷ
(ബൈബിൾ ഫെലോഷിപ്പ് സെന്റർ, നിലമ്പൂർ)

# ദൈവകരങ്ങളിൽ അമർന്നിരുന്നപ്പോൾ

*"സൈന്യങ്ങളുടെ യഹോവ നിർണ്ണയിച്ചിരിക്കുന്നു.*
*അത് ദുഃർബലമാക്കുന്നവനാർ?*
*അവൻെറ കൈ നീട്ടിയിരിക്കുന്നു. അത് മടക്കുന്നവനാർ?"*

**കെ. ഇ. ജോൺ**
എഡിറ്റർ, ട്രൈബൻ ന്യൂസ്

മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ ജൂബിലി സമ്മേളനം നടക്കുവാൻ പോകുന്നു എന്ന് അറിഞ്ഞപ്പോൾ ഞങ്ങൾ കുടുംബമായി സന്തോഷിച്ച് ദൈവത്തെ സ്തുതിച്ചു. എം.ബി.എഫിൽക്കൂടി ദൈവം അത്ഭുതങ്ങൾ പ്രവർത്തിച്ചതായ അനേക സന്ദർഭങ്ങളിൽ ഞങ്ങൾക്കും കുടുംബമായി അതിൽ ഭാഗഭാക്കുകളാകുവാൻ അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. കഴിഞ്ഞകാലങ്ങളിൽ ദൈവകരങ്ങളിൽ ആരെല്ലാം അമർന്നിരിന്നിട്ടുണ്ടോ, അവരെ ദൈവം ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. അതിനോടുള്ള ബന്ധത്തിൽ ഇത് തികച്ചും ഒരു വിശ്വാസ പ്രസ്ഥാനമാണന്ന് ധൈര്യമായി പറയാൻ സാധിക്കും. ഓരോ ആവശ്യങ്ങളും മുമ്പിൽ വരുമ്പോൾ ദൈവത്തിൻെറ കണ്ണിലേക്ക് നോക്കുക കർത്താവിൽ നിന്ന് വാങ്ങി ഉപയോഗിക്കുക. ആദ്യമായി ഒരു ടേപ്പുറെക്കോർഡറിനുവേണ്ടി പ്രാർത്ഥിച്ചത് ഞങ്ങൾ ഇന്നും ഓർക്കുന്നു. കർത്താവ് തന്നു. തുടർന്നു സഭാഹോൾ, മൈക്ക്, വാഹനം, പാഴ്സനേജ്, ബൈബിൾ സ്കൂൾ ആദിയായത് എല്ലാം ഒന്നിനുപുറകേ ഒന്നായി കർത്താവ് തന്നു. വേലയുടെ ആവശ്യത്തിലേക്കായി ഒരുവാഹനം കർത്താവു തന്നപ്പോൾ അനേക ദൈവമക്കൾ നിറഞ്ഞ കണ്ണുകളോടെ അതിനു ചുറ്റുംനിന്ന് ദൈവത്തെ സ്തുതിച്ച് വേലക്കായി വേർതിരിച്ചു. സുവിശേഷവേലക്ക് ആവശ്യമായ ഭൗതീക നന്മകൾ മുഴുവൻ ലഭിച്ചാലും സുവിശേഷപ്രവർത്തനം മുമ്പോട്ടു പോകണമെന്നില്ല. ആയതിലേക്ക് പ്രതിഷ്ഠിക്കപ്പെട്ട വേലക്കാരാണ്



❖❖

<u>ഓരോ ആവശ്യങ്ങളും മുമ്പിൽ വരുമ്പോൾ ദൈവത്തിൻെറ കണ്ണിലേക്ക് നോക്കുക കർത്താവിൽ നിന്ന് വാങ്ങി ഉപയോഗിക്കുക. ആദ്യമായി ഒരു ടേപ്പുറെക്കോർഡറിനു വേണ്ടി പ്രാർത്ഥിച്ചത് ഞങ്ങൾ ഇന്നും ഓർക്കുന്നു. കർത്താവ് തന്നു. തുടർന്നു സഭാഹോൾ, മൈക്ക്, വാഹനം, പാഴ്സനേജ്, ബൈബിൾ സ്കൂൾ ആദിയായത് എല്ലാം ഒന്നിനുപുറകേ ഒന്നായി കർത്താവ് തന്നു.</u>

❖❖

ആവശ്യം. പ്രാർത്ഥനക്ക് ഉത്തരമായി സുവിശേഷവേലക്ക് വിളിയും ദർശനവുമുള്ള ചെറുപ്പക്കാരെ ദൈവം എഴുന്നേല്പിച്ചു. സുവിശേഷ വേല എന്താണന്നും അത് എപ്രകാരം ചെയ്യണമെന്നും, വിശുദ്ധിയും ത്യാഗവും അതിൻെറ പിന്നിൽ അത്യന്താപേക്ഷിതമാണന്നും അനുഭവിച്ചറിയുവാൻ അവർക്ക് ധാരാളം അവസരം ലഭിച്ചിട്ടുണ്ട്. അവരിൽ മിക്കപേരും ഇന്ന് വിവിധ നിലകളിൽ ദൈവകരങ്ങളിൽ പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്നു. അവരെ ഓർത്ത് ദൈവത്തെസ്തുതിക്കുന്നു.

ബഹുമാനപ്പെട്ട പി. പി. തോമസ്സച്ചനെ കുടുംബമായി മലബാറിലെ പ്രവർത്തനത്തിൻെറ മുന്നോടിയായി ദൈവം നിലമ്പൂരിലേക്ക് അയച്ചു. മലബാറിന്റെ ആത്മീയ നിലവാരത്തെക്കുറിച്ചുള്ള ഒരു വിശാല മായ കാഴ്ചപ്പാട് വലിയവനായ ദൈവം അച്ചനു കൊടുത്തു. മത്തായി എന്നോ ചാക്കോ എന്നോ, തോമസ്സ് എന്നോ ഉള്ള ക്രിസ്തീയ നാമങ്ങൾ ഒന്നുപോലും ഇല്ലാത്ത പഞ്ചായത്തുകൾ മലബാറിൽ ഉണ്ട് എന്നുള്ള കാര്യം പ്രസംഗമദ്ധ്യേ അച്ചൻ സൂചിപ്പിച്ചത്, എനിക്കും എന്നേപ്പോലെയുള്ളവർക്കും ഒരു പുതിയ അറിവ് ആയിരുന്നു. മുന്നണിപ്പോരാളികളോടൊപ്പം അനേക സന്ദർഭങ്ങളിൽ സുവിശേഷവേലക്കുവേണ്ടി യാത്ര ചെയ്തപ്പോൾ ഇത് ഒരു യാഥാർത്ഥ്യമാണന്ന് എനിക്കും മനസ്സിലാക്കുവാൻ സാധിച്ചു. ബഹു:അച്ചന് ദൈവം നല്കിക്കൊടുത്ത, കാര്യങ്ങൾ എല്ലാം കർത്താവിൻെറ വേലയെ സ്നേഹിച്ച്, ചെലവിടുവാനും ഏല്പിച്ചു



**The Very Rev. P. T. Chandapilla**

45 A/IA Sommath Nagar
Nagar Road, Poona - 411014

## MESSAGE

It is a special joy to know that you are completing the Silver Jubilee of the Malabar Bible Fellowship of Nilambur. You did a very good job of entering into the great commission of our Lord in those difficult regions of North Kerala. As you fathfully served the Holy spirit clearly encouraged you with fruits of discipleship

Now a new beginng is before you. May you find Timotties and Tituses to carry on the ministry as your steps become slowen.

Wishing you God's best for years ahead and praying for greater victories. May God from heaven protect and provide in every way.

**The very Rev. P. T. Chandapilla.**

കൊടുക്കുവാനും കുടുംബമായിഅവർക്ക് സാധിച്ചു. അനേക പ്രയാസ പ്രതികൂലസാഹചര്യങ്ങളിൽ കൂടെ അച്ചൻ കുടുംബമായി കടന്നുപോകേണ്ടി വന്നു. എന്നാൽ മുഖത്തെ പുഞ്ചിരിയും, സന്തോഷവും മാഞ്ഞുപോകാതെ അവരെ ദൈവം സൂക്ഷിച്ചു.

എം.ബി.എഫിൻെറ വേല മുഖാന്തിരം ജാതികളിൽ നിന്നും രക്ഷിക്കപ്പെടുന്ന പ്രീയപ്പെട്ടവരെ സ്നാനപ്പെടുത്തി അതതുസ്ഥലങ്ങളിൽ ആരാധനയും കൂട്ടായ്മയും കൊടുത്തു വരുന്നു. "എന്നെമാനിക്കുന്നവനെ ഞാൻമാനിക്കും" എന്നുള്ള ദൈവവ്യവസ്ഥ പ്രകാരം ദൈവം അച്ചനെ മാനിച്ചു. അനേക ആത്മാക്കളെ കർത്താവു കൊടുത്തു. കൂട്ടുവേലക്കാരെ കൊടുത്തു. മുഴുസമയവും പ്രവർത്തിപ്പാൻ വേലക്കാരെ കൊടുത്തു. ഭൗതീകമായും ദൈവം അച്ചനെ മാനിച്ചു.

ഏതു സുവിശേഷ പ്രസ്ഥാനവും അഭിവൃദ്ധിപ്പെടുന്നത് സാത്താന് ഇഷ്ടമല്ല. അകത്തുനിന്നും പുറത്തുനിന്നും സാത്താൻ പ്രവർത്തിച്ചു. എന്നാൽ ആരംഭകാലങ്ങളിൽ ഉപയോഗിച്ച പ്രാർത്ഥന എന്ന ആയുധം തന്നെ എടുത്ത് ശത്രുവിനോടു പോരാടി. ചില അവസരങ്ങളിൽ എം.ബി. എഫിൻെറ പ്രവർത്തകരോടൊന്നിച്ച് നിലവിളിപ്പാനുള്ള ദൗത്യം ദൈവം എനിക്കും തന്നു. ജൂബിലി ആഘോഷി ക്കുന്നതിനോടുള്ള ബന്ധത്തിൽ എല്ലാവിധ ആശംസസക ളും ഞങ്ങൾ അർപ്പിച്ചുകൊള്ളുന്നു.

ആകയാൽ എൻെറ പ്രിയസഹോദരന്മാരെ ...... വർദ്ധി ച്ചുവരുന്നവരും ആകുവിൻ: (1 കോരിന്ത്യർ 15-58)

# KURUNALAYA HOSPITAL

(INDIA EVANGELICAL LUTHERAN CHURCH)
Wandoor, Malappuram District, Kerala State, S. India, 679 3228



**Dr. J.C. VIJAYAN,**
Bsc., M.B.B.S., M.S., M.P.H. (USA) FCAMS,
MEDICAL SUPERINTENDENT.

**D**ear Achan,

It is a great joy to know that the activities under the Malabar Bible Fellowship has completed 25 years. We join you in praising God for His blessings that he showered on many people through the sharing of God's Love by you and your Ministry. Let God's Name be Glorified.

The need for sharing God's Love and proclaiming the saving grace of God to the people and expressing the same in social action is of paramount importance today. God's Love for mankind and His concern to give Eternal life to all have to be shared with all as per his command to preach, teach and heal (John 3:16 & Mathew 28:18-20).

It is my hope and prayer that you and your fellowship would continue to keep up the mandate and glorify God's Name more and more in the days ahead.

With prayers.

*Sincerely,*

**Dr. J. C. Vijiayan**

# മലബാറിൽ കർത്താവിന്നായ്...



ഒ. ടി. വർഗീസ്, സെക്രട്ടറി

*" നീ എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ ഞാൻ അവരെയും ലോകത്തിലേക്ക് അയച്ചിരിക്കുന്നു.".*

*" ഇവർക്കുവേണ്ടി മാത്രമല്ല ഇവരുടെ വചനത്തിൽ എന്നിൽ വിശ്വസിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു".*

*യോഹന്നാൻ* : 17: 18, 19

മലബാറിൽ സുവിശേഷം അറിയിക്കേണ്ടതിന്റെ ആവശ്യം മനസ്സിലാക്കി നിലമ്പൂർ സെൻററിലുള്ള പല വിശ്വാസികൾ ഒത്തുകൂടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തു പോന്നിരുന്നു. പല സ്ഥലങ്ങളിലേക്കും വാഹനങ്ങളിൽ യാത്രചെയ്ത്, ജീപ്പുകളും വാനുകളും വാടകയ്ക്ക് എടുത്തു പോയ പ്രായമുള്ളവരോടൊപ്പം മലബാറിന്റെ പല ജില്ലകളിലും പോയി പ്രവർത്തിക്കാൻ എനിക്കും കഴിഞ്ഞു. അങ്ങനെ 1976-77 വർഷത്തിൽ കോഴിക്കോടുജില്ലയിൽ വടകരയ്ക്ക് അടുത്തായി വില്ല്യപ്പള്ളി എന്ന ഗ്രാമത്തിൽ മലബാർ ബൈബിൾ ഫെലോഷിപ്പിന്റെ പ്രഥമ മിഷനറിമാരിൽ ഒരാളായി താമസിച്ച് വേലചെയ്യുവാൻ ഇടയായി. ഞാൻ പഠിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. തുടർന്ന് പഠിക്കാൻ പോയതിനാൽ പ്രവർത്തനത്തിൽ തുടരാൻ കഴിഞ്ഞില്ല. എന്നാൽ ഫെലോഷിപ്പിന്റെ പ്രവർത്തനങ്ങളിൽ സഹകരിച്ചു പോന്നു.

ഞാൻ മലബാർ ബൈബിൾ ഫെലോഷിപ്പിൽ ഒരു മെമ്പറായി ചേർന്നു 1996 - ൽ പ്രവർത്തക സമതിയിലേക്ക് തെരഞ്ഞെടുക്കുകയും സെക്രട്ടറിയായി ചുമതലയേൽക്കുകയും ചെയ്തു. ദൈവകൃപയിൽ ആശ്രയിച്ച് ഇന്നും ആസ്ഥാനത്ത് തുടരുന്നു.

## എന്റെ കാഴ്ചപ്പാട്

ഒരു ക്രിസ്ത്യാനി വെറും പള്ളിയുടെ നാലുകെട്ടിനുള്ളിൽ മാത്രം ഒതുങ്ങി തന്റെ ജീവിതം അവസാനിപ്പിച്ചാൽ പോരാ. പിന്നെയോ മത്തായി. 28: ന്റെ 20 വാക്യത്തിൽ നമ്മെ ഏൽപ്പിച്ചശുശ്രൂഷ തികക്കുവാൻ കടമയുള്ളവനാണ്. കർത്താവ് പറഞ്ഞ കാര്യങ്ങൾ പ്രമാണിക്കണം, കൂടാതെ ഉപദേശിച്ച് സകല ജാതികളെയും ശിഷ്യരാക്കികൊള്ളണം. ഈ ദർശ്ശനത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ മലബാർ ബൈബിൾ ഫെലോഷിപ്പുമായി സഹകരിച്ചും, എന്നാൽ കഴിയുന്ന രീതിയിൽ സഹായിച്ചും പോരുന്നത്. പ്രിയവായനക്കാരെ - മലബാറിനെക്കുറിച്ച് നിങ്ങൾക്ക് ദർശനമുണ്ടെങ്കിൽ നിങ്ങൾക്കും ഞങ്ങളോടുസഹകരിച്ചു പ്രവർത്തിക്കാം. സഭാവേലിക്കെട്ടുകൾ അതിന് വിലങ്ങു തടിയാകുകയില്ല. ഉച്ചനീചത്വങ്ങളുടെ കാലം കഴിഞ്ഞു. സഹകരിച്ചു പ്രവർത്തിക്കേണ്ട ഒരുകാലഘട്ടത്തിലാണ് നാം. 21-ാം നൂറ്റാണ്ട് ജീവിതത്തിൽ പുതുക്കത്തിന്റെ മതിയായ തീരുമാനത്തിന്റെ - ആത്മാർത്ഥമായ പ്രവർത്തനത്തിന്റെ - സഹകരണത്തിന്റെ നൂറ്റാണ്ടായി തീരട്ടെ. നമ്മുടെ സഹവിശ്വാസികൾ - സഹപ്രവർത്തകർ പീഡനം അനുഭവിക്കുന്ന ഒരു കാലഘട്ടമാണ്. അതിനെതിരായി നമ്മൾക്ക് പോരാടുവാനുള്ള ഏക ആയുധം പ്രാർത്ഥന മാത്രമാണ്. മലബാർ ബൈബിൾ ഫെലോഷിപ്പ് ഒരു വിശ്വാസപ്രസ്ഥാനമാണ്. വിവിധ സഭാവിഭാഗത്തിൽപ്പെട്ട വിശ്വാസികളുടെ സഹായ സഹകരണത്തോടെയാണ് പ്രവർത്തിച്ചുപോരുന്നത്. വരുവിൻ നമുക്ക് ഒന്നായി പ്രവർത്തിക്കാം.

ഞങ്ങളെ പണംകൊണ്ടും പ്രാർത്ഥനകൊണ്ടും സാന്നിദ്ധ്യം കൊണ്ടും ആരംഭം മുതൽ ഇന്നുവരെ സഹായിച്ച വരോടും, സഹായിച്ചുപോരുന്നവരോടും മലബാർ ബൈബിൾ ഫെലോഷിപ്പിന്റെ നാമത്തിലും, എന്റെ സ്വന്തംപേരിലുമുള്ള നന്ദിയെ അറിയിച്ചുകൊള്ളുന്നു. തുടർന്നും എല്ലാ വിധമായ സഹായ സഹകരണങ്ങളും ലഭിക്കുമെന്നുള്ള പ്രത്യാശയോടെ നിർത്തുന്നു. ■

സാമ്പത്തിക സഹായം ചെയ്യുന്നവർ ചെക്കുകളും ഡ്രാഫ്റ്റുകളും "മലബാർ ബൈബിൾ ഫെലോഷിപ്പ്", നിലമ്പൂർ എന്ന പേരിൽ എഴുതണം. അതും, മണിയോർഡറുകളും *റവ. പി. പി. തോമസ്, മലബാർ ബൈബിൾ ഫെലോഷിപ്പ്, മുക്കട്ട, നിലമ്പൂർ R.S.679330 കേരളം* എന്ന വിലാസത്തിൽ അയയ്ക്കുവാൻ അപേക്ഷിക്കുന്നു.



# മലബാറിലെ കുടിയേറ്റവും സുവിശേഷവും



**റവ. പി. വി. ജോസഫ്**
വികാരി സി. എസ്സ്. ഐ. മലപ്പുറം

**അൻപതുകളിൽ കുടിയേറ്റം ആരംഭിച്ചുവെങ്കിലും വീണ്ടും ഇരുപത്തഞ്ചുവർഷം കാത്തിരിക്കേണ്ടിവന്നു ഒരു സുവിശേഷസംഘം രൂപീകരിക്കുവാൻ. ദൈവിക ദർശനം ഉൾക്കൊണ്ടുകൊണ്ട് മലബാറിന്റെ സമഗ്രമായ സുവിശേഷികരണത്തിനായി ആരംഭിച്ച പ്രസ്ഥാനം ഇന്ന് സമൂഹത്തിന്റെ ആഴത്തിൽ വേരൂന്നിക്കഴിഞ്ഞു.**

രണ്ടായിരമാണ്ട് മഹാജൂബിലി ആഘോഷത്തിന്റെ തിരത്തള്ളലിലാണ്. ക്രൈസ്തവ ജനതമുഴുവനും വ്യത്യസ്തങ്ങളായ നിലയിൽ ഈ ആഘോഷത്തിനു രൂപം നല്കിയിട്ടുണ്ട്. എല്ലാ രാഷ്ട്രങ്ങളും അടുത്ത സഹസ്രാബ്ദത്തെ ആഘോഷപൂർവ്വം വരവേൽക്കുവാൻ ഒരുങ്ങിക്കഴിഞ്ഞു.

കുടിയേറ്റ ജൂബിലിയും അതിന്റെ ഭാഗമാണല്ലോ! മദ്ധ്യതിരുവിതാംകൂറിന്റെ പലഭാഗങ്ങളിൽ നിന്നുമുള്ള ക്രിസ്ത്യാനികൾ മലബാറിലേക്കു കുടിയേറി പാർത്തതിന്റെ അൻപതാം വാർഷികം.

രണ്ടാംലോകമഹായുദ്ധാനന്തരം കുടിയേറ്റത്തിനു വേഗതയേറി. ദാരിദ്രം, തൊഴിലില്ലായ്മ - മണ്ണുതേടിയുള്ള മനുഷ്യന്റെയാത്ര!

കുടിയേറ്റത്തിന്റെ അൻപതാം വാർഷികമെന്നതിലുപരി, ദൈവിക പരിപാലനത്തിന്റെ അൻപതുവർഷങ്ങൾ!!! മാരകരോഗങ്ങൾ, വന്യമൃഗങ്ങൾ, പ്രതികൂലകാലവസ്ഥ, അസാദ്ധ്യതകൾ മാത്രം മുന്നിൽ കണ്ട മനുഷ്യ ജീവിതത്തിൽ അന്ധകാരത്തിന്റെയും സംശയത്തിന്റെയും മുള്ളും പറക്കാരയും !

ഇവിടെ കൂട്ടായി, താങ്ങായി, തണലായി നിന്നത്, തളരാത്ത വിശ്വാസവും വേദപുസ്തകവും മാത്രമാണ്. വേദപുസ്തകത്തിലെ അക്ഷരങ്ങൾക്കു ജീവനുണ്ടെന്നു തെളിയിച്ച അരനൂറ്റാണ്ട്, കൂട്ടായ യത്നത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി ഉയർന്നുവന്ന ദേവാലയങ്ങളും ദേവാലയസംസ്കാരവും!

വേദപുസ്തകം ശരിയായവിധത്തിൽ പഠിച്ചില്ല, പഠിപ്പിച്ചില്ല എന്നൊരു കുറവു കാണാം. സകലസൃഷ്ടിയോടും സുവിശേഷം അറിയിക്കുന്നതിൽ പരാജയപ്പെട്ടില്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.


കുടിയേറ്റത്തിന് മിഷനറി ദൗത്യത്തിന്റെ നിറംപകരാൻ മറന്നുപോയില്ലേ? യാദൃച്ഛികമായി ഒന്നും സംഭവിക്കുന്നില്ലല്ലോ. ദൈവത്തിന്റെ പ്രത്യേക നിയോഗത്താലാണല്ലോ കുടിയേറ്റം ആരംഭിച്ചത്. ദൈവത്തോടുകൂടി ദൈവത്തിനുവേണ്ടി!.

അൻപതുകളിൽ കുടിയേറ്റം ആരംഭിച്ചുവെങ്കിലും വീണ്ടും ഇരുപത്തഞ്ചുവർഷം കാത്തിരിക്കേണ്ടിവന്നു ഒരു സുവിശേഷസംഘം രൂപീകരിക്കുവാൻ. ദൈവിക ദർശനം ഉൾക്കൊണ്ടുകൊണ്ട് മലബാറിന്റെ സമഗ്രമായ സുവിശേഷികരണത്തിനായി ആരംഭിച്ചപ്രസ്ഥാനം ഇന്ന് സമൂഹത്തിന്റെ ആഴത്തിൽ വേരൂന്നിക്കഴിഞ്ഞു. അതിന്റെ ഇരുപത്തഞ്ചാം വാർഷികം ആഘോഷിക്കുകയാണ്. ക്രിസ്ത്യാനിയെ ക്രിസ്ത്യാനിയാക്കുന്ന ശൈലിയിൽ വ്യത്യസ്ഥമായ ഒരു ദർശനം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തനമാരംഭിച്ചു. തിരിഞ്ഞുനോക്കുമ്പോൾ വൈതരണികളേറെയെങ്കിലും ഇരുപത്തഞ്ചുവർഷം പരിപാലിച്ച ദൈവത്തിനു സ്തോത്രം!

അനേകരുടെ പ്രാർത്ഥന, കണ്ണുനീർ, വിയർപ്പ്, നാണയത്തുട്ടുകൾ ഇതിന്റെ പിന്നിലുണ്ട്. 'രക്ഷ' എന്താണെന്നനുഭവിച്ച വ്യക്തിയുടെ വ്യക്തമായ പ്രവർത്തനത്തിന്റെ പാദമുദ്ര തെളിഞ്ഞുകാണും. അവ്യക്തതയിൽ, അജ്ഞതയിൽ, തപ്പിത്തടയുന്ന മനുഷ്യനു ധീരമായ നേതൃത്വം നല്കുവാൻ ഈ സുവിശേഷ സംഘത്തിനു സാധിച്ചു.

"ഞാൻ ആത്മാവിൽ ആരാധിക്കുന്ന ദൈവം സാക്ഷി", എന്നു പറയുമ്പോൾ തന്റെ സ്ഥലകാല പരിമിതികളിൽ ഈ ദൈവത്തിന്റെ കരസ്പർശനം വ്യക്തമായി അനുഭവിച്ചു. മാത്രമല്ല ദൈവത്തെക്കുറിച്ചുള്ള ഈ ദർശനം തന്റെ വായനക്കാരുടെ മനസ്സുകളെയും ഹൃദയങ്ങളെയും സ്വാധീനിച്ചു എന്നതിൽ സംശയമില്ല. അതുനൂറ്റാണ്ടുകളായി തുടരുന്നു. ഞാനും നിങ്ങളും ആത്മാവിലാരാധിക്കുന്ന ദൈവം ഒരുപാടു കഴിവുകളുള്ളവനായിരിക്കാം. പക്ഷേ അതു സാധാരണക്കാരനു പലപ്പോഴും മനസ്സിലാകാറില്ല. അതു മനസ്സിലാക്കിക്കൊടുക്കുകയും അതു അനുഭവിക്കുവാൻ ഇടയാകുകയും ചെയ്യാത്തിടത്തോളം കാലം സുവിശേഷം അന്യമതത്തിന്റെ പട്ടികയിൽപെട്ടിരിക്കുക തന്നെച്ചെയ്യും. മനുഷ്യജീവിത

**Rev. P. D. JOSEPH M. A.; LL.B.**
Dept. of Politics
Henry Baker Colelge
Melukavumattom - 686 652
Kottayam Dt.



## MESSAGE

Dear Achan,

Malabar Bible Fellowship അതിൻെറ രജതജൂബിലിയും 23-ാം കൺവൻഷനും നടത്തുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. ഈ സുവിശേഷ സംഘടന മുഖേന ദൈവം അത്ഭുതകരമായി അനേകരെ ദൈവസന്നിധിയിലേയ്ക്ക് ആകർഷിക്കുന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. പ്രവർത്തിക്കുന്ന എല്ലാ മിഷനറിമാരേയും, അവരുടെ പ്രവർത്തനങ്ങളേയും, അതിന് ഉന്നതമായ നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട പി. പി. തോമസച്ചനെയും ഓർത്തു ദൈവത്തെ സ്തുതിക്കുന്നു.

എൻെറ എല്ലാവിധമായ ജൂബിലി ആശംസകളും ദൈവനാമത്തിൽ അറിയിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ

സ്നേഹത്തോടെ

റവ. പി. ഡി. ജോസഫ്

---

ത്തിൻെറ സുഖദുഃഖ സമ്മിശ്രങ്ങളായുള്ള അനുഭവത്തിൽ ഈ ദൈവത്തിനു പ്രസക്തിയേറുന്നു. അതിനു വളരെ വേദനകൾ സഹിക്കേണ്ടിവരും. ആളത്വത്തിനും സ്വയത്തിനും പ്രസക്തിയില്ല! "ഇനി ജീവിക്കുന്നതു ഞാനല്ല എന്നിൽ ജീവിക്കുന്നത് ക്രിസ്തുവത്രേ" — നിസ്വാർത്ഥരായ ക്രിസ്തു ഭക്തന്മാർക്കു മാത്രമെ അതു സാദ്ധ്യമാവുകയുള്ളു. "അമ്മയപ്പന്മാരെയോ വസ്തുവകകളെയോ........ സനേഹിക്കുന്നവർക്കും ഇതു സാദ്ധ്യമല്ല.

ലജ്ജയില്ലാത്തവരാകേണ്ടിയിരിക്കുന്നു. കാസർകോഡുമുതൽ പാലക്കാടുവരെയുള്ള ആറുജില്ലകളുടെ തെരുവുകളിലും പാതയോരങ്ങളിലും നിന്ന് യേശുവിനെ പ്രസംഗിച്ച ലജ്ജയില്ലാത്ത മനുഷ്യൻ റവ. പി. പി. തോമസ്, അദ്ദേഹത്തിൻെറ സ്വപ്നം യാഥാർത്ഥ്യമായിത്തീർന്നു. ബൈബിൾ ഫെലോഷിപ്പ് അതിൻെറ ഇരുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുമ്പോൾ, ദൈവമേ എല്ലാറ്റിലുമുപരിയായി അങ്ങയുടെ സ്നേഹം രുചിച്ചറിഞ്ഞ — അങ്ങയുടെ കയ്യിലെ ഇണങ്ങിയ ആയുധമായിത്തീർന്ന ഈ മനുഷ്യസ്നേഹിക്കായി അങ്ങയെ സ്തുതിക്കുന്നു. "സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ എനിക്ക് അയ്യോ കഷ്ടം". ഓരോരുത്തരും പറയുകയും പ്രവർത്തിക്കുകയും ചെയ്തെങ്കിൽ എന്നാശിച്ചുപോകുന്നു.

*സനേഹാശംസകളോടെ,*

റവ. പി. വി. ജോസഫ്

**PRAY FOR MALABAR**



# ആശംസാസന്ദേശം

വെരി റവ. ഐ. സി. കുര്യൻ - C.S.I.
Fishers of men Fellowship, Iykara immanual Villa, Pullad.

**അ**ച്ചനും ഞാനും 50 വർഷംമുമ്പ് (June 1949) സൗത്തു ഇൻഡ്യാ ബൈബിൾ സെമിനാരിയിൽ പരിചയപ്പെട്ടതും പഠനകാലം 3 വർഷം ഒരുമിച്ചു ഗ്രാമങ്ങളിലും കേരളത്തിൽ ചിലയിടങ്ങളിലും സുവിശേഷം ഘോഷിക്കുവാൻ ലഭിച്ച സമയങ്ങളും Mrs. മേരിതോമസ്സും ഞാനും അവിടെ ഒരേക്ലാസ്സിൽ 4 വർഷം പഠിക്കുവാൻ സാധിച്ചതും സ്തോത്രത്തോടെ ഓർക്കുന്നു. എൻെറ ആദ്യ ഇടവകയിൽ കൺവൻഷൻ പ്രസംഗങ്ങൾ അച്ചൻ നടത്തിയതും മലബാർ ബൈബിൾ ഫെലോഷിപ്പ് കേന്ദ്രത്തിൽ മിഷനറി കൺവൻഷനിൽ കുടുംബമായി വന്നു വചന ശുശ്രൂഷ നടത്തുവാൻ എനിക്കു അവസരം ലഭിച്ചതും നാം തമ്മിലുള്ള ബന്ധം ഉറപ്പിക്കുവാൻ സാധിച്ചു.

"നിങ്ങൾ തല പൊക്കിനോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നെ കൊയ്ത്തിനു വിളഞ്ഞിരിക്കുന്നതു കാണും" (യോഹ. 4: 35) എന്നുള്ള കർത്താവിൻെറ വചനം മനസിലാക്കിയും 'കടന്നു വന്നു സഹായിക്ക' (അപ്പോ. 16:9) എന്ന മക്കദോന്യക്കാരൻെറ വിളി ലഭിച്ചു അവിടേക്കുപോയ പൗലൂസിനെപോലെ അച്ചൻ കുടുംബമായി മലബാർ പ്രദേശത്തേക്കു പ്രവർത്തിപ്പാൻ വിശ്വാസത്തോടും ധൈര്യത്തോടും കടന്നുപോയ സമയം മുതൽ 'യവനന്മാർക്കും ബർബരന്മാർക്കും ........ഞാൻ കടക്കാരൻ ആകുന്നു. ....... സുവിശേഷം അറിയിപ്പാൻ എന്നാൽ ആവോളം ഞാൻ ഒരുങ്ങിയിരിക്കുന്നു, സുവിശേഷത്തെകുറിച്ചു എനിക്കു ലജ്ജയില്ല.' (റോമ. 1:14-16) എന്നു പൗലൂസിനോടുചേർന്നു പറയുകയും "എന്നെ അയച്ചവൻെറ പ്രവൃത്തി പകൽ ഉള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു. ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു' (യോഹ. 9:4) എന്ന കർത്താവിൻെറ അടിയന്തര സ്വഭാവമുള്ള വാക്കുകൾ പ്രവർത്തന ശൈലിയിൽ ഉൾപ്പെടുത്തി ' സുവിശേഷം അറിയിക്കുന്നുവെങ്കിൽ എനിക്കു പ്രശംസിപ്പാൻ ഒന്നുമില്ലാ നിർബ്ബന്ധം എൻെറ മേൽകിടക്കുന്നു. നാം സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം' (കൊരി. 9:16) എന്നു പൗലൂസിനോടു ചേർന്നു പറയുന്ന അച്ചൻെറയും കുടുംബത്തിൻെറയും അച്ചൻെറ മരുമകൻ അച്ചൻെറയും സഹപ്രവർത്തകരായ അച്ചന്മാരുടെയും പ്രവർത്തകരുടെയും ഒരുമിച്ചുള്ള പ്രവർത്തനം അനുഗ്രഹീതം തന്നെ. പരിശുദ്ധാത്മനിറവോടെ കഴിഞ്ഞ 25 വർഷത്തെ കഠിനാദ്ധ്വാനത്തിൻെറ ഫലമായി മലബാർ പ്രദേശങ്ങളിൽ അനേക നാമധേയ ക്രിസ്ത്യാനികൾ ആത്മീയ ഉണർവ്വു പ്രാപിപ്പാനും അനേക ക്രൈസ്തവേതരർ കർത്താവിനെ രക്ഷിതാവായി സ്വീകരിപ്പാനും ഇടയായതിൽ ദൈവത്തിനു സ്തോത്രം കരേറ്റുന്നു. വിവിധ സ്ഥലങ്ങളിൽ ആരാധനകൾ ആരംഭിക്കാൻ സാധിച്ചതും അനേകർക്കു അനുഗ്രഹം പ്രദാനം ചെയ്തു. കർത്താവിനായി തങ്ങളെ തന്നെ സമർപ്പിച്ച ഒരു പറ്റം യുവതീയുവാക്കന്മാരെ പരിശീലിപ്പിച്ചു വിവിധ കേന്ദ്രങ്ങളിൽ കർത്തൃ ശുശ്രൂഷ ശക്തിപെടുത്തുവാൻ സാധിച്ചതു പുളിമാവു പിണ്ഡത്തെ മുഴുവൻ പുളിപ്പിയ്ക്കുന്നതിനു തുല്യമായിശാന്തമായി ക്രിസ്തു സഭയുടെ വേരു വ്യാപിച്ചു 'മാസം തോറും പുതിയ ഫലങ്ങൾ! നല്കുന്ന വൃക്ഷമായി തീർന്നിരിക്കുന്ന' മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ പ്രവർത്തനം പൂർവ്വാധികം വളരട്ടെയെന്നു ആശംസിക്കുന്നു.

'ഈ തൊഴുത്തിൽ ഉൾപെടാത്ത വേറെ ആടുകൾ എനിക്കുണ്ട്' (യോഹ. 10 : 16) എന്ന കർത്താവിൻെറ വാക്കുകൾ ശ്രദ്ധയിൽ പെടുത്തുന്നു. ആ പ്രദേശത്തുള്ള പ്രവർത്തനത്തിൻെറ ദൃഢത ഭാരത സുവിശേഷീകരണത്തിൻെറ പൂർണ്ണതയിലേക്കു വരുത്തുന്നതിൻെറ ഒരു ഭാഗമായതിനാൽ നിങ്ങൾ ചെയ്യുന്ന പ്രവർത്തനം കർത്താവിൽ വ്യർത്ഥമല്ല. അതു കർത്താവിൻെറ നസറേത്തു പ്രഖ്യാപനത്തിൻെറ (Nazarath Manufesto) ഒരു ഭാഗമായി പരിലസിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. കുരുട്ടുകണ്ണുകളുള്ള ആത്മീയ ദരിദ്രരായി സാത്താൻെറ ബന്ധനത്തിൽപെട്ട അനേകർക്കുവെളിച്ചവും സ്വാതന്ത്ര്യവും ലഭ്യമാക്കുവാൻ നിങ്ങളുടെ സേവനം സഹായിക്കട്ടെയെന്നു ആശംസിക്കുന്നു.

**Very Rev. I. C. Kurian**

○○



# ആശംസാസന്ദേശം

അഗസ്റ്റിൻ കോശി.
ഓപ്പറേഷൻ മൊബിലൈസേഷൻ ഹൈദരാബാദ്,

"തങ്ങളുടെ ദൈവത്തെ അറിയുന്ന ജനം ഉറച്ചു നിന്നു വീര്യം പ്രവർത്തിക്കും" (ദാനിയേൽ 11:32) സ്വർഗ്ഗീയ ദർശനം അനുസരിച്ച് മലബാർ സുവിശേഷീകരണ ദൗത്യവുമായി കഴിഞ്ഞ 25 വർഷങ്ങൾ ദൈവത്താൽ ഉപയോഗിക്കപ്പെട്ട മലബാർ ബൈബിൾ ഫെലോഷിപ്പിനായി ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. പ്രാർത്ഥിക്കുന്ന മനുഷ്യരെ വളരെ ശക്തിയോടെ തന്റെ ഉദ്ദേശങ്ങൾക്കായി ദൈവം ഉപയോഗിക്കും. ഇതിനൊരുത്തമ സാക്ഷിയാണ് മലബാർ ബൈബിൾ ഫെലോഷിപ്പ്. പ്രാർത്ഥനയിൽ ഉരുവായി, പ്രാർത്ഥനയിൽ വളർന്നു, പ്രാർത്ഥനയിൽ മുന്നേറുന്ന ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ ഓർത്തു ഞാൻ ദൈവത്തിന് ആയിരമായിരം സ്തുതി സ്തോത്രങ്ങൾ കരേറ്റുന്നു. വിതയ്ക്കപ്പെട്ട വിത്തുകൾ അധികം ഫലം കായിക്കട്ടെ.

ഹെൻട്രി വാർലി ഒരിക്കൽ പറഞ്ഞതുപോലെ, "തനിക്കായി പൂർണ്ണമായി സമർപ്പിക്കപ്പെട്ട ഒരു വ്യക്തിയെക്കൊണ്ട് ദൈവം ചെയ്യിക്കുന്നതു ലോകം ഇനിയും കണ്ടിട്ടില്ല" എന്നത്; പിന്നീടു ഡി. എൽ. മൂഡി തന്റെ ജീവിതത്തിൽ പറഞ്ഞു; "ആ മനുഷ്യൻ ഞാൻ ആയിരിക്കും". ഇത്തരം സമർപ്പണവും, വിളിയും ഉള്ള വേലക്കാരെയും നടത്തിപ്പുകാരെയും തുടർന്നും ദൈവം എഴുനേൽപ്പിക്കട്ടെ എന്ന പ്രാർത്ഥനയോടും സിൽവർ ജൂബിലി ആശംസകളോടും.

*കർത്തൃസേവയിൽ സഹോദരൻ*
അഗസ്റ്റിൻ എ. കോശി



ബൈബിൾ ഫെലോഷിപ്പിന്റെ വാർഷിക കൺവൻഷനുവേണ്ടി വിശ്വാസികൾ പന്തലിടുന്നു

SILVER JUBILEE MALABAR BIBLE FELLOWSHIP 25 FRUIT FUL YEARS

# ആത്മീയ സൗഖ്യം




**സിസ്റ്റർ കാത്‌ലീന എ. എസ്.**

ഫാത്തിമാഗിരി, നിലമ്പൂർ


നാമെല്ലാവരും പൂർണ്ണമായ സന്തോഷവും ആരോഗ്യവും തേടിക്കൊണ്ടിരിക്കുകയാണ്. ആശുപത്രികൾ വർദ്ധിക്കുന്തോറും രോഗികൾ വർദ്ധിക്കുന്ന ഒരു സ്ഥിതി വിശേഷമാണ് നാം ദർശിക്കുന്നത്. മിക്കവാറും എല്ലാ ആശുപത്രികളും രോഗികളെ കൊണ്ട് നിറഞ്ഞിരിക്കുന്നു. W. H. O യുടെ നിർവ്വചനമനുസരിച്ച് ആരോഗ്യമെന്നത് രോഗമില്ലാത്ത അവസ്ഥയല്ല മറിച്ച് ശാരീരികമായും മാനസികമായും സാമൂഹികമായും ആത്മിയവുമായുള്ള സൗഖ്യമാണ്. ഇന്ന് നമ്മുടെ സമൂഹത്തിൽ ടെക്നോളജി വളർന്നുകൊണ്ടിരിക്കുകയാണ്. പക്ഷേ അതേ സമയം മൂല്യങ്ങൾ തകർന്നു കൊണ്ടിരിക്കുകയാണ്. ഇതുമൂലം വർദ്ധിച്ചുകൊണ്ടിരിക്കുന്ന മാനസികാസ്വാസ്ഥ്യങ്ങളാണ് എല്ലാ വിധത്തിലുള്ള രോഗങ്ങളിലേക്കും നയിക്കുന്നത്. ദൈവസാന്നിദ്ധ്യമുള്ളത് കൊണ്ട് മാത്രമാണ് നമുക്ക് ജീവിക്കാൻ സാധിക്കുന്നത്. നമ്മുടെ ഉള്ളിലും നമുക്ക് ചുറ്റും ദൈവസാന്നിദ്ധ്യം നിറഞ്ഞിരിക്കുന്നു വെന്ന് വിശ്വസിക്കുമ്പോൾ മാത്രമാണ് നമുക്ക് പൂർണ്ണത കൈവരിക്കാൻ സാധിക്കുന്നത്.

ക്ലീനിക്കിൽ ഞാൻ കണ്ടു മുട്ടിയിട്ടുള്ള രോഗികളിൽ ഏറിയ പങ്കും ശാരീരികാസ്വാസ്ഥ്യങ്ങളെക്കാൾ മാനസികാസ്വാസ്ഥ്യങ്ങൾ അനുഭവിക്കുന്നവരാണ്. ഈ വസ്തുത വ്യക്തമാക്കുന്നത് ശാരീരിക സൗഖ്യം ലഭിക്കുന്നതിനു മുമ്പ് രോഗിക്ക് മാനസിക സൗഖ്യം ലഭിക്കണമെന്നതാണ്. അതുകൊണ്ട് രോഗചികിത്സയുടെ ആദ്യഘട്ടം രോഗിയിൽ ആത്മവിശ്വാസമുണ്ടാക്കിയെടുക്കലാണ്. രോഗിക്ക് ക്രിസ്തുവിൽ ഉറച്ച വിശ്വാസ മുണ്ടെങ്കിൽ മാത്രമേ ആത്മവിശ്വാസം നേടിയെടുക്കാൻ കഴിയൂ. സത്യവും വിശ്വാസവും നമ്മെ പൂർണ്ണതയിലേക്ക് നയിക്കും. " വിശ്വാസം നിന്നെ പൂർണ്ണതയിലേക്കു നയിക്കും.'' നിലമ്പൂരിലും പരിസര പ്രദേശങ്ങളിലും വിവിധ കോളനികളിലും മലബാർ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ബഹു. പി. പി. തോമസ് അച്ചൻ നടത്തിവരുന്ന ആത്മീയ സൗഖ്യ പ്രവർത്തനങ്ങൾ തുടർന്നും നടത്തുവാനുള്ള ദൈവകൃപ ധാരാളമായി ലഭിക്കട്ടെ എന്ന് ഈയവസരത്തിൽ പ്രാർത്ഥിക്കുന്നു. ക്രിസ്തുവിനേയും ക്രൈസ്തവ സ്നേഹ വിശ്വാസങ്ങളെയും വിവിധ ജനതകളുടെ ഇടയിൽ എത്തിക്കുവാനുള്ള ബൈബിൾ ഫെലോഷിപ്പിന്റെ എല്ലാ ശ്രമങ്ങൾക്കും ഞാൻ സർവ്വ ആശംസകളും നേരുന്നു.

■■



ബൈബിൾ ഫെലോഷിപ്പിന്റെ വാർഷിക കൺവൻഷനിൽ മിസ്സിസ് സഫിയാ മിർസ പ്രസംഗിക്കുന്നു.

# മലബാർ ബൈബിൾ ഫെലോഷിപ്പ്

## കാൽനൂറ്റാണ്ടിലധികം കാലത്തെ ദൈവനടത്തിപ്പുകളുടെ

# സ്മരണിക

റവ. പി. പി. തോമസ്, പ്രസിഡണ്ട്

**യി**രെമ്യാവിനോടു ദൈവം പറഞ്ഞു *"നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പെ ഞാൻ നിന്നെ അറിഞ്ഞു.; നീ ഗർഭപാത്രത്തിൽ നിന്നു പുറത്തുവന്ന തിനു മുമ്പെ ഞാൻ നിന്നെ വിശുദ്ധീകരിച്ചു ജാതി കൾക്കു പ്രവാചകനായി നിയമിച്ചിരിക്കുന്നു."* 1:4,5.

വി. പൌലുസ്സു തൻെറ വിളിയെക്കുറിച്ചു സുനി ശ്ചിതമായി പറയുന്നു "എൻെറ ജനനം മുതൽ എന്നെ വേർതിരിച്ച് തൻെറ കൃപയാൽ വിളിച്ചിരിക്കുന്ന ദൈ വം തൻെറ പുത്രനേക്കുറിച്ചുള്ള സുവിശേഷം ഞാൻ ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിനു അവനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചു." ഗലാത്യ. 1: 15, 16. വീണ്ടും പൌലുസ്സും സാക്ഷിക്കുന്നു. "ആ സുവിശേഷത്തിനു ഞാൻ അവൻെറ ശക്തിയുടെ വ്യാപാര പ്രകാരം എനിക്കു ലഭിച്ച ദൈവത്തിൻെറ കൃപാദാനത്താൽ ശുശ്രൂഷക്കാരനായി തീർന്നു". എഫേസ്യൻ 3:7.

ആനപ്രാമ്പാൽ മാർത്തോമ്മാ ഇടവകയിൽ പള്ള ത്തിൽ പാപ്പിഉപദേശിയുടേയും (പി. പി. പോത്തൻ) മറിയാമ്മയുടേയും മകനായി 1927-ൽ ഞാൻ ജാത നായി. അപ്പച്ചനോടൊന്നിച്ചു പല ഉപദേശിമാരും അച്ച ന്മാരും വീട്ടിൽ വരികയും പ്രാർത്ഥനകളും വചന ഘോഷണവും നടത്തുക യും ചെയ്ക പതിവായി രുന്നു. ശ്രീമതി ഏലിയാമ്മ ഉമ്മൻ എന്ന ദൈവദാസി വന്നു പ്രസംഗിച്ച കൺ വൻഷനിൽ വച്ച് ഞാൻ യേശുവിനെ രക്ഷിതാവാ യി സ്വീകരിക്കുന്നു എന്നു എഴുന്നേറ്റു പറഞ്ഞു. അ ന്നു എനിക്കു 6 വയസ്സാ യിരുന്നു. എൻെറ പിതാവു 85 വയസ്സുവരെ ജീവിച്ചി രുന്ന് കർത്താവിൻെറ വേലചെയ്തു.

അപ്പച്ചനും മറ്റു ദൈവവേലക്കാരും വീട്ടിൽ വന്നു സംസാരിക്കുന്നതും പ്രാർത്ഥിക്കുന്നതും ശ്രദ്ധിച്ചു വളർ ന്നുവന്ന എനിക്കു സുവിശേഷ വേലചെയ്യണമെന്ന താല്പര്യം ഉണ്ടായി. ഹൈസ്കൂൾ പാസ്സായ ഉടനെ കോളാർ സൗത്ത് ഇൻഡ്യാ ബൈബിൾ ഇൻസ്റ്റിറ്റ്യൂ ട്ടിൽ ചേർന്ന് ദൈവവചനവും മിഷ്യനറി വേലയും പടിച്ചു. തുടർന്നു കന്നട ഭാഷ പഠിച്ച് കർണ്ണാടക യിൽ മിഷ്യനറിയായി 1962-വരെ പ്രവർത്തിച്ചു.

ആ കാലഘട്ടത്തിൽ 1954-55 വർഷത്തിൽ അഖി ലകേരള ക്രിസ്തീയ കൂട്ടായ്മയിൽ ശ്രീ കെ. വി. ചെറിയാൻെറ നേതൃത്വത്തിൽ പല ഉപദേശിമാരോ ടൊത്തു തിരുവിതാംകൂറിൽ സഭകളിൽ പ്രവർത്തി ക്കുവാൻ അവസരം ലഭിച്ചു. അതു വളരെ നല്ല പരി ശീലനവും അനുഭവവുമായി തീർന്നു.

1956-ൽ ഞാൻ വിവാഹിതനായി. അന്നു മല ബാറിൽ കുടിയേറ്റത്തിൻെറ കാലമായിരുന്നു. മലബാ റിലെ കുടിയേറ്റക്കാരിൽ സുവിശേഷീകരണ തല്പ രരായ ചിലരുണ്ടായിരുന്നു. അങ്ങനെയുള്ള ഒരു ഭവ നത്തിൽ നിന്നാണു ഞാൻ വിവാഹം കഴിച്ചതും. (വലിയകാലായിൽ വി. എം. തോമസിൻെറ മകൾ മേരിക്കുട്ടിയെ) അന്നു ഞാൻ ബംഗാരപ്പെട്ട വേൾ ഡ് ഗോസ്പൽ മിഷ്യനിലും (ആനന്ദ ഗിരി ക്രിസ്ത്യൻ ഫെലൊഷിപ്പ്) മേരിക്കുട്ടി ഹോസ്ക്കോട്ടു മർത്തോമ്മ മിഷ്യനിലും പ്രവർത്തിക്കു കയായിരുന്നു.

വിവാഹനന്തരം ഒരു ദിവസം നവദമ്പതികളായ ഞങ്ങൾ നിലമ്പൂർ അരു വാക്കോട്ടു റോഡിൽ ബസ് കാത്തു നില്ക്കുമ്പോൾ അപരിഷ്കൃതനായ ഒരു മനുഷ്യൻ നടന്നു പോകു ന്നതുകണ്ടു. ആ മനുഷ്യ

> ട്രെയിൻ മെല്ലെ നീങ്ങിത്തുടങ്ങി. ഞാൻ അതിഭയ ങ്കരമായ "വിഡ്ഢിത്തം" പ്രവർത്തിച്ചു. വലതു കയ്യിൽ ബെഡിംഗും പെട്ടിയും പിടിച്ചു ഇടതുകൈകൊണ്ടു ഒരു കമ്പിയിൽ പിടിച്ചു സ്റ്റെപ്പിൽ കയറി നിന്നു. ട്രെയിൻ സ്പീഡു എടുക്കാൻ തുടങ്ങി. (നാലഞ്ചു മിനിറ്റിനുള്ളിൽ ഞാൻ താഴെവീണു മരിച്ചു പോകു മായിരുന്നു എന്നു ഓർത്തില്ല.) ഇതാ പെട്ടെന്നു ഒരു ചെറുപ്പക്കാരൻ എഴുന്നേറ്റു ഓടി വന്നുവാതിൽ തുറന്നു എന്നെ അകത്തു കയറ്റി. അതോ, തലവ ടിയിൽ എൻെറ അയൽവാസിയായ ഒരു ചെറുപ്പ ക്കാരൻ. ദൈവത്തിനുസ്തോത്രം. ആ "മാലാഖ" എന്നെ സഹായിച്ചില്ലായിരുന്നെങ്കിൽ .....

Type

നോടു എൻെറ ഹൃദയ ത്തിൽ ഒരു പ്രത്യേക താല്പര്യം തോന്നി. അ ന്വേഷിച്ചപ്പോൾ അയാൾ മലമുകളിൽ താമസിക്കു ന്ന മലമുത്തൻ വർഗ്ഗ ത്തിൽപ്പെട്ട ആളാ ണെന്നു മനസ്സിലായി.

ഞങ്ങൾ ബംഗാരപ്പെ ട്ടിലേക്കു മടങ്ങിച്ചെന്നു. ആനന്തഗിരി ക്രിസ്ത്യൻ ഫെലോഷിപ്പിൽ പ്രവർ



റവ. പി. പി. തോമസും, പത്നി മേരിക്കുട്ടിയും

ത്തനം തുടർന്നു. കന്നട ഭാഷക്കാരുടെ ഇടയിൽ സുവിശേഷം അറിയിച്ചുകൊണ്ടിരുന്നു.

അക്കാലത്തു 1960- ൽ ഗുൽബർഗയിൽ മെത ഡിസ്റ്റ സ്കൂൾ അദ്ധ്യാപകർക്കു റിട്രീറ്റു നടത്തു വാൻ ക്ഷണിച്ചതനുസരിച്ചു ഞാൻ പോയി. ബംഗാ രപ്പെട്ട- ബാങ്കളൂർ വഴി ഗൂണ്ടക്കൽ സ്റ്റേഷനിലെത്തി. ആ സ്റ്റേഷനിൽ നിന്നു മദ്രാസ് ബോംബെ ട്രെയിനിൽ കയറി ഗുൽബർഗയിൽ ഇറങ്ങണം. എന്നാൽ ട്രെയി നിന്റെ ഒരു ബോഗിയും ആരും തുറക്കുകയില്ല. ഒരി ടത്തും കയറാൻ സാധിച്ചില്ല. ആ ട്രെയിനിൽ പോയാൽ മാത്രമേ വൈകിട്ടു ഗുൽബർഗയിൽ എത്തി ആദ്യയോഗത്തിൽ പ്രസംഗിക്കുവാൻ സാധിക്കുകയു ള്ളു. ട്രെയിൻ മെല്ലെ നീങ്ങിത്തുടങ്ങി. ഞാൻ അതി ഭയങ്കരമായ "വിഡ്ഢിത്തം" പ്രവർത്തിച്ചു. വലതു കയ്യിൽ ബെഡിംഗും പെട്ടിയും പിടിച്ചു ഇടതുകൈകൊണ്ടു ഒരു കമ്പിയിൽ പിടിച്ചു സ്റ്റെപ്പിൽ കയറി നിന്നു. ട്രെയിൻ സ്പീഡു എടുക്കാൻ തുടങ്ങി. (നാലഞ്ചു മിനിറ്റിനുള്ളിൽ ഞാൻ താഴെവീണു മരിച്ചു പോകു മായിരുന്നു എന്നു ഓർത്തില്ല.) ഇതാ പെട്ടെന്നു ഒരു ചെറുപ്പക്കാരൻ എഴുന്നേറ്റു ഓടി വന്നുവാതിൽ തുറന്നു എന്നെ അകത്തു കയറ്റി. അതോ, തലവടി യിൽ എൻെറ അയൽവാ സിയായ ഒരു ചെറുപ്പ ക്കാരൻ. ദൈവത്തിനുസ് തോത്രം. ആ "മാലാഖ" എന്നെ സഹായിച്ചില്ലായി രുന്നെങ്കിൽ..... ഇന്നു ഇതുപോലൊരു സ്മര ണിക ഇറങ്ങുമായിരുന്നി ല്ല. അതേ രാത്രി, ഞാൻ ഗ്രാമത്തിൽ വിട്ടേച്ചുപോ ന്ന എൻെറ ഭാര്യയ്ക്കും രണ്ടു കുഞ്ഞുങ്ങൾക്കും മറ്റൊരു ഭയങ്കര അപകടം അടുത്തു വന്നു. മകൻ സണ്ണി 3 വയസ്സ്, മകൾ സാലി 3 മാസം. ഒരു ദുഷ്ട മനുഷ്യൻ രാത്രി യിൽ കതകു ചവിട്ടിപ്പൊ ളിച്ചു അകത്തുകയറു വാൻ ശ്രമിച്ചു. കതകു തുറന്നു പോകുവാൻ ദൈവം സമ്മതിച്ചില്ല. ദൈവം എൻെറ ഭാര്യയേ യും കുഞ്ഞുങ്ങളെയും സൂക്ഷിച്ചു. ദൈവത്തിനു സ്തോത്രം.

എന്നെയും എൻെറ കുടുംബത്തേയും കൊണ്ടു ദൈവത്തിനു പ്രത്യേക പദ്ധതിയുണ്ടായിരുന്നതു കൊണ്ടു ഞങ്ങളെ മരണത്തിൽ നിന്നു വിടുവിച്ചു. ഈ കാലമത്രയും കർത്താവിൻെറ വേലയിൽ നിർത്തി യിരിക്കുന്നു. ഞങ്ങൾക്കു നാലുമക്കൾ. എല്ലാവരും വിവാഹിതർ. എട്ടു കൊച്ചുമക്കൾ. ഞങ്ങളുടെ വേല ക്കു അവർ ശക്തമായ കൈത്താങ്ങൽ തരുന്നു.

1962 വരെ ബംഗാരപ്പെട്ടയിൽ പ്രവർത്തിച്ചു. 1962 ഡിസംബറിൽ സെൻറ് തോമസ് ഇവാൻജലിക്കൽ സഭയിൽ പട്ടമേറ്റു. നിലമ്പൂർ സെൻറർ, ബോംബെ, പൂന, അഹമ്മദാബാദു ഇടവകകളിൽ ശുശ്രൂഷിച്ചു. 1967-ൽ വീണ്ടും നിമ്പൂർ സെൻററിലേക്കു സ്ഥലം മാറ്റം തന്നു. അച്ചനായശേഷം പള്ളിസേവ മാത്രമല്ല എന്നെക്കൊണ്ടുള്ള ദൈവോദ്ദേശം എന്നു യേശയ്യാവു. 49:6 "നീ യാക്കോബിൻെറ ഗോത്രങ്ങളെ എഴുന്നേ ല്പിക്കേണ്ടതിനും യിസ്രായേലിൽ സൂക്ഷിക്കപ്പെട്ട വരെ തിരിച്ചുവരുത്തേണ്ടതിനും എനിക്കു ദാസനാ യിരിക്കുന്നതുപോരാ, എൻെറ രക്ഷ ഭൂമിയുടെ അറ്റ ത്തോളം എത്തേണ്ടതിനു ഞാൻ നിന്നെ ജാതികൾ ക്കു പ്രകാശമാക്കി വെച്ചുമിരിക്കുന്നു എന്നു അവൻ അരുളിച്ചെട്ടുന്നു." ഈ വാക്യം എന്നെ ബോദ്ധ്യ പ്പെടുത്തി.



ആദ്യത്തെ ഇടവക-വെട്ടത്തൂർ

1956-ൽ നിലമ്പൂർ റോഡിൽക്കണ്ട മലമു ത്തൻ ഉൾപ്പെട്ട മലബാ റിലേക്കു 1967-ൽ സഭ മുഖാന്തിരം ദൈവം ഞ ങ്ങളെ അയച്ചു. ഇവിടെ മൂന്നു സംസ്ഥാനങ്ങളി ലായി പന്ത്രണ്ടു ഇടവ കകളിൽ ശുശ്രൂഷിക്കണ മായിരുന്നു. (സൗത്ത്

കാനറാ, ഗൂഡല്ലൂർ, മലബാർ). ഇടവക ശുശ്രൂഷകളോടുകൂടെ സുവിശേഷ തല്പരരായ വിശ്വാസികളെ സംഘടിപ്പിച്ചു മലബാറിലെ അക്രൈസ്തവരുടെ ഇടയിൽ എളിയ തോതിൽ വേല ആരംഭിച്ചു. അതിനെക്കുറിച്ചു വൈസ് പ്രസിഡണ്ടു ശ്രി. കെ. എം. മത്തായിയുടെ ലേഖനത്തിൽ പറഞ്ഞിട്ടുണ്ട്.

ആഴ്ചയിൽ ഒരു ദിവസം പല ദൈവമക്കൾ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുമായിരുന്നു. കൽനടയായി എട്ടും, പത്തും കി. മീ. നടന്നു വന്ന അപ്പച്ചന്മാരും അമ്മമാരും ഉണ്ടായിരുന്നു. അവരിൽ ഒരു വല്യമ്മച്ചി (105 വയസ്സ്) ജീവിച്ചിരുപ്പുണ്ട്. ആ സമയത്തു ലഭിക്കുന്ന വെളിച്ചം അനുസരിച്ചു വേലകൾ നടത്തിക്കൊണ്ടിരുന്നു.

കൂടാതെ ഇവാൻജലിക്കൽ സഭയുടെ പ്രത്യേകമായ പ്രതിസന്ധിഘട്ടത്തിൽ സഭയുടെ ഉണർവ്വിനും ഐക്യമായ നിലനില്പിനും വേണ്ടി 'ഇവാൻജലിക്കൽ ചർച്ച് റിവൈവൽ മൂവ്മെൻറ്' എന്ന പേരിൽ ഒരു ഉണർവ് കൂട്ടായ്മ ഉടലെടുത്തു. കേരളത്തിന്റെ തെക്കു മുതൽ വടക്കുവരെയുള്ള അനേക ദൈവമക്കൾ മാസത്തിൽ 2 ദിവസം ഓരോ ദേശത്തു ഒന്നിച്ചുകൂടി ഉണർവ്വിനായി പ്രാർത്ഥിക്കുമായിരുന്നു. ആ യോഗങ്ങളിലെ വചന ശുശ്രൂഷകളും സാക്ഷ്യങ്ങളും മൂലം വിശ്വാസികൾ വിശുദ്ധീകരണം പ്രാപിക്കുകയും മറ്റ് അനേകർ രക്ഷിക്കപ്പെടുകയും ചെയ്യുവാൻ ആ ഉണർവ് പ്രസ്ഥാനത്തെ ദൈവം ഉപയോഗിച്ചു.

ഇന്നുള്ളതുപോലെയുള്ള സ്ഥലങ്ങൾ, കെട്ടിടങ്ങൾ, വാഹനങ്ങൾ, മിഷ്യനറിമാർ, സഹായികൾ, സംഭാവനകൾ, നിങ്ങളുടെ കൂട്ടായ്മ, വാർത്താ പത്രികകൾ ഇവയൊന്നും അന്നു സ്വപ്നം കണ്ടിരുന്നില്ല. അതാതു ദിവസങ്ങളിൽ കഴിവുള്ളതു ചെയ്യുക എന്നു മാത്രം. യാതൊരു സാധന സാമഗ്രികളും ഉപകരണങ്ങളും ഇല്ലായിരുന്നു. ഞങ്ങൾ ചെല്ലുന്ന ചെറിയ പട്ടണങ്ങളിൽ മൈക്കു വാടകക്കു കൊടുക്കുന്നവരിൽ നിന്നും ഒരു മണിക്കൂർ നേരത്തെക്കു വാടകക്കു എടുത്തു പരസ്യയോഗങ്ങൾ നടത്തിയിട്ടുണ്ട്.

നിലമ്പൂരിലെ പാഴ്സനേജിൽ ആഴ്ചതോറും നടത്തിവന്ന പ്രാർത്ഥനായോഗത്തിന്റെ ഫലമായി മലബാർ സുവിശേഷീകരണം പുരോഗമിക്കുവാൻ തുടങ്ങി. വളരെ ലളിതമായ വിധത്തിൽ സ്വന്തമായുള്ള എളിയ കഴിവുകൾ (resources) മാത്രം ഉപയോഗിച്ചാണു പ്രവർത്തിച്ചുപോന്നതു. പ്രാർത്ഥനയിലും വേലയിലും പങ്കെടുക്കുവാൻ വരുന്നവർ അവരവർക്കു കഴിവുള്ളതു കൊണ്ടുവന്നു ഒന്നിച്ചു ഒരാളെ ഏല്പിച്ചു ചെലവാക്കുകയായിരുന്നു.

ഇന്നുള്ളതുപോലെയുള്ള സ്ഥലങ്ങൾ, കെട്ടിടങ്ങൾ, വാഹനങ്ങൾ, മിഷ്യനറിമാർ, സഹായികൾ, സംഭാവനകൾ, നിങ്ങളുടെ കൂട്ടായ്മ, വാർത്താ പത്രികകൾ ഇവയൊന്നും അന്നു സ്വപ്നം കണ്ടിരുന്നില്ല. അതാതു ദിവസങ്ങളിൽ കഴിവുള്ളതു ചെയ്യുക എന്നു മാത്രം. യാതൊരു സാധന സാമഗ്രികളും ഉപകരണങ്ങളും ഇല്ലായിരുന്നു. ഞങ്ങൾ ചെല്ലുന്ന ചെറിയ പട്ടണങ്ങളിൽ മൈക്കു വാടകക്കു കൊടുക്കുന്നവരിൽ നിന്നും ഒരു മണിക്കൂർ നേരത്തെക്കു വാടകക്കു എടുത്തു പരസ്യയോഗങ്ങൾ നടത്തിയിട്ടുണ്ട്. ചിലപ്പോഴൊക്കെ ജീപ്പു, വാൻ വാടകയ്ക്കു എടുത്തും മിഷ്യൻ യാത്ര പോകുമായിരുന്നു. ഇവിടെ നിന്നും 13. കി. മീ. അകലെ വണ്ടൂർ എന്ന സ്ഥലത്തു "കരുണാലയ ഹോസ്പിറ്റൽ" സ്ഥാപിച്ചു മിഷ്യനറി പ്രവർത്തനം ഉണ്ടായിരുന്നു. അതിന്റെ ചുമതലക്കാരായി റവ. ഹെൻട്രി ഓട്ടൺ, ഭാര്യ ശ്രീമതി മേരി ഓട്ടൺ എന്ന മിഷ്യനറി ദമ്പതികൾ ഞങ്ങളുമായി പരിചയത്തിലായി. ഞങ്ങളുടെ സുവിശേഷ യത്നങ്ങൾ അവരെ ആകർഷിച്ചു. വിശിഷ്യ എന്റെ കൂടെ പ്രവർത്തിച്ചവർ പ്രതിഫലം വാങ്ങാതെ സ്വന്തകയ്യിൽ നിന്നു ചെലവുചെയ്തു വേല ചെയ്യുന്നതു അവരെ അത്ഭുതപ്പെടുത്തി. അവർ രണ്ടുപേരും മരിക്കുന്നതുവരെ ഞങ്ങളോടു സ്നേഹത്തിലായിരുന്നു.

മേൽപറഞ്ഞപ്രകാരം ബുദ്ധിമുട്ടുകൾ സഹിച്ച് എളിയ തോതിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ, ചിലതെല്ലാം സ്വന്തമായി ഉണ്ടായാൽ വേല കൂടുതലായി ചെയ്യാമെന്നു തോന്നി. അങ്ങനെയുള്ള വകകളുടെ ഒരു ലിസ്റ്റുണ്ടാക്കി അതു ദൈവസന്നിധിയിൽ വച്ചു പ്രാർത്ഥിച്ചു. അതിൻപ്രകാരം അവയെല്ലാം ഓരോന്നായി ഓരോ സമയങ്ങളിൽ ലഭിച്ചു. "എന്നെസഹായിക്കുന്നവരോടു കൂടെ യഹോവ എന്റെ പക്ഷത്തുണ്ട്". ആ കാര്യങ്ങളെല്ലാം സാധിപ്പാൻ ദൈവം നിങ്ങളെ ഉപയോഗിച്ചു. നിങ്ങളും ഇതിന്റെ ഭാഗമായി, ദൈവത്തിനു സ്തോത്രം. നിങ്ങൾക്കെല്ലാവർക്കും നന്ദി. 1974 നു മുമ്പുതന്നെ മൈക്കു സെറ്റും, ചെറിയ പ്രൊജക്ടറും ലഭിച്ചു. 1974ൽ ഫെലോഷിപ്പിന്റെ ആസ്ഥാനമായി സ്ഥലംവാങ്ങി. 1976-ൽ ഒരു മൂവിപ്രൊജക്ടർ വാങ്ങി. 1976ൽ മലബാർ ബൈബിൾ ഫെലോഷിപ്പു രജിസ്റ്റർ ചെയ്തു. (മലപ്പുറം 194/1976.) 1977-ൽ ആദ്യ സ്നാനം - രാധാകൃഷ്ണൻ കുടുംബം; 1978 മുതൽ

മിഷ്യനറിമാർ, 1978-ൽ ബൈബിൾ ഫെലോഷിപ്പു സെൻറർ പ്രാർത്ഥനാലയം, ശ്മശാനം. 1980-ൽ ലൈസൻസ് ലഭിച്ചു. 1981-ൽ ആദ്യ വാൻ. 1983 - 93 വരെയുള്ള 10 വർഷംകൊണ്ട് ഗെസ്റ്റു ഹൗസ് (ഫെലോഷിപ്പു ഭവൻ) പണിതു. 1991 - ൽ വെട്ടത്തൂരിൽ ആരാധനാലയം പ്രതിഷ്ഠിച്ചു. 1993 - 95 കാലയളവിൽ ബൈബിൾ സ്കൂൾ നടത്തി. 1993 - 94 ൽ സംഗീതോപകര ണങ്ങൾ വാങ്ങി. എ ന്നാൽ മ്യൂസിക്ടീം ഇപ്പോൾ ഇല്ല. 1999 - ൽ burial Vaults (ആധുനിക രീതിയിലുള്ള കല്ലറ മുറികൾ) പണി തു.



വയനാട്ടിലെ മിഷൻ വേലയുടെ മദ്ധ്യേ മിഷനറിമാർ

1999 ആഗസ്റ്റ് ഒടുവിൽ വാൻ വിറ്റു. ഫിലി. 4: 6 "ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടത്." ആ വചനപ്രകാരം സകല ആവശ്യങ്ങളും സ്തോത്രത്തോടെ ദൈവത്തെ അറിയിച്ചു. ദൈവം തന്നു. ദൈവത്തിനു മഹത്വം.

1976-ഒക്ടോബർ മാസംവരെയുള്ള ഏഴെട്ടുവർഷം സുവിശേഷ തല്പരരായ ദൈവമക്കൾ ഒന്നിച്ചുകൂടി ആഴ്ചതോറും നിശ്ചിത ദിവസങ്ങളിൽ സ്വന്തം കയ്യിൽ നിന്നു ചെലവു ചെയ്തു പ്രവർത്തിക്കുകയായിരുന്നു.

എന്നാൽ അതുപോരാ, മിഷ്യനറിമാരെ താമസിപ്പിച്ചു പ്രവർത്തിക്കണമെന്നു താല്പര്യപ്പെട്ടു. കോഴിക്കോട്ടുജില്ലയിൽ വടകരയ്ക്കു അടുത്തു വില്ല്യാപ്പള്ളി എന്ന സ്ഥലം തെരഞ്ഞെടുത്തു. പോകാൻ ആളിനെ കിട്ടാൻ പ്രാർത്ഥിച്ചു. മി. പി. വി. ഈപ്പൻ, മി. ഒ. ടി. വർഗ്ഗീസ് എന്ന രണ്ടു ചെറുപ്പക്കാർ മുമ്പോട്ടുവന്നു. 1976 ഒക്ടോബർ 11 രാത്രി ഫെലോഷിപ്പ് അംഗങ്ങളും അനുഭാവികളും ഒന്നിച്ചുകൂടി പ്രാത്ഥനയിൽ ചെലവഴിച്ചു. 12 - ന് ശ്രീ. കെ. എം. മത്തായി ആ യുവാക്കന്മാരുമായി വില്ല്യാപ്പള്ളിയിൽ പോയി വാടക വീട്ടിൽ താമസിപ്പിച്ചു. 1976 ലും 1977 ലും ചില മാസങ്ങൾ വില്ല്യാപ്പള്ളിയിൽ വേല നടന്നു. മി. ഒ. ടി ജോൺ, മി. ടി. എം. വത്സൻ ഇവരും വില്ല്യാപ്പള്ളിയിൽ താമസിച്ചു വേലയിൽ സഹായിച്ചിട്ടുണ്ട്.

മി. പി. വി. ഈപ്പൻ 1978-ൽ എം. ബി. എഫിൽ മിഷ്യനറിയായി പ്രവർത്തിക്കുവാൻ താല്പര്യപ്പെട്ടു അപേക്ഷ തരികയും അദ്ദേഹത്തെ മിഷ്യനറിയായി സ്വീകരിച്ചു പ്രതിഷ്ഠിച്ചു വേലക്കു ആക്കുകയും ചെയ്തു. അതിനെതുടർന്നു പല സഭകളിൽ നിന്നു യുവാക്കന്മാരും യുവതികളും മിഷ്യനറിമാരായി വന്നു പ്രവർത്തിച്ചിട്ടുണ്ട്. എല്ലാ മിഷ്യൻസിലും സംഭവിക്കുന്നതുപോലെ എം. ബി. എഫിൽ നിന്നും പലരും പിരിഞ്ഞ് പോകയും പുതിയ വേലക്കാർ വരികയും ചെയ്യുന്നുണ്ട്. 1999-ൽ 5 കുടുംബങ്ങളും (8) അവിവാഹിതരും ഉൾപ്പെടെ 18 പേർ മിഷ്യനറിമാരായി പ്രവർത്തിക്കുന്നു. ഇവർ 7 സഭകളിൽ നിന്നുള്ളവരാണ്. R.C. -2, യാക്കോബായ - 1, മാർത്തോമ്മ-1, ECI-1, ഇവാൻജലിക്കൽ- 6, CSI - 6, മലങ്കര കൃസ്ത്യൻ ചർച്ച്-1, ഇവരുടെ സാക്ഷ്യങ്ങളും ചിത്രങ്ങളും സുവനീറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇവർ പ്രവർത്തിക്കുന്ന വേലസ്ഥലങ്ങൾ - തേക്കിൻ ചുവടു, കീഴിശ്ശേരി, കടന്നമണ്ണ, നിലമ്പൂർ.

കൂടുതൽ മിഷ്യനറിമാരെ ലഭിക്കണം.

ദൈവ വിളിയും സമർപ്പണവും ഉള്ള ചെറുപ്പക്കാരെ ആവശ്യമുണ്ട്. അവരുടെ അലവൻസുകൾ കൊടുക്കുവാൻ പ്രീയ വായനക്കാർ സഹകരിക്കണം.

വേലയുടെ ആവശ്യം.

1991 ലെ കാനേഷുമാരി പ്രകാരം മലബാറിലെ 6 ജില്ലകളിലെ ജനസംഖ്യ. 1,20,93869 ആണ്. ഇപ്പോൾ 2000 മാണ്ടിൽ ജനസംഖ്യ ഒന്നരകോടിയായി വർദ്ധിച്ചുകാണും. വടക്കേ ഇൻഡ്യ പോലെ തന്നെ സുവിശേഷത്തിനു ആവശ്യമുള്ള പ്രദേശമാണ് മലബാർ. 19991 ലെ കാനേഷുമാരി പ്രകാരം 6,45,122 ക്രിസ്ത്യാനികളും 1,14,48743-ക്രിസ്തേതരുമുണ്ട്. എന്നാൽ 6,45,122 ക്രൈസ്തവർ ഉള്ളതിൽ 6 ലക്ഷത്തിലധികം പേർ തെക്കുനിന്നുള്ള കുടിയേറ്റക്കാരാണ്. മലബാറുകാരായ ക്രൈസ്തവർ കഷ്ടിച്ചു. നാല്പതിനായിരത്തിൽ കുറവേയുള്ളു. 150 വർഷം മുമ്പ് ജർമ്മനിയിൽ നിന്നു ബാസ്സൽ മിഷ്യൻകാർ വന്നു പ്രവർത്തിച്ചപ്പോൾ സുവിശേഷം സ്വീകരിച്ചവരുടെ പിൻ തലമുറക്കാരാണ്. അതിനാൽ ബാക്കിയുള്ള ഒരു കോടി പതിനഞ്ചു ലക്ഷത്തോളം അക്രൈസ്തവ സ്നേഹിതരോടും സുവിശേഷം പങ്കുവക്കേണ്ടതുണ്ട്. ഈ മലബാർ ഫീൽഡും വടക്കേ ഇൻഡ്യയിലെ ഗ്രാമങ്ങളും തമ്മിൽ എന്തു വ്യത്യാസം? ഒരു ശതമാനം പോലുമില്ല. ഈ വലിയ വേല ആരെക്കൊണ്ടു സാധിക്കും? ആർ മിഷ്യമറിമാരായി വരും? ആർ അതിനു വേണ്ടി പ്രാർത്ഥിക്കും? ആർ അതിനു സാമ്പത്തിക സഹായം നല്കും?

"ഞാൻ ആരെ അയക്കേണ്ടു? ആർ നമ്മുക്കു വേണ്ടി പോകും?" "അടിയൻ ഇതാ" എന്നു ആർ വെല്ലുവിളിയെ സ്വീകരിക്കും?

# മലബാർ

**(ആകെ വിസ്തീർണ്ണം: 17463 ച.കി.മീ.)**




കേരള സംസ്ഥാനത്തെ വടക്കു ഭാഗത്തുള്ള 6 ജില്ലകൾ ഉൾപ്പെട്ട മേഖലയാണു മലബാർ. കർണ്ണാടകത്തോടും തമിഴ്നാടിനോടും ചേർന്നു കിടക്കുന്ന ഭാഗങ്ങൾ വനനിബിഡമാണ്. മറുഭാഗം കടലോരപ്രദേശവുമാണ്.

മലബാറിൽ ഒന്നരകോടിയിലധികം ജനങ്ങൾ പാർക്കുന്നു. ജനസംഖ്യയിൽ ഏകദേശം 54% ഹിന്ദുക്കളും 40% മുസ്ലീങ്ങളും 6% ക്രിസ്ത്യാനികളുമാണു ഉള്ളത്. ക്രിസ്ത്യാനികളിൽ വെറും 1% മാത്രമേ മലബാർകാരായിട്ടുള്ളൂ. ബാക്കി 5% ക്രൈസ്തവർ ഉപജീവനാർത്ഥം തിരുവിതാംകൂർ പ്രദേശത്തുനിന്നും കുടിയേറിപാർത്തവരാണ്.

പുരാതനകാലത്ത് പല ഇടപ്രഭുക്കൻമാർ വിവിധ ഭാഗങ്ങൾ കൈവശം വച്ചിരുന്നു. വ്യാവസായികരംഗത്തും വിശ്വപ്രസിദ്ധിയാർജ്ജിച്ചതായിരുന്നു. പ്രത്യേകിച്ചും മര വ്യവസായം ഏറ്റവും മുൻപന്തിയിൽ ആയിരുന്നു.

മലബാറിന്റെ ഉൾഭാഗങ്ങളിൽ, അനേകം ആദിവാസികൾ പാർക്കുന്നുണ്ട്.

മലമുത്തന്മാർ, നായ്ക്കന്മാർ, ചോലനായ്ക്കൻമാർ, പണിയാർ എന്നിങ്ങനെ വിവിധതരം പേരുകളിൽ ഇവർ പൊതുവെ അറിയപ്പെടുന്നു.

## ജനസംഖ്യ

| ജില്ലകൾ | ജനസംഖ്യ | ഹിന്ദുക്കൾ | മുസ്ലീം | ക്രിസ്ത്യാനികൾ | ജനവർദ്ധന |
|---|---|---|---|---|---|
| കാസർഗോഡ് | 10,71,508 | 5,59,000 | 2,57,000 | 57,000 | 22.67% |
| കണ്ണൂർ | 22,51,727 | 12,56,000 | 4,64,000 | 2,11,000 | 16.27% |
| വയനാട് | 6,72,128 | 2,80,485 | 1,36,091 | 1,35,504 | 21.15% |
| കോഴിക്കോട് | 26,19,941 | 13,74,368 | 7,62,207 | 1,07,711 | 16.37% |
| മലപ്പുറം | 30,96,330 | 7,71,257 | 15,73,988 | 57,217 | 28.74% |
| പാലക്കാട് | 23,82,235 | 14,94,668 | 4,22,787 | 76,690 | 16.23% |
| ആകെ | 1,20,93,860 | 57,35,778 | 36,66,073 | 64,52,122 | |

# CHRISTIANS AND THE STATE

Very Rev. P. T. CHANDAPILLA
St. Thomas Evangelical Church of India

**Study References: I Pet. 2 : 13 - 17, Ti tus 3 : 1 -2, I Tim. 2 : 1 - 3, Rom . 13 : 1 -7, Acts 4:19 & 5:29**

**Introduction:**

The Christians of the Apostolic days had an ungodly and anti - christian state in authority over them. In fact all human governments of the day opposed them and persecuted them, whether in Palestine, in Asia Minor, Greece or Rome. At large was the Roman Empire opposing them. The local or regional authorities also were unfavourable to them.

In spite of all this contradiction their relationship to the State was one of peace, subjection and not of disloyalty, not of subversion or of rebellion. They suffered patiently. Scores and hundreds of them paid with their lives for their faith. Of course, the Lord Jesus had very pointedly warned His followers that the authorities and the State would not be in favour of them. So that is what they got.

Until the time of Emperor Constantine the Christian suffered, were persecuted and were martyred. From that time in history the Church faced privileges from the ruling powers while the Christian message spread on and on the through out the world. However, in the history of the Church there were many other occasions in different parts of the world when the Church faced severe opposition from the rulers and governments. Even today this is true in different parts of the Islamic countries. In such countries as well as in other countries where there is religious freedom and where Christians are in good terms with the rulers this missiological issue has relevance.

We will study this issue under a number of heads from the Apostolic days.

2. Reasons for Submitting to Authorities

In the New Testament, during the Church age, the Christians submitted to the State and her authorities not blindly. In this section we want to marshal the reasons which made them to submit to the rulers and authorities. There are nine different reasons we can easily outline :

One, the Christians submitted to the state authority and the rulers becaus it was commanded of them. I Pet. 2 : 13. They were in no doubt whether they should submit or not. Prima facie it was not a debatable issue. Even if at times or in places the Christians might have thought that they should disobey or disregard the rulers who were against them, the enjoinder of the Apostles settled the matter for them. As Christians their straight forward choice was to submit to the civil authorities.

Two, the Christians, including the Apostles, submitted to government authority for the Lord's sake. I Pet. 2: 13. The Lord Jesus Himself submitted to the human government which did not defend or protect Him. He had thus given an example. He submitted to the rulers because it was right, not because it was in His favour. In the same manner Christians are to submit to authorities and custodians of the law.

Three, it is the will of God for Christian believers to do right. In all things they are to do what is right. So then in the matter of being subject to human government. I Pet. 2 : 15. The duty of the government is to encourage what is right conduct. Thus the Christians get encouragement and assistance in their doing right as well.

Four, the submission to authority was an effective witness at large for the Christians. The non-Christians who were accusing the Christians from ignorance and foolishness were put to silence by such conduct. II Pet. 2 : 15. In many cases, because of the growth of the Christian church, the opponents were looking for opportunities to misrepresent the Christians and

to speak ill of them, saying that the believers were anti - state and antinational persons. Because the state of those days were inimical to the Christians such a false charge would easily stick. In order to outwit all such enemy strategies the happy submission of the Christians helped. Also contrarily such considered submission became a testimony in favour of the Christians. This made Church to grow more.

Five, it was good and acceptable in the sight of God that Christians use their individual freedom and free will to do right and not to do evil under cover. There could be various covers. One was to claim that the Christians were free only to pleases God as God's bondslaves. There was, therefore, no obligations on them to the State and such human systems. I Tim. 2:3, I pet. 2 : 16. Such wrong reasoning was corrected by the Apostles. Right reason was upheld for the Christians. What was good and acceptable in God's sight mattered. Not what was to their preferences or exercise of freedom. Such a good and acceptable matter was whether the Christians were subject to human government in the State.

Six, Christians subjected to the governing authorities because all authority is instituted and established by God. Therefore, those who oppose lawful authority oppose God's ordinances. Rom. 13 : 1, 2. This was a very weighty reason for submission to autority anywhere. Human government, as much all other social order for peace and dignity of man, is from God. Man was able to establish laws for his good because God Himself gave laws for man's good. The human government is one such. To obey an institution that God established is to obey God Himself. For anybody, especially for the Christian, to disobey God's established order and His ordinances is destructive. God has not set any ordinance for man which is for his detriment. Therefore, disobedience to God's provisions is detrimental. No Christan can afford to launch into a disobedient expedition before God's laws and limits. To become a Christain is to submit to God. Therefore, submission to authorities is only an extension of his relationship to God.

Seven, christians knew that if they opposed authority they would bring condemnation on themselves. Also if they had good behaviour and did good they would be commanded by authority. Neither would the Christians have to be afraid of authority. Rom. 13 : 2, 3. This sure knowledge, as pointed out by Paul, even to the Christians in Rome, was clear to other Christians as well. They all, therefore, found it judicious to submit to authorities. It paid Christians much more to be subject to the state powers than to resist and fight it. This would, all in all, further the cause of their Lord, That is what they wanted above everything else.

Eight, the subjection of the Christians to human governments or authority was not simply to get out of punishment, but also for conscience sake. Rom. 13 : 5. The Christian conscience guides a Christian alright. His conscience always tells him that it is right to obey the law and the regulations. The authorities are there to exercise the law and its application. Therefore, when and where the law is broken, When the authorities are despised or are considered as nothing the conscience of a believer will accuse him. In order to have a clear conscience, then, the Christian must subject to authority. How can any Christian require of anybody else to obey the rules or submit to authorities if he himself does not do so ? Thus, then, submitting to the authorities is important from the point of the Christian's conscience.

Nine, submission to rulers and obedience to authorities in all gentleness were to show considerateness and humility toward all men. Tit. 3:1, 2. Not to malign people and not to be contentious with others was part of the Christian manner of life. This, then, was what was expected of Christian believers of the New Testament age. So also it is all true today of Christians. When Christians do not submit to authorities and obey the rulers they are at war with them. It may not be a shooting war, necessarily, but a cold war. Resentment, rebelliousness and a fighting spirit are the forces that will guide the non-submissive. In this way all that is Christian will be negated. This is very serious. So submission to rulers is right. ■

# KATTATHRA PRAYER FELLOWSHIP

## KOTTAYAM - 4

**ആശംസാ സന്ദേശം** **Daisy Philip**

**1974**-ൽ മലബാറിൻെറ സുവിശേഷീകരണം എന്ന സദുദ്ദേശത്തോടുകൂടി ബഹു: പി. പി. തോമസച്ചൻെറ നേതൃത്വത്തിൽ സുവിശേഷതല്പരരായ സഹപ്രവർത്തകർ ഒത്തുചേർന്ന് സ്ഥാപിതമായ ഒരു പ്രസ്ഥാനമായ "മലബാർ ബൈബിൾ ഫെലോഷിപ്പ്" കഴിഞ്ഞ 25 വർഷക്കാലമായി മലബാറിലെ വിവിധപ്രദേശങ്ങളിൽ സംഘമായി, ദൈവസ്നേഹത്താൽ നിർബ്ബന്ധിതരായി, അതീവതാല്പര്യത്തോടെ നിസ്വാർത്ഥപരമായ സേവനം അനുഷ്ഠിച്ചു. അതിൻെറ ഫലമായി വിവിധ സ്ഥലങ്ങളിൽ അനേകർ യേശുവിനെ രക്ഷിതാവായി സ്വീകരിപ്പാൻ ഇടയായി. നിങ്ങൾ ഭൂലോകം മുഴുവൻ നേടിയെടുത്താലും നിങ്ങളുടെ ആത്മാവ് നഷ്ടപ്പെട്ടാൽ എന്ത് പ്രയോജനം എന്ന് നമ്മുടെ കർത്താവ് ചോദിച്ച ചോദ്യത്തിൻെറ അർത്ഥവും പ്രാധാന്യവും ഇവർ നന്നായി ഗ്രഹിച്ചിട്ടുണ്ട്. അതിനാൽ തങ്ങൾക്ക് നേരിടുന്ന സകലവിധ പ്രതികൂലങ്ങളെയും പ്രതിസന്ധികളെയും വകവയ്ക്കാതെ, അവയെയെല്ലാം ദൈവകൃപയാൽ അതിജീവിച്ചുകൊണ്ട്, തങ്ങളുടെ പ്രാണനെ വിലയേറിയതായി എണ്ണാതെ, അവരിന്നും ത്യാഗസമ്പൂർണ്ണമായ പ്രയത്നങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. വർഷങ്ങൾക്ക് മുമ്പ് ബഹു: തോമസച്ചനും ഏതാനും സഹപ്രവർത്തകരും ചേർന്ന് കോട്ടയം സന്ദർശിച്ചപ്പോൾ അവരെ കാണുവാനും പരിചയപ്പെടുവാനും ഇടയായതിൽ സന്തോഷമുണ്ട്. സുവിശേഷത്തിന് വേണ്ടിയുള്ള ആ യൗവ്വനക്കാരുടെ ആവേശം കണ്ട് ഞാൻ അത്ഭുതപ്പെട്ടുപോയി. ഓരോ ക്രിസ്ത്യാനിയും ഒരു മിഷനറിയാണെങ്കിൽ ഇതുപോലൊരു ആവേശം ഞാനുൾപ്പെടെ എല്ലാ ക്രിസ്ത്യാനികൾക്കുമുണ്ടായിരുന്നെങ്കിൽ!! ഞാനാശിച്ചുപോയി...... ജീവിതം കർത്താവിന് വേണ്ടി ഉഴിഞ്ഞു വച്ചുകൊണ്ട്, ഏത് ത്യാഗവും സഹിക്കുവാൻ തയ്യാറായിക്കൊണ്ട് ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി നിരന്തരം പ്രവർത്തിക്കുന്ന ഈ സംഘത്തിൻെറ എല്ലാ പ്രവർത്തനങ്ങളെയും കർത്താവ് ധാരാളമായി അനുഗ്രഹിക്കട്ടെ! അവർ ഓടിയതും അദ്ധ്വാനിച്ചതും വൃഥാവാകാതെ ആത്മാക്കളുടെ ഒരു വലിയ കൊയ്ത്തു നടത്തുവാൻ ദൈവം തൻെറ കൃപയാൽ അവരെ ശക്തീകരിച്ച് നിലനിർത്തട്ടെ!.

രണ്ടായിരമാണ്ട് ജനുവരിയിൽ രജതജൂബിലിയാഘോഷിക്കുവാൻ തക്കവണ്ണം ദൈവം ഈ സുവിശേഷ പ്രസ്ഥാനത്തെ ഫലപ്രദമായും വ്യാപകമായും വളർത്തിയെടുത്തതിൽ സന്തോഷിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്യുന്നു. വരും കാലങ്ങളിൽ ഈ പ്രസ്ഥാനം അനേകം ആത്മാക്കളുടെ രക്ഷയ്ക്ക് മുഖാന്തിരമാക്കി ദൈവം തീർക്കട്ടെ!.

നാം ഒരു പുതിയ സഹസ്രാബ്ദത്തിലേക്ക് പ്രവേശിക്കയാണല്ലോ. മുന്നോട്ടു നോക്കിയാൽ, ലോകപ്രകാരം, ഒരു സമാധാനത്തിന് വഴികാണുന്നില്ല. ദൈവവചനത്തിൽ അന്ത്യകാലത്തെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്ന സത്യങ്ങൾ അതേപടി നിവർത്തിയായിക്കൊണ്ടിരിക്കുന്നു. കർത്താവിൻെറ വരവ് ഏറ്റം സമീപിച്ചു എന്ന് സംഭവങ്ങൾ വിളിച്ചു പറയുന്നു. അന്ധകാരത്തിൻെറയും അസമാധാനത്തിൻെറയും കാലം മുന്നിൽ കാണുന്ന ഒരു വിശ്വാസിക്ക് കർത്താവിൻെറ വരവിനെക്കുറിച്ചുള്ള ഉറപ്പും പ്രത്യാശയും സമാധാനവും സന്തോഷവും നൽകുന്നു. രക്ഷ എന്ന വലിയ ദാനം കൃപയാൽ ലഭിച്ച നമുക്ക് ദൈവത്തെ സ്തുതിക്കാം. കർത്താവിൻെറ വരവിനായി ഒരുങ്ങാം. ആത്മാക്കളെ നേടാം.

❖❖



# MESSAGE OF GREETINGS

**Dr. K.A. NAMBUDIRIPAD, Madras**

I am very pleased to send this greetings to Malabar Bible Fellowship on the occasion of its Silver Jublee Celebration. It is a proud occasion for all its - office bearers, especialy for our dear Brother Rev. P.P. Thomas and all its Evangelists and prayer partners like me to know that this pioneering missionory enterprise is completing 25 valuable and productive years of missionary service in this unreached part of Kerala. I had the privelege to preach on many occasions in its Annual Mission conferences and I throughly enjoyed the happy Christian fellowship during my association with Rev. P.P. Thomas and other missionaries of this fellowship during these conferences.

Being the product of South Malabar I have special burden for my native district of this erstwhile Madras Presidency. Malabar was and continues to be a neglected region of evangelization of Kerala and I am happy that your fellowship has taken it as a Challenge to flood these districts with the gospel of our Lord Jesus Christ. I wish this fellowship all God's blessings and grace to realise their dream of proclaiming the Word of God to evry part of Malabar. I thank God for the many souls who have come to the saving knowledge of Christ through the hard and difficult ministry of MBF amidst great opposition. MBF needs more missionaries & financial support to reach every nook and corner of this harvest field.

My prayer is that God will provide all the needed grace and assistance as the fellowship strives unceasingly to spread the Word in Malabar. May God fulfil his purpose for Malabar and bring many more people to the saving grace of Jesus Christ through this fellowship in NILAMBUR.

I wish the M.B.F. every success in its next 25 years of ministry, if the Lord tarries, as the missionaries labour in this vineyard to the praise of His glory.

[വെല്ലൂർ സി.എം.സി.യിലും ലുദിയാനാ സി.എം.സി.യിലും പ്രിൻസിപ്പലായും ന്യൂറോ സർജനായും ശ്രേഷ്ഠ സേവനം അനുഷ്ഠിച്ച വിശ്വാസ വീരനായിരുന്ന ഡോക്ടർ കെ. എൻ. നമ്പൂതിരിപ്പാടിന്റെ അനുജനാണ് ഡോക്ടർ കെ. എ. നമ്പൂതിരിപ്പാട്.

# അടിയനിതാ അടിയനെ അയയ്ക്കേണമേ...

റെജി ജേക്കബ്, മിഷ്യൻസ് ഇൻഡ്യ

സംഗീതം എൻെറ ജീവിതത്തിൽ നിർണ്ണായക മായ പങ്ക് വഹിച്ചിട്ടുണ്ട്. എൻെറ ജീവിതത്തിലെ പ്രധാനപ്പെട്ട തീരുമാനങ്ങളെല്ലാം എടുത്തത് സംഗീതവുമായി ബന്ധപ്പെട്ടാണ്.

മലബാറിലെ എൻെറ ജീവിതവും ശുശ്രൂഷയുമായി Malabar Bible Fellowship അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. 1979 ൽ മലപ്പുറം ജില്ലയിലെ വണ്ടൂരിൽ ഒരു സ്കൂൾ അദ്ധ്യാപകനായി എത്തിയതു മുതൽ കർത്തൃദാസൻ പി. പി. തോമസ് അച്ചനോടു ചേർന്ന് മലബാറിൻെറ മുക്കിലും മൂലയിലും സംഗീതം മാധ്യമമാക്കി ദൈവവചനം എത്തിക്കുവാൻ ദൈവം അവസരം ഒരുക്കി. ദൈവം നടത്തിയ വഴികളെ ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

1975 ജനുവരി 24 - ാം തീയതി കോട്ടയം പുതുപ്പള്ളി ഹോറേബ് പള്ളിയങ്കണത്തിലെ പന്തലിലേക്ക് 150 പേരടങ്ങുന്ന ഗായകസംഘത്തിൻെറ ഗാനം ആസ്വദിക്കുവാൻ കടന്നു പോയ എനിക്ക് ആ ദിനം ജീവിതത്തിൻെറ ഭാഗ്യനാൾ ആയി മാറി. കേവലം ഒരു ഭക്തനായിരുന്ന എൻെറ പാപക്കറകൾ കാൽവറി രക്തത്താൽ കഴുകിക്കളഞ്ഞ ദിനം. പാരമ്പര്യങ്ങളിലും കൂദാശകളിലും രക്ഷ കണ്ടെത്താനാശിച്ച "മര്യാദ പാപിയായിരുന്ന എൻെറ ഹൃദയ ശ്രീകോവിലിൽ നസറായനായ യേശുവിനെ രക്ഷകനും കർത്താവുമായി അറിവോടും സമ്മതത്തോടും കൂടെ പ്രതിഷ്ഠിച്ച സുദിനം. "ഭാഗ്യനാൾ യേശു എൻ പാപം തീർത്ത നാൾ " .....

1994-ലെ ചുങ്കത്തറ കൺവൻഷനു വേണ്ടി ഞാൻ എഴുതി ഈണം പകർന്ന "കൊയ്ത്തിനായി നിലം വിളഞ്ഞിരിക്കുന്നു" എന്ന ഗാനത്തിലൂടെ കർത്താവ് എന്നെ പൂർണ്ണസമയ ശുശ്രൂഷയ്ക്കായി വിളിച്ചു വേർതിരിച്ചു.

"അടിയനിതാ അടിയനെ അയയ്ക്കേണമേ" എന്നു തുടങ്ങുന്ന അവസാന ചരണം എഴുതിയപ്പോഴും ഈണം പകർന്നപ്പോഴും ഹൃദയത്തിൻെറ പ്രാർത്ഥന "അടിയനിതാ അടിയനെ അയയ്ക്കണമേ" എന്നായിരുന്നു. ഈണത്തിൽ കളവു പറയുന്ന എൻെറ സ്വഭാവത്തിന് ദൈവം വ്യത്യാസം വരുത്തി. സർക്കാർ ജോലി രാജിവയ്ക്കുവാൻ 1994 മെയ് മാസം 26-ാം തീയതി ഞാൻ തീരുമാനിച്ചു. ഈ തീരുമാനത്തെ എല്ലാവരും എതിർത്തു. "മുഴുസമയ ക്രിസ്തീയ വേലയ്ക്കു പോകുന്നെങ്കിൽ ലീവെടുത്ത് പോകണ്ടാ, രാജിവച്ച് പോകണം" എന്നു എൻെറ പ്രിയ ഭാര്യ പറഞ്ഞ വാക്കുകൾ എനിക്ക് ബലം പകർന്നു. നാലു ഭാഗത്തുനിന്നും ആഞ്ഞടിച്ച കൊടുങ്കാറ്റുകൾ എൻെറ തീരുമാനത്തെ മാറ്റിമറിച്ചു. വല്ലാത്ത പിരിമുറുക്കം അനുഭവിച്ച ദിവസങ്ങളായിരുന്നു അവ.

1994 ൽ ബൈബിൾ ഫെലോഷിപ്പ് സെൻററിൽ നടത്തപ്പെട്ട മിഷനറി കൺവെൻഷനിൽ പ്രസംഗിച്ച ബ്ര. ജോർജ് ചെറിയാൻെറ ശുശ്രൂഷയിലൂടെ ദൈവാത്മാവ് ശക്തമായി എന്നോട് ഇടപ്പെട്ടു. രണ്ടു മക്കളും പ്രിയപ്പെട്ട ഭാര്യയും നഷ്ടപ്പെട്ട ജോൺ തനിക്കേക ആശ്രയമായിരുന്ന ബോട്ട് കത്തിച്ച് ദൈവത്തിൽ മാത്രം ആശ്രയിച്ചപ്പോൾ ദൈവം ഫലകരമായി ഉപയോഗിച്ച സംഭവകഥയിലൂടെ എൻെറ ആശ്രയമായിരുന്ന 'ബോട്ട്' കത്തിക്കുവാൻ M.B.F. കാർ പോർച്ചിൽ നിന്നു കൊണ്ടു ആ തീരുമാനം ഞാൻ കൈക്കൊണ്ടു. നിറകണ്ണുകളോടെ തകർന്ന ഹൃദയത്തോടെ ഞാനെടുത്ത തീരുമാനത്തിൽ നിലനില്ക്കുവാൻ ദൈവം സഹായിച്ചു.

MBF ലൂടെ ദൈവം ചെയ്തെടുത്തുകൊണ്ടിരിക്കുന്ന വേലയെ ഓർത്തും, ഈ വേലയോട് സഹകരിച്ച് ശുശ്രൂഷയിൽ മുന്നേറുവാൻ ദൈവം എനിക്കു നല്കിയ അവസരങ്ങളെ ഓർത്തും ഞാൻ ദൈവത്തെ സ്തുതിക്കുന്നു. വേല ആരംഭിച്ചിട്ട് 25 വർഷം തികയുന്ന ഈ സന്ദർഭത്തിൽ സകല നന്മകളും സർവ്വശക്തനായ ദൈവം കലവറ കൂടാതെ ചൊരിയട്ടെ എന്ന് ആശംസിക്കുന്നു.

ആശംസകൾ

റവ. ഡോ. കെ. പി. മത്തായി
എപ്പിസ്ക്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട്, തിരുവല്ല

മലബാർ ബൈബിൾ ഫെലോഷിപ്പ് 25 വർഷത്തെ ശുശ്രൂഷകൾ പിന്നിട്ട് അതിന്റെ രജത ജൂബിലി ആഘോഷിക്കുന്നു എന്നറിയുന്നതിൽ അതിയായി സന്തോഷിക്കുന്നു. സുവിശേഷപ്രവർത്തന പരമായി വളരെ പിന്നിലായിരുന്ന മലബാർ പ്രദേശത്ത് വ്യക്തമായ സുവിശേഷ ദർശനത്തോടും അചഞ്ചലമായ ദൈവവിശ്വാസത്തോട്ടു് കൂടി ആരംഭിച്ച ഫെലോഷിപ്പിന്റെ പ്രവർത്തനങ്ങളെ ദൈവം മാനിച്ച്, ആശിർവദിച്ച് അനേകരുടെ രക്ഷയ്ക്കായു് തന്റെ നാമമഹത്വത്തിനായും അത്ഭുതകരമായി ഉപയോഗിച്ചിരിക്കുന്നവല്ലോ എന്നോർത്ത് ദൈവത്തിന് സ്തോത്രം ചെയ്യുന്നു. കാലങ്ങൾ പിന്നിടുന്തോറും പുതിയ വെല്ലുവിളികളെ സുവിശേഷപ്രവർത്തനരംഗത്ത് അഭിമുഖീകരിക്കേണ്ടി വന്നുകൊണ്ടിരിക്കയാണല്ലോ. ആരംഭത്തിൽ ഉണ്ടായിരുന്ന ദർശനവും ദൈവാശ്രയവും അല്പം പോലും മങ്ങിപ്പോകാതെ കൂടുതൽ ജ്വലിച്ച് പ്രകാശിച്ച് പരിശുദ്ധാത്മശക്തിയിൽ ദൈവവചനം പൂർണ്ണധൈര്യത്തോടുകൂടെ പ്രസ്താവിപ്പാൻ ഭാവിയിലും ദൈവം കൃപനൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

റവ. ഡോ. കെ. പി. മാത്യു

❑

കർത്താവിൽ പ്രിയ തോമസച്ചൻ, കഴിഞ്ഞ 25 വർഷം Malabar Bible Fellowship യായി കേരളത്തിന്റെ വടക്കൻ ഭാഗത്ത് പ്രവർത്തിക്കുവാൻ കർത്താവ് തന്ന കൃപയ്ക്കായും അവസരങ്ങൾക്കായും, അതൊടൊപ്പം, ഈ പ്രവർത്തനത്തെ അതിന്റെ തുടക്കം മുതൽ ഇതുവരെ നടത്തുവാൻ കർത്താവ് പല തരത്തിൽ ഒരുക്കിയ വ്യക്തികൾക്കായും, പ്രത്യേകിച്ച് അതിന് Leadership കൊടുക്കുവാൻ പ്രിയ അച്ചനെ കർത്താവ് ഇതുവരെ കൃപയാൽ നടത്തിയതിനായും ഞാൻ ദൈവത്തെ സ്തുതിക്കുന്നു. Fellowship ന്റെ ഭാഗമായി ഏകദേശം ഒരുമാസം എനിക്കും 1977 May മാസം വില്ല്യാപള്ളിയിൽ, പ്രവർത്തിക്കുവാൻ കർത്താവ് കൃപതന്നതിനായി ഞാൻ ദൈവത്തെസ്തുതിക്കുന്നു. അനേകായിരം സുവിശേഷ പ്രതികൾ, പുതിയ നിയമം, മറ്റ് gospel Literature, മലബാറിന്റെ പല ഭാഗത്ത് വിതരണം ചെയ്യുവാൻ കർത്താവ് സഹായിച്ചു. അതിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. Fellowship ആയി വിതച്ച വിത്തുകൾ, അത് വീണ മനുഷ്യഹൃദയങ്ങളിൽ വളരുന്നതിനായി ഞാൻ പ്രാർത്ഥിക്കുന്നു.

- O.T. ജോൺ
SIACS BANGALOR

❑



# ഫിലിം മിനിസ്ട്രി

പി. വി. ചെറിയാൻ, മിഷനറി

മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ പ്രാരംഭ കാലംമുതൽ തന്നേ ഫിലിം ഉപയോഗിച്ചുകൊണ്ട് സുവിശേഷം അറിയിപ്പാൻ ഇടയായിട്ടുണ്ട്. ജബൽപ്പൂരിലുള്ള 'Caravs' ൽ നിന്നു ഫിലിമുകൾ വാടകയ്ക്ക് എടുത്ത് പലവർഷങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഇപ്പോൾ ചില വർഷങ്ങളായി തിരുവല്ലായിലുള്ള 'G.F.A' യിൽ നിന്നും ലഭിച്ച 'മശിഹാചരിത്രം' എന്ന മലയാള ഫിലിം ഉപയോഗിച്ച് മലബാറിൻെറ വിവിധ ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചുകൊണ്ടിരിക്കുന്നു. വളരെ താല്പര്യപൂർവ്വം ജനം കൂട്ടത്തോടെ വന്ന് ഫിലിം കാണുവാൻ ഉത്സാഹിക്കാറുണ്ട്.




സാധാരണയായി ഫിലിം പരിപാടി നടത്തുമ്പോൾ മ്യൂസിക് പരിപാടികൂടെ നടത്തുകയോ അല്ലെങ്കിൽ ആകർഷണീയമായ ക്രിസ്തീയ ഗാനങ്ങൾ പാടി പ്രാർത്ഥനയോടെ ഫിലിം ആരംഭിക്കുകയോ ചെയ്യും. ഇടവേളയിൽ സുവിശേഷ ദൂതുകൾ നല്കാറുണ്ട്. പ്രദർശന വേളയിൽ ധാരാളം പുസ്തകങ്ങളും വിതരണം ചെയ്യാറുണ്ട്. താല്പര്യമുള്ളവരെകണ്ടെത്തി അവരോട് പ്രത്യേകമായി സംസാരിക്കയും തുടർന്നു അവരുമായി ബന്ധപ്പെടുവാൻ വേണ്ടതായ ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്യാറുണ്ട്.

സുവിശേഷ വിരോധികളിൽ നിന്നുള്ള എതിർപ്പുകളും ധാരാളമായി ഈ വേലയിൽ ഞങ്ങൾക്ക് നേരിടേണ്ടിവന്നിട്ടുണ്ട്. നിലമ്പൂരിലെ ഒരു സ്ഥലത്ത് ഞങ്ങൾ ഫിലിം പ്രദർശിപ്പിച്ചുകൊണ്ടിരിക്കവേ ചില സുവിശേഷവിരോധികൾ ഞങ്ങളുടെ ജനറേറ്ററിൽ മണ്ണ് വാരിയിട്ടു അത് മറിച്ചിട്ടശേഷം സ്ഥലംവിട്ടു. മറ്റ് ഉപദ്രവങ്ങളൊന്നും അന്ന് ഉണ്ടായില്ല. മറ്റൊരു സ്ഥലത്ത് ഫിലിം പ്രദർശനം ആരംഭിച്ച് മിനിറ്റുകൾക്കുള്ളിൽ ആ സ്ഥലവാസികളായ ചില മുസ്ലീങ്ങളും ഹിന്ദുക്കളും സംയോജിച്ചു വന്ന് 5 മിനിറ്റിനകം പായ്ക്ക് ചെയ്തു പോയില്ലെങ്കിൽ സകല സാധനങ്ങളും, വാനും നശിപ്പിക്കും എന്ന് പറഞ്ഞ് ഞങ്ങളെ ഉന്തിത്തള്ളി പുറത്താക്കി, ബുദ്ധിപൂർവ്വം ഞങ്ങൾ ഉപകരണങ്ങളും വാനും സംരക്ഷിച്ചു.

മലബാറിലുള്ള ആയിരക്കണക്കിന് ആളുകൾ സുവിശേഷം മനസ്സിലാക്കുവാൻ ഈ ശുശ്രൂഷ വളരെ പ്രയോജനകരമാണ്.

■■



ഫിലിം പ്രദർശനം
പ്രാർത്ഥനയോടെ ആരംഭിക്കുന്നു

# E.C.I. THEOLOGICAL SEMINARY

*(Incorporated with Madras Theological Seminary & college which is affiliated to the senate of serampore University )*

**KOZHIVILAI, KALIYAKKAVILAI P. O. - 629 153**



*"വടതികാറ്റേ ഉണരുക; തെന്നിക്കാറ്റേ വരിക;*
*എൻെറ തോട്ടത്തിൽ നിന്നു സുഗന്ധം വീശേണ്ടതിനു*
*അതിന്മേൽ ഊതുക; എൻെറ പ്രിയൻ തൻെറ തോട്ടത്തിൽ വന്നു*
*അതിലെ വിശിഷ്ട ഫലം ഭുജിക്കട്ടെ".* (ഉത്തമഗീതം 4 : 16)

Rev. Dr. Johnson Thekkadyil

ശാലോമോൻെറ ജ്ഞാനഗീതങ്ങളിൽ അതിശ്രേഷ്ഠമായ അപേക്ഷയായി ഇതിനെ വീക്ഷിക്കാം. ഈ വാക്യത്തിൻെറ പാശ്ചാത്തലം എന്തു തന്നെയാണങ്കിലും, ആത്മീകമായ ഉണർവ്വിനും, സ്വർഗ്ഗീയ കൃപാദാനങ്ങൾക്കും വേണ്ടി ഓരോ ക്രിസ്തുഭക്തനും ദിനന്തോറും പ്രാർത്ഥിക്കേണ്ടിയ വിഷയമാണിത്. സ്വർഗ്ഗീയ നാഥൻെറ വയലിൽ നില്ക്കുന്നവർക്ക് ആഗ്രഹിക്കുവാൻ യോജ്യമായ കാര്യം തൻെറ പ്രിയന് വിശിഷ്ടമായ ഫലം നല്കുവാൻ ഇടയാകണം എന്നതാണ്. കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷങ്ങളായി കർത്താവിനു വേണ്ടി വിശിഷ്ടഫലം നല്കുന്ന ഒരു പ്രസ്ഥാനമാണ് മലബാർ ബൈബിൾ ഫെലോഷിപ്പും അതിലെ പ്രവർത്തകരും സംഘാടകരും. ആത്മീക ഗോളത്തിലെ സുഗന്ധമായി പരിണമിച്ച മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ ജൂബിലി ആഘോഷവേളയിൽ ഇ.സി.ഐ. തിയോളജിക്കൽ സെമിനാരിയുടെ സകല ഭാവുകങ്ങളും, ആശംസകളും അർപ്പിക്കട്ടെ.


## ECI Theological Seminary

***(Incorporated with Madras Theological Seminary & college which is affiliated to the senate of serampore University)***

**O F F E R S :**

**■ B. Th. ■ Dip. Th. ■ C.Th. Courses**

***For Details & Prospectus:***

**Rev. Dr. JOHNSON THEKKADYIL**
**DIRECTOR, ECI THEOLOGICAL SEMINARY**
**Kozhivilai, Kaliyakkavilai, P.O., Dt. Pin : 629 153.**
**Phone. 04651 - 62908**

# ബൈബിൾ തപാൽപഠനം

മലബാർ ബൈബിൾ ഫെല്ലോഷിപ്പ് അനേകവർഷങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന ഒരു സുവിശേഷ പ്രവർത്തനമാണ് സൗജന്യതപാൽ പഠനപദ്ധതി. 10 അദ്ധ്യായങ്ങൾ അടങ്ങിയ വേദപുസ്തക പഠനമാണിത്. ഈ കോഴ്സിൽ കർത്താവായ യേശുക്രിസ്തു ആര്? വ്യക്തിപരമായ ജീവിതത്തിൽ യേശുക്രിസ്തു ആരായിരിക്കണം? യേശുക്രിസ്തുവിലൂടെയുള്ള പാപമോചനം. ഇത് വിശ്വാസത്താൽ ലഭിക്കുന്നു. പാപമോചനം പ്രാപിക്കുന്ന വ്യക്തിയുടെ നിത്യമായ രക്ഷ, രക്ഷിക്കപ്പെട്ട് വിശ്വാസിയായിത്തീരുന്ന വ്യക്തി യേശുക്രിസ്തുവിൻെറ സാക്ഷിയാകുക. ഈ കാര്യങ്ങൾ പ്രതിപാദിച്ചിരിക്കുന്നു.

ഫെലൊഷിപ്പിലേക്ക് വരുന്നതായ കത്തുകളിൽ യേശുക്രിസ്തുവിനെക്കുറിച്ച് അറിയണം, പുസ്തകങ്ങൾ വേണം എന്ന് ആവശ്യപ്പെടുന്നവർക്കു മറുപടി അയയ്ക്കുന്നു. അതോടൊപ്പം ഈ കോഴ്സും പരിചയപ്പെടുത്തുന്നു. താല്പര്യമുള്ളവർ മറുപടി അയയ്ക്കുകയും കോഴ്സിൽ ചേർന്ന് പഠിക്കുകയും ചെയ്യുന്നു. 10 അദ്ധ്യായങ്ങളും പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റും, ഒരു വേദപുസ്തകവും കൊടുക്കും. ചിലരെ മിഷനറിമാർ വ്യക്തിപരമായി കാണുകയും വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്യുന്നു,

മിഷനറി മേറിനാതോമസ



# കർത്താവിനെ കണ്ടുമുട്ടിയപ്പോൾ...

ഉദ്ദേശം 23 വർഷങ്ങൾക്ക് മുൻപ് ഹിന്ദുവായിരുന്ന എനിക്ക് ജീവിതത്തിൽ കർത്താവിനെ കണ്ടെത്തുവാൻ ഇടയായി. സാധാരണക്കാരെ പോലെ ഭൗതീകമോഹിയായി ഉല്ലാസങ്ങളിൽ ജീവിച്ചിരുന്ന എനിക്ക് യഥാർത്ഥസന്തോഷമോ സമാധാനമോ ഉണ്ടായിരുന്നില്ല. മലപ്പുറം ഡിസ്ട്രിക്ടിൽ കരിപ്പറമ്പ് എന്ന സ്ഥലത്ത് ഞാൻ കുടുംബമായി താമസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. 1975 സെപ്തംബർ മാസത്തിൽ ഞാൻ ചികിത്സ നടത്തിയിരുന്ന സ്ഥലത്ത് മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ പ്രവർത്തകരിൽ ചിലർ കടന്നുവന്നു പുസ്തകങ്ങളും ട്രാക്റ്റുകളും തരികയുണ്ടായി. അതിലൊന്ന് യോഹന്നാൻെറ സുവിശേഷമായിരുന്നു. ജീവിതത്തിലാദ്യമായി വായിച്ച ബൈബിളിലെ പുസ്തകവും അതു തന്നെ. അതിലെ പല വചനങ്ങളും എൻെറ ഹൃദയത്തിൽ തങ്ങിനിന്നു. കൂടുതൽ വിവരങ്ങൾക്കായി എഴുത്തുകുത്തുകൾ ആരംഭിച്ചു. ഫെലോഷിപ്പിൽ നിന്നു പലപ്പോഴായി പല സുഹൃത്തുക്കളും കടന്നുവന്നു സൗഹൃദം പുതുക്കിക്കൊണ്ടിരുന്നു. 1976-ൽ അന്നു ഞാൻ താമസിച്ചിരുന്ന സ്ഥലത്ത് ബഹുമാനപ്പെട്ട തോമസച്ചനും കൊച്ചമ്മയും കടന്നുവന്നു. അന്നു നടന്ന പ്രാർത്ഥനായോഗത്തിൽ അച്ചൻ ലൂക്കോസിൻെറ സുവിശേഷം 19-ാം അദ്ധ്യായത്തിൽ നിന്ന് 1 മുതൽ 10 വരെ വാക്യങ്ങളെ ആസ്പദമാക്കി സംസാരിച്ചു. കാട്ടത്തിയിലിരുന്ന സക്കായിയുടെ ദർശനം എൻെറതായി മാറിയപ്പോൾ ഞാൻ ദൈവസന്നിധിയിൽ നഷ്ടപ്പെട്ടവനാണെന്നും പാപിയാണെന്നുമുള്ള ബോധം എനിക്കുണ്ടായി. അന്നു രാത്രി എന്റെ സകല പാപങ്ങളും യേശുവിൻെറ രക്തം മൂലം ക്ഷമിച്ചുതന്നു എന്നുള്ള പൂർണ്ണ ബോധ്യം എനിക്കുണ്ടായി. രക്ഷയുടെ അനുഭവത്തിൽ വന്ന ഞാൻ 1977-ൽ കുടുംബമായി സ്നാനം സ്വീകരിച്ചു ഭാര്യയും 2 മക്കളും. തുടർന്നു രണ്ടവസരങ്ങളിലായി 1988 വരെ ഫെലോഷിപ്പിൻെറ പ്രവർത്തകനായിരുന്നു. ഇപ്പോൾ ഒരു ടീമായി പല സ്ഥലങ്ങളിലും പ്രവർത്തിക്കുന്നു.

ഇ. പി. രാധാകൃഷ്ണൻ
ഹോമിയോ ഡോക്ടർ

❑

# സുവാർത്താ സമ്മേളനങ്ങൾ



ഒരു ആരാധനാ ദൃശ്യം

സുവാർത്താ സമ്മേളനത്തിൻെറ ചരിത്രം, മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ ആദ്യ കാല പ്രവർത്തനത്തോടു ബന്ധപ്പെട്ടു കിടക്കുന്നു. വാൻ വേലമുഖാന്തിരം സുവിശേഷം അറിഞ്ഞവർ കൂടുതൽ അറിയുന്നതിന് ആഗ്രഹിച്ചുകൊണ്ട് കത്തുകൾ അയ്ക്കുവാൻ തുടങ്ങി. അങ്ങനെയുള്ളവരുമായ് കത്തുകളിലൂടെ സുവിശേഷം പങ്കുവെച്ചുകൊണ്ടിരുന്നു. പലസ്ഥലങ്ങളിൽ നിന്നും താല്പര്യമുള്ള വ്യക്തികളെ ഒരുമിച്ചുകാണുന്നതിനുള്ള ആഗ്രഹത്തിൻെറ ഫലമായ് ആദ്യത്തെ അന്വേഷക സമ്മേളനം ഫെല്ലോഷിപ്പ് ക്രേന്ദ്രത്തിൽ വെച്ച് നടന്നു. അതിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് കറസ്പോണ്ടൻസ് കോഴ്സിലുള്ളവരെയും, മിഷനറിമാർ കണ്ടുമുട്ടിയ താല്പര്യമുള്ളവരെയും ചേർത്തു നാലു മാസത്തിലൊരിക്കൽ അന്വേഷകസമ്മേളനം ആദ്യകാലങ്ങളിൽ നടത്തിവന്നു. തുടർന്നു അന്വേഷകരുടെ താല്പര്യപ്രകാരം രണ്ടുമാസത്തിൽ ഒരിക്കൽ ഇപ്പോൾ മീറ്റിംഗ് നടന്നുവരുന്നു. വിവിധ ജാതിയിലും മതത്തിലും ഉള്ള ആളുകൾ പരിമിതമായ സാഹചര്യങ്ങളിൽ രണ്ട്, മൂന്ന് ദിവസം ഒരുമിച്ച് താമസിച്ച് ദൈവവചനം പഠിക്കുന്നു. ശരാശരി 50 ആളുകൾ ഓരോമീറ്റിംഗുകളിലും പങ്കെടുത്തു വരുന്നു.

പ്രാർത്ഥന, പാട്ടുപരിശീലനം, സാക്ഷ്യം, ബൈബിൾ പഠനം, പ്രസംഗം, ഗ്രൂപ്പ്ചർച്ച എന്നിവയാണ് കാര്യപരിപാടികൾ. മീറ്റിംഗിൽ പങ്കെടുക്കുന്നവരുടെ താമസത്തിൻെറയും ഭക്ഷണത്തിന്റെയും ചെലവുകൾ മുഴുവനും ഫെല്ലോഷിപ്പ് വഹിക്കുകയും, ചില അവസരങ്ങളിൽ യാത്രാച്ചെലവും കൊടുത്തു ചിലരെ സഹായിക്കുകയും ചെയ്യുന്നു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്ന് ആളുകൾ ഈ മീറ്റിംഗിൽ പങ്കെടുത്ത് രക്ഷിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെ രക്ഷിക്കപ്പെട്ടവരിൽ ചിലർ സുവിശേഷ വേലയിൽ മുന്നേറുന്നു. മറ്റുചിലർ അവരുടെ തൊഴിലിനോടുകൂടി നല്ല ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കുന്നു. കേരളത്തിനകത്തും പുറത്തും നിന്നുള്ള അനേക ദൈവദാസന്മാർ ഈ മീറ്റിംഗുകളിൽ പങ്കെടുത്ത് ദൈവവചന ശുശ്രൂഷ നിർവഹിച്ചിട്ടുണ്ട്. അവരെ നന്ദിയോടെ സ്മരിക്കുന്നു.

സാബു ജേക്കബ്, കിഴിശ്ശിരി.

# തക്കസമയത്ത്

## പ്രവൃത്തിക്കുന്ന

# ദൈവം

**Prof. (Dr) V.V. KURIAN M. A. Phil, PC CTE**

Prof ബിഷപ്പ് ഏബ്രഹാം മെമ്മോറിയൽ കോളേജ്, തുരുത്തിക്കാട്.

■■

തന്റെ മക്കൾക്ക് ലഭിക്കുന്നതെന്തും പ്രാർത്ഥനയുടെ മറുപടിയായി ലഭിക്കണമെന്നാഗ്രഹിക്കുന്ന ദൈവം സ്വർഗത്തിലെ സകല ആത്മിക അനുഗ്രഹങ്ങളും അവർക്കായി ഒരുക്കി വച്ചിരിക്കുന്നു. സ്വാഭാവികമായി ലഭിക്കുന്നത് ലോകക്കാർക്കാണ്. ദൈവമക്കൾക്ക് സംഭവിക്കുന്നതൊന്നും യാദൃശ്ചികമോ, നിസ്സാരമോ അല്ല.

■■

നാളുകളായി ഒരു വിഷയത്തിനുവേണ്ടി പ്രാർത്ഥിക്കയും ഉപവസിക്കയും ഒക്കെ ചെയ്താലും ചിലപ്പോൾ നാം പ്രതീക്ഷിക്കയും ആഗ്രഹിക്കയും ചെയ്യുന്ന സമയത്ത് മറുപടി ലഭിക്കുന്നില്ല. ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കാതെ വണ്ണം ദൂരത്താണോ? അതോ അവന്റെ ചെവി മന്ദമായിപ്പോയോ? ഒരു പക്ഷെ പലരും ഈ വിധം സംശയിക്കാം. എന്നാൽ സംശയം വന്നാൽ നമ്മുടെ സംശയങ്ങളെ സംശയിക്കുക. യേശുവിന്റെ വാഗ്ദത്തങ്ങളെ അശേഷം സംശയിക്കാതിരിക്കുക. വാക്ക് പറഞ്ഞവൻ വിശ്വസ്തൻ, അവൻ നിർവഹിക്കുക തന്നെ ചെയ്യും.

"യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ട്" (നഹൂം.1:3)

ദൈവ കല്പനകൾ ഒന്നും ലംഘിക്കാതെ, ദൈവ ശുശ്രൂഷയിൽ ദത്തശ്രദ്ധനായിരുന്ന സഖര്യാവിന് ജീവിതത്തിൽ വലിയ ഒരു നഷ്ടബോധം. പുരോഹിതനായ ഈ സഖര്യാവും, അഹരോന്റെ പുത്രിമാരിൽ ഒരുത്തി ആയിരുന്ന തന്റെ ഭാര്യ ഏലിസബേത്തും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരുമായിരുന്നു. ലൂക്കോ. 1 : 5- 23 വരെയുള്ള വേദഭാഗം വളരെ വ്യക്തമായി സൂചിപ്പിക്കുന്ന ഒരു കാര്യം നാളുകളായി ഒരു സന്തതിക്കുവേണ്ടി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്ന ഇവർക്ക് തങ്ങളുടെ പ്രാർത്ഥനയുടെ മറുപടി ഇതുവരെലഭിച്ചില്ല എന്നതാണ്. അവർ തങ്ങളുടെ പ്രയാസം ദൈവത്തോടറിയിച്ചു. ദൈവം അവരുടെ ജീവിതം ശ്രദ്ധിച്ചുകൊണ്ടിരുന്നു. സാദ്ധ്യതകൾ എല്ലാം തീർന്നപ്പോൾ മനുഷ്യന്റെ ദൃഷ്ടിയിൽ അസാദ്ധ്യമെന്ന് തോന്നിയ വേളയിൽ ദൈവം തന്റെ പ്രവൃത്തി ആരംഭിച്ചു. 9-ാം വാക്യം പറയുന്നു: 'പൗരോഹിത്യ മര്യാദപ്രകാരം കർത്താവിന്റെ മന്ദിരത്തിൽ ചെന്നു ധൂപം കാട്ടുവാൻ അവനു നറുക്കുവന്നു. ധൂപം കാട്ടുന്ന നാഴികയിൽ കർത്താവിന്റെ ദൂതൻ ധൂപപീഠത്തിന്റെ വലത്തുഭാഗത്തു നില്ക്കുന്നവനായിട്ടു അവന് പ്രത്യക്ഷപ്പെട്ടു.' അപ്രതീക്ഷിതമായ ഈ പ്രത്യക്ഷതയിൽ സഖര്യാവ് ഭയപ്പെടുന്നു. ഭയപരവശനായി നില്ക്കുന്ന സഖര്യാവിനോടുള്ള ദൂതന്റെ മറുപടി ശ്രദ്ധേയമാണ് "സഖര്യാവേ ഭയപ്പെടേണ്ട; നിന്റെ പ്രാർത്ഥനക്ക് ഉത്തരമായി. നിന്റെ ഭാര്യ ഏലിസബേത്ത് നിനക്ക് ഒരു മകനെ പ്രസവിക്കും; അവന് യോഹന്നാൻ എന്ന് പേർ ഇടേണം".

നോക്കൂ! ദീർഘവർഷം പഴക്കമുള്ള പ്രാർത്ഥനക്കു നീണ്ട പലിശയടക്കം മറുപടി തരുന്നദൈവം. തന്റെ മക്കൾക്ക് ലഭിക്കുന്നതെന്തും പ്രാർത്ഥനയുടെ മറുപടിയായി ലഭിക്കണമെന്നാഗ്രഹിക്കുന്ന ദൈവം സ്വർഗത്തിലെ സകല ആത്മിക അനുഗ്രഹങ്ങളും അവർക്കായി ഒരുക്കി വച്ചിരിക്കുന്നു. സ്വാഭാവികമായി ലഭിക്കുന്നത് ലോകക്കാർക്കാണ്. ദൈവമക്കൾക്ക് സംഭവിക്കുന്നതൊന്നും യാദൃശ്ചികമോ, നിസ്സാരമോ അല്ല.

യോഹന്നാൻ പ്രാർത്ഥനയുടെ മറുപടി ആണ്. പ്രാർത്ഥിച്ചു കിട്ടിയ നന്മയുടെ വില പ്രാർത്ഥിച്ചവന് മാത്രമെ അറിയൂ - തങ്ങളുടെ പിൻമുറക്കാർ ഇതൊക്കെ അഗണ്യമായി ചവിട്ടിക്കളയുമെങ്കിലും ദീർഘനാളായി ഒരു വിഷയത്തിനായി പ്രാർത്ഥിക്കുമ്പോൾ 'മടുത്തു' പോകാൻ സാദ്ധ്യത ഉള്ളതിനാലാണ്' മടുത്തു പോകാതെ പ്രാർത്ഥിപ്പിൻ എന്ന് യേശു പറഞ്ഞത്. റോമർ 4: 18, 19, 20 വാക്യങ്ങൾ സൂചിപ്പിക്കുന്നതു പോലെ ആശക്കു വിരോധമായി ആശയോട് വിശ്വസിക്കുക - വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവത്തിന് മഹത്വം കൊടുക്കുക - വാഗ്ദത്തം ചെയ്ത ദൈവം നിവൃത്തിപ്പാനും ശക്തൻ എന്ന് പൂർണ്ണമായി ഉറക്കുക. എന്നാൽ പുരോഹിതനായ സഖര്യാവ് സാഹചര്യങ്ങളെ കൂടുതൽ വിശ്വസിക്കുന്നു. 'ഞാൻ വൃദ്ധനും എന്റെ ഭാര്യ വയസ്സു ചെന്നവളുമല്ലോ (V.18) ദൈവത്തെക്കാൾ അധികം ചുറ്റുപാടുകളെ വിശ്വസിക്കുകയും, സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളിൽ ഭയക്കുകയും ചെയ്യുന്ന ഈ പുരോഹിതനോട് ദൂതൻ പറയുന്ന മറുപടി ശ്രദ്ധേയമാണ്. 'ഞാൻ ദൈവസന്നിധിയിൽ നില്ക്കുന്ന ഗബ്രിയേൽ

ആകുന്നു. നിന്നോട് സംസാരിപ്പാനും ഈ സദ്വർത്ത മാനം നിന്നോട് അറിയിപ്പാനും എന്നെ അയച്ചിരിക്കുന്നു. തക്കസമയത്ത് നിവൃത്തി വരുവാനുള്ള എൻെറ ഈ വാക്ക് വിശ്വസിയ്ക്കായ്കകൊണ്ട് അത് സംഭവിക്കും വരെ നീ സംസാരിക്കാൻ കഴിയാതെ ഊമനായിരിക്കും' (V. 19)

ദൈവ വാഗ്ദത്തം വ്യക്തവും പൂർണ്ണമായും വിശ്വസിച്ച അബ്രഹാമിനെ സംബന്ധിച്ചടത്തോളം, വാർദ്ധക്യമോ, ശരീരത്തിൻെറ നിർജീവാവസ്ഥയോ, തൻെറ ഭാര്യയുടെ ഗർഭപാത്രത്തിൻെറ നിർജീവിതത്തമോ ഒന്നും തന്നെ ഭയമോ, ശങ്കയോ ഉളവാക്കുന്നവയല്ല. ശരീരം എന്തുപറയുന്നു? സാഹചര്യം എന്ത് പറയുന്നു? ദൈവം എന്ത് പറയുന്നു. ഞാൻ എന്തു പറയുന്നു? ശരീരവും സാഹചര്യവും പറയുന്നതിനേക്കാൾ ദൈവം പറയുന്നത് ഞാൻ ഏറ്റു പറയുമ്പോൾ വിശ്വാസം എന്നിൽ പ്രവൃത്തിക്കാൻ തുടങ്ങും. ഈ സത്യം മനസിലാക്കിയ അബ്രഹാം പറയുന്നു. 'ദൈവത്താൽ കഴിയാത്ത വല്ല കാര്യവുമുണ്ടോ?' സാഹചര്യം പറയുന്നത് ഞാൻ ഗൗനിക്കുന്നില്ലാ ദൈവം പറയുന്നത് ഞാൻ ഏറ്റെടുക്കുന്നു; ഏറ്റ് പറയുന്നു - ശക്തിപ്രാപിക്കുന്നു. നാം ഏറ്റുപറയുന്നത് നമുക്ക് സംഭവിക്കും. വാഗ്ദത്തങ്ങളെ ഏറ്റെടുത്ത് യേശുവിൻെറ നാമത്തിൽ ശത്രുവിനെ ഓടിക്കുക. ദൈവത്താൽ പടക്കൂട്ടത്തിന് നേരെ പാഞ്ഞ് ചെല്ലാം. ദൈവ വാഗ്ദത്തങ്ങൾ സാഹചര്യങ്ങളെക്കാൾ ശക്തമാണ്.

ശരീരം എന്തുപറയുന്നു? സാഹചര്യം എന്ത് പറയുന്നു? ദൈവം എന്ത് പറയുന്നു. ഞാൻ എന്തു പറയുന്നു? ശരീരവും സാഹചര്യവും പറയുന്നതിനേക്കാൾ ദൈവം പറയുന്നത് ഞാൻ ഏറ്റു പറയുമ്പോൾ വിശ്വാസം എന്നിൽ പ്രവൃത്തിക്കാൻ തുടങ്ങും.

ദൈവവാഗ്ദത്തം വിശ്വസിക്കാൻ മടിച്ചുനിന്ന സഖര്യാവിന് കിട്ടിയ ശിക്ഷ പത്തുമാസത്തെ മൗനം. ദൂതൻെറ വാക്ക് വിശ്വസിക്കാൻ കഴിയാത്ത സഖര്യാവേ, ഈ സദ്വർത്തമാനം വിശ്വസിച്ചില്ലങ്കിൽ, അതിന് പിന്നാലെ ഇതാ ദുർവ്വർത്തമാനം വരുന്നു. രക്ഷയുടെ ദൂത് തള്ളിക്കളയുന്നവനേ, ഇതാ ന്യായവിധിയുടെ ദൂത് വരുന്നു.

"വിശ്വസിക്കുന്നവർക്ക് അവൻ തൻെറ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു. (റോമ. 3: 25) "അവനിൽ വിശ്വസിക്കുന്നവന് ന്യായ വിധി ഇല്ല, വിശ്വസിക്കാത്തവന് ദൈവത്തിൻെറ ഏക ജാതനായ പുത്രനിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു. (യോഹ. 3 : 18) 'ആകയാൽ സർവ്വജനത്തിനുമുണ്ടാകുവാനുള്ള മഹാ സന്തോഷം - കർത്താവായ ക്രിസ്തു എന്ന രക്ഷിതാവിനെ' വിശ്വസിക്കാത്തവന് എത്ര വലിയ ന്യായവിധി വരുന്നു എന്ന് ഒർത്തുകൊള്ളുക.

മടുത്തു പോകാതെ നാളുകളായി നീണ്ട പ്രാർത്ഥനക്കുള്ള ഉത്തരം ദൈവം തൻെറ ദൂതൻ മുഖാന്തരം കൊടുത്തയക്കുന്ന കാഴ്ചയാണ് ലൂക്കോസ് 1:13-ൽ കാണുന്നത്. 19-ാം വാക്യം പ്രത്യേക ശ്രദ്ധേയമാണ്. 'ഞാൻ വന്നതല്ല, പ്രത്യുത എന്നെ അയച്ചതാണ്. എൻെറ ദൂതിൻെറ പിൻബലം ദൈവമാണ്; ഞാനല്ല.' ദൂത് വാഹിയല്ല, പിന്നയോ ദൂത് കൊടുത്തയച്ച ദൈവമാണ് ദൂതിന് ഉത്തരവാദി. അവൻെറ വാക്കുകളെ വിശ്വസിക്കുക. വളരെ നാളുകൾ നീണ്ടു പ്രാർത്ഥനക്ക് കിട്ടിയ ഉത്തരത്തിൻെറ വൈശിഷ്ട്യം എന്താണന്ന് മനസിലാക്കുന്നത് യുക്തമായിരിക്കും.

1. പ്രാർത്ഥനക്ക് ഉത്തരമായി ലഭിക്കുന്ന മകന് പേരിടൽ കർമ്മം ദൈവം തന്നെ നിർവ്വഹിക്കുന്നു. (ലൂക്കോ. 1 : 13) - അവന് യോഹന്നാൻ എന്ന് പേരിടണം.

2. നിനക്ക് (സഖര്യാവിന് ഉത്തരം ലഭിക്കുന്നവന്) സന്തോഷവും ഉല്ലാസവും ഉണ്ടാകും. - ലഭിക്കേണ്ട ഉത്തരത്തിനുവേണ്ടി മുൻകൂറായി ധാരാളം കരഞ്ഞതിനാൽ ഇനികരയേണ്ട.

3 നിൻെറ മകൻെറ (യോഹന്നാൻെറ) ജനനത്തിങ്കൽ പലരും സന്തോഷിക്കും. നാളുകളായി കരഞ്ഞും, ഉപവസിച്ചും പ്രാർത്ഥിച്ച നിനക്ക് കിട്ടുന്ന ഉത്തരം നിന്നെയും മറ്റുപലരെയും സന്തോഷിപ്പിക്കും.

4. അവൻ കർത്താവിൻെറ സന്നിധിയിൽ വലിയവനാകും നീണ്ട പ്രാർത്ഥനക്കു ലഭിക്കുന്ന ഉത്തരം നിസ്സാരമല്ല - അത് ഉദാത്തമായിരിക്കും - യേശുപറയുന്നു: "സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനെക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല". (മത്തായി. 11 : 11) - ദൈവത്തിൽ നിന്നുള്ള മാനത്തേക്കാൾ വലുത് എന്താണ്.

5. അവൻ വീഞ്ഞും മദ്യവും കുടിക്കയില്ല - ദൈവത്തിൽ നിന്നും പ്രാർത്ഥിച്ചു വാങ്ങിയത് ലോകത്തിൻെറ ആകർഷണ വലയത്തിൽ വീഴുകയില്ല. -

6. പ്രാർത്ഥനയുടെ ഉത്തരമായി ലഭിക്കുന്നതിന് പ്രാർത്ഥനയുടെ - ദൈവത്തിൻെറ പരിശുദ്ധാത്മാവിൻെറ സംരക്ഷണ വലയവും നിറവും ഉള്ളതായിരിക്കും. യോഹന്നാൻ അമ്മയുടെ ഗർഭത്തിൽ വച്ചു തന്നെ പരിശുദ്ധാത്മാവ് കൊണ്ടു നിറഞ്ഞവനാകും.

7. കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിന്

# ഫെല്ലോഷിപ്പിലൂടെ ആത്മീക അഭിവൃദ്ധി

എന്റെ പേര് ജയിക്കബ്. എന്റെ സ്വദേശം കോട്ടയം ജില്ലയിൽ അഞ്ചേരി എന്ന സ്ഥലത്താണ്. പപ്പായുടെയും, മമ്മിയുടെയും ജോലിയോടുള്ള ബന്ധത്തിലാണ് ഞങ്ങൾ മലപ്പുറംജില്ലയിൽ കീഴിശ്ശേരിക്കടുത്തു പുളിയക്കോടു എന്ന സ്ഥലത്ത് താമസിക്കുന്നത്. പപ്പായും മമ്മിയും, ഞാനും ഇളയ ഒരു സഹോദരനും അടങ്ങുന്നതാണ് എന്റെ കുടുംബം. പപ്പായും മമ്മിയും ഞാനും school അദ്ധ്യാപകരായി ജോലി ചെയ്യുന്നു. ഇളയ സഹോദരൻ B.Ed കഴിഞ്ഞു നിൽക്കുന്നു.

ഞങ്ങൾ കുടുംബമായ് ക്രിസ്തുവിലുള്ള സന്തോഷം അനുഭവിക്കുന്നു. ഞങ്ങൾ താമസിക്കുന്ന സ്ഥലത്ത് ഒരു ക്രിസ്തീയ ആരാധനാലയം ഇല്ല. ഞങ്ങൾ ആരാധനക്കായ് പോകുന്നതു മലപ്പുറം പള്ളിയിലാണ്. ദൂരം കൂടുതലായതുകൊണ്ടു എല്ലാവർക്കും എല്ലാ ആഴ്ചയിലും പോകുവാൻ പ്രയാസം ആയിരുന്നു. അങ്ങനെ ഇരിക്കവെ മലബാർ ബൈബിൾ ഫെലൊഷിപ്പിന്റെ പ്രവർത്തനം ഇവിടെ തുടങ്ങുവാൻ ഇടയായത് വളരെ ചുരുക്കം ക്രിസ്ത്യാനികൾ മാത്രം ഉള്ള ഈ സ്ഥലത്ത് ഇങ്ങനെ ഒരു ക്രിസ്തീയ പ്രവർത്തനം ഫെലോഷിപ്പ് ആരംഭിച്ചതിൽ ഞങ്ങൾക്ക് വളരെ സന്തോഷമായിരുന്നു. ഞങ്ങൾ ഇവിടെ ആരാധനയിലും പ്രാർത്ഥനകളിലും പങ്കെടുക്കുകയും കീഴിശ്ശേരിസഭയിലെ കൂടി വരവ് ഞങ്ങളുടെ ആത്മീയ അഭിവൃദ്ധിക്ക് സഹായകമായും തീർന്നുകൊണ്ടിരിക്കുന്നു. കീഴിശ്ശേരിയിൽ ആദ്യമായ് ക്രിസ്തീയ പ്രവർത്തനം തുടങ്ങിയത് മലബാർ ബൈബിൾ ഫെലോഷിപ്പാണ്. യേശുവിനെക്കുറിച്ച് അറിഞ്ഞിട്ടില്ലാത്തവരുടെ ഇടയിൽ കീഴിശ്ശേരിയിലെ സഭ വളരെ ശുഷ്കാന്തിയോടെ പ്രവർത്തിക്കുന്നു. പലസ്ഥലങ്ങളിൽ നിന്നുള്ള വശ്വാസികൾ പ്രാർത്ഥനയ്ക്കു കൂടിവരുന്നുണ്ട്. പല പ്രതികൂലങ്ങളും നേരിടുന്നു എങ്കിലും ദൈവകൃപയാൽ സഭ ഇത്രത്തോളം നിലനിൽക്കുവാൻ ഇടയാകുന്നു. സഭയുടെ എല്ലാ പ്രവർത്തനങ്ങളെയും ഓർത്തു പ്രാർത്ഥിക്കണമെ

എന്ന് എം. പി. ജേക്കബ്

■■■

അവൻ മിടുക്കനായിരിക്കും, വഴങ്ങുന്നവരെ നീതിമാന്മാരുടെ ബോധത്തിലേക്കും തിരിക്കും.

8. ദൈവം തരുന്ന ദാനം ദൈവത്തിനുവേണ്ടി നിലകൊണ്ടും - ആ വിധത്തിൽ അതിനെ ആക്കി തീർക്കാൻ വേണ്ടി പ്രാർത്ഥിക്കണം. കർത്താവിനു വേണ്ടി ഒരുക്കമുള്ള ഒരു ജനത്തെ ഒരുക്കുവാൻ ആത്മാവിന്റെ ബലത്തോടും ശക്തിയോടും കൂടി നടക്കും. ഒരുപക്ഷെ ഗർഭത്തിൽ കിടക്കുന്ന ശിശു അവിശ്വാസത്തിന്റെ വാക്കുകൾ കേൾക്കാതിരിക്കാൻ വേണ്ടി ആയിരിക്കാം വാക്കുകൾ തക്കസമയത്തു നിവൃത്തിക്കാനുള്ള ദൈവ വാക്കു വിശ്വസിക്കായ്കയാൽ, കുട്ടിയുടെ പിതാവായ സഖര്യാവിന്റെ വായ് ദൈവം അടച്ചു കളഞ്ഞത്. ആയതിനാൽ നമുക്ക് വശ്വസിക്കാം. പ്രാർത്ഥനയിൽ ജാഗരിക്കാം - വിശ്വസ്ഥത കൈവിടാതെ മറുപടിക്കായി കാത്തിരിക്കാം.

"ദർശനത്തിന് അവധി വെച്ചിരിക്കുന്നു; അത് സമാപ്തിയിലേക്ക് ബന്ധപ്പെടുന്നു; സമയം തെറ്റുകയുമില്ല; അത് വൈകിയാലും അതിനായി കാത്തിരിക്ക ; അത് വരും നിശ്ചയം ; താമസിക്കയുമില്ല. (ഹബ.2:3)

മലബാർ ബൈബിൾ ഫെലോഷിപ്പിനെ, കഴിഞ്ഞു പോയ 25 ലധികം വർഷങ്ങളിൽ, പലരേയും പാപന്യായ വിധിയുടെ തീയിൽ നിന്നു വലിച്ചെടുക്കുവാൻ ആത്മാക്കളുടെ ഉടയവൻ ഉപയോഗിക്കുന്നതു, 1999 ജനുവരി കൺവൻഷനിൽ ഞാൻ വന്നു പങ്കെടുത്തപ്പോൾ, അവിടെ കേട്ട പലസാക്ഷ്യങ്ങളിൽ നിന്നു എനിക്കു ബോദ്ധ്യമായി. അതിന്നായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. അങ്ങനെയുള്ള മലബാർ ബൈബിൾ ഫെലോഷിപ്പിനെ ദൈവം അധികമായി ഇനിയുള്ള കാലങ്ങളിലും അനുഗ്രഹിച്ചു പ്രയോജനപ്പെടുത്തട്ടെ എന്നു ആശംസിച്ചു പ്രാർത്ഥിച്ചും കൊണ്ടു ഈ ലേഖനം ഉപസംഹരിച്ചുകൊള്ളുന്നു. ■

SILVER JUBILEE MALABAR BIBLE FELLOWSHIP 25 FRUIT FUL YEARS

# ആരാധനകൾ

**സജി ശാമുവേൽ**

മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ് സഭാ സ്ഥാപനം. ആ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് വേണ്ടി മിഷനറിമാർ, കുടുംബങ്ങളായ്, ടീം ആയി വിവിധ കേന്ദ്രങ്ങളിൽ താമസിച്ച് പ്രവർത്തിച്ചുവരുന്നു. ഇവരുടെ പ്രവർത്തനഫലമായ് രക്ഷിക്കപ്പെട്ട്, വിശ്വാസത്തിലേക്ക് വരുന്ന ആളുകൾക്ക്, തുടർന്നും കൂട്ടായ്മയിൽ വളരുന്നതിന് വേണ്ടി മിഷനറിമാർ താമസിക്കുന്ന ഭവനങ്ങളിൽ വെച്ച് ഞായറാഴ്ച ആരാധന നടത്തിവരുന്നു. മലബാറിൻെറ ആറ് ജില്ലകളായി സുവിശേഷ പ്രവർത്തനം വ്യാപിച്ചുകിടക്കുന്നെങ്കിലും തേക്കിൻചുവട്, കീഴിശ്ശേരി, കടന്നമണ്ണ, വേട്ടത്തൂർ, നിലമ്പൂർ എന്നീ അഞ്ച് സ്ഥലങ്ങളിൽ മാത്രമേ ഇപ്പോൾ കൂടിവരവുകൾ ഉള്ളൂ. ഈ സ്ഥലങ്ങളിൽ വർഷങ്ങൾക്കു മുൻപ് വേല ആരംഭിച്ചുവെങ്കിലും, ഏതാനും ചില വർഷങ്ങൾ മാത്രമെ മിഷനറിമാർ താമസിച്ച് പ്രവർത്തിക്കാൻ തുടങ്ങിട്ടുള്ളു.

**ആരാധനാരീതികൾ:** വിവിധസ്ഥലങ്ങളിൽ നിന്ന് ദീർഘദൂരം കാൽനടയായും ബസ്സിലും യാത്ര ചെയ്തു വിശ്വാസികൾ രാവിലെ തന്നെ മിഷൻ കേന്ദ്രങ്ങളിൽ എത്തിചേർന്നു പാട്ടുകൾ പാടി ആരാധന ആരംഭിക്കുന്നു. ശരാശരി 25 ആളുകൾ ഓരോ സ്ഥലങ്ങളിലും കൂടിവരുന്നു. പ്രാരംഭ സങ്കീർത്തനം വായിച്ച്, ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. തുടർന്നു പഴയ നിയമ പുതിയ നിയമ പാഠഭാഗങ്ങൾ വായിക്കുന്നു. അതിന് ശേഷം മധ്യസ്ഥപ്രാർത്ഥനയിൽ കടന്നു വരുന്ന വിശ്വാസികൾക്ക് വേണ്ടിയും മറ്റ് ആവശ്യങ്ങൾക്ക് വേണ്ടിയും പലർ പ്രാർത്ഥിക്കുന്നു, തുടർന്ന് വിശ്വാസികൾ ദൈവത്തിൽ നിന്ന് ലഭിച്ച അവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നു. മിഷനറി ദൈവ വചനശുശ്രൂഷ നിവഹിക്കുകയും അതോടനുബന്ധിച്ച പാട്ടുപാടി സ്തോത്രകാഴ്ചയും, ദശാംശവും അർപ്പിച്ച് പ്രാർത്ഥിച്ച് അവസാനിപ്പിക്കുകയും ചെയ്യുന്നു.

Rev: P.P. Thomas പലപ്പോഴും ആരാധനയിൽ പങ്കെടുത്തു തിരുവത്താഴ ശുശ്രൂഷ നിർവഹിക്കുകയും ചെയ്യുന്നു. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടവരെ മാത്രമെ തിരുവത്താഴം സ്വീകരിപ്പാൻ അനുവദിക്കാറുള്ളു. മിഷനറിമാരെ കൂടാതെ വിശ്വാസികൾക്കും ശുശ്രൂഷകളിൽ നേതൃത്വം കൊടുക്കാൻ അവസരം കൊടുക്കാറുണ്ട്.

ഞായറാഴ്ച ആരാധനകൾ കൂടാതെ വിശ്വാസികളുടെ ഭവനങ്ങളിൽ ബൈബിൾ ക്ലാസ്സുകളും, ഉപവാസ പ്രാർത്ഥനകളും നടത്തിവരുന്നു. വിശ്വാസികളെ കൂടാതെ താൽപ്പര്യം ഉള്ളവരും കടന്നുവരാറുണ്ട്. അതു അവരുടെ ആത്മിയവളർച്ചക്ക് കാരണമായി തീർന്നുകൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള പ്രാർത്ഥനകളിൽ വിശ്വാസികൾ അവരുടെ സ്നേഹിതരെയും ബന്ധുക്കളെയും കൂട്ടികൊണ്ടു വരാറുണ്ട്.

നിലമ്പൂർ, വെട്ടത്തൂർ ആരാധനാലയങ്ങൾ ഒഴിച്ചാൽ മറ്റ് എല്ലാസ്ഥലങ്ങളിലും വാടക വീടുകളിലാണ് ആരാധന നടന്നു വരുന്നത്. വാടക വീടുകൾ മിക്കപ്പോഴും മാറേണ്ടിവരുന്നതു കൊണ്ടു ആളുകൾക്ക് കടന്നുവരുന്നതിന് പ്രയാസം ഉണ്ടാകാറുണ്ട്. മാത്രമല്ല സ്ഥലസൗകര്യം ഉള്ള വീടുകൾ കിട്ടുന്നതിനും വിഷമം ആണ്. മിഷനറിമാർ വാടകവീടു ഒഴിഞ്ഞു പോകേണ്ടുന്ന സാഹചര്യം ഉണ്ടായാൽ ഞങ്ങൾ പഴയതിലേക്ക് മടങ്ങിപോകേണ്ടി വരുമോ എന്ന് ചിലർ സംശയിക്കുന്നു. അതുകൊണ്ടു ഈ സ്ഥലങ്ങളിൽ സ്ഥിരമായ ആലയം ഉണ്ടാകണമെന്നുള്ളതാണ് വിശ്വാസികളും ഞങ്ങളും ആഗ്രഹിക്കുന്നത്. ഇതുവരെയും ആരാധനകൾ അനുഗ്രഹമായ് നടക്കുവാൻ ദൈവം സഹായിച്ചു. ഇതുമൂലം അനേകർക്ക് ആത്മിയ വെളിച്ചം ലഭിക്കുവാൻ ഇടയായ് തീർന്നു. തുടർന്നും ഈ ശുശ്രൂഷ അനുഗ്രമായ് പോകാൻ ദൈവം സഹായിക്കട്ടെ! ■



വിശ്വാസികാം

ആശംസാ സന്ദേശം

# MALLOOSSERY PRAYER FELLOWSHIP

## KOTTAYAM - 41

മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ 23-ാം കൺവൻഷനും രജതജൂബിലിയും ആഘോഷിക്കുന്ന [ജനുവരി 12 മുതൽ 16 വരെ ] സമയത്ത് പുറത്തിറക്കുവാൻ തീരുമാനിച്ചിരിക്കുന്ന സുവനീയറിൽ ഒരാശംസ എഴുതുവാൻ അവസരം ലഭിച്ചതിനെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

ബഹുമാനപ്പെട്ട റവ. പി. പി. തോമസച്ചൻ പ്രസിഡണ്ടായി പ്രവർത്തിക്കുന്ന സുവിശേഷ സംഘടനയായ മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ കഴിഞ്ഞകാല പ്രവർത്തനങ്ങൾ ചില വർഷങ്ങളായി എനിക്ക് നേരിൽ കാണുവാനും ശുശ്രൂഷകളിൽ പങ്കെടുക്കുവാനും സാധിച്ചിട്ടുണ്ട്. മത്തായിയുടെ സുവിശേഷം 10-ാം അദ്ധ്യായം 16-ാം വാക്യത്തിൽ നാം ഇങ്ങനെ വായിക്കുന്നു. "ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടിനെ പോലെ ഞാൻ നിങ്ങളെ അയക്കുന്നു. ആകയാൽ പാമ്പിനെ പോലെ ബുദ്ധിയുള്ളവരും പ്രാവിനെപോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ".

മത്തായി 23 ൻെറ 19, 20 വാക്യങ്ങളിൽ ഇങ്ങനെ വായിക്കുന്നു. "ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിൻെറയും പുത്രൻ്റേയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കയും പ്രമാണിക്കാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ. ഞാനോ ലോകാവസനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട്".

ദൈവ വിളിയുടെ ശബ്ദം കേട്ട് പൂർണ്ണസമർപ്പണത്തോടുകൂടെ ആത്മീയ ദർശനം ഉൾക്കൊണ്ടുംകൊണ്ട് കഴിഞ്ഞ 25 വർഷക്കാലം മലബാറിൻെറ വിവിധ സ്ഥലങ്ങളിൽ കഴിയുന്ന ഹൈന്ദവരോടും ആദിവാസികളോടും മുസ്ലീം സഹോദരങ്ങളോടും ജീവിക്കുന്ന യേശുക്രിസ്തുവിനെകുറിച്ച് പറയുവാനും വിവിധ മാധ്യമങ്ങളിൽകൂടെ ക്രിസ്തുവിൻെറ മാറ്റമില്ലാത്ത സുവിശേഷത്താൽ അനേക അക്രൈസ്തവരായിട്ടുള്ളവരെ മാനസാന്തരപ്പെടുത്തി, സ്നാനപ്പെടുത്തി ക്രിസ്തുവിൻെറ മണവാട്ടി സഭയിലെ അംഗങ്ങളാക്കുവാൻ കഴിഞ്ഞു എന്നുള്ളതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. പലവിധമായിട്ടുള്ള പ്രതികൂല അനുഭവങ്ങൾ ബഹുമാനപ്പെട്ട അച്ചനും മിഷണറി മാർക്കും അനുഭവപ്പെട്ടപ്പോഴും കുഞ്ഞാടുകളെ പോലെ ക്ഷമയോടെ കർത്താവിൻെറ മഹത്വ ശുശ്രൂഷ നിർവിഘ്നം ചെയ്യുവാൻ കർത്താവ് സഹായിച്ചു.

യെശയ്യാ പ്രവചനം (61 ൻെറ 1 മുതൽ 3 വരെ ) " എളിയവരോടും സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് യഹോവയായ കർത്താവിൻെറ ആത്മാവു എൻെറ മേൽ ഇരിക്കുന്നു. ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്കു വിടുതലും ബദ്ധൻമാർക്കു സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിൻെറ പ്രതികാര ദിവസവും പ്രസിദ്ധമാക്കുവാനും ദുഃഖിതന്മാരെയൊക്കെയും ആശ്വസിപ്പിപ്പാനും സീയോനിലെ ദുഃഖിതന്മാർക്കു വെണ്ണീറിനു പകരം അലങ്കാരമാലയും ദുഃഖത്തിനു പകരം ആനന്ദതൈലവും വിഷണ്ണമനസ്സിനു പകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു. ഈ വിധത്തിൽ കർത്താവിൻെറ പ്രവർത്തനം തുടർന്നുകൊണ്ട് പോകുവാൻ കർത്താവു മേൽക്കുമേൽ അനുഗ്രഹിക്കട്ടെ. എന്നുള്ള ആശംസയോടുകൂടെ നിർത്തട്ടെ.

കർത്താവിൽ സ്നേഹത്തോടെ

**പോൾ ദിവാകരൻ.**

❖❖❖

## തളർന്ന ശരീരത്തിനുള്ളിൽ

# തളിരിട്ട പ്രത്യാശ

**കോ**ഴിക്കോട് കുന്നമംഗലത്ത് ആഭിജാത്യമുള്ള നായർ കുടുംബത്തിലാണ് നാരായണിയമ്മ ജനിച്ചത്. പൂർവ്വന്മാരുടെ മദ്യപാനവും ദുർന്നടപടികളും മൂലം കുടുംബം ക്ഷയിച്ചു. അങ്ങനെ തച്ചണ്ണ ആലിൻ ചുവട്ടിൽ വന്നു 50 സെൻറ് സ്ഥലം വാങ്ങി ഓലപ്പുര വെച്ച് താമസം ആരംഭിച്ചു. ദാമ്പത്യവല്ലരിയിൽ വിരിഞ്ഞ ആറുമക്കളിൽ രണ്ടുപേർ അകാലത്തിൽ കൊഴിഞ്ഞുപോയി. കൂലിപ്പണി എടുത്തു മക്കളെ വളർത്തി. ഒപ്പം പൈതൃകമായി ലഭിച്ച ഹൈന്ദവ ആചാരമര്യാദകൾ കൈവമോശം വരാതെ കാത്തു സൂക്ഷിച്ച് മക്കളിലേക്കു പകർന്നു. അവരെല്ലാം കുടുംബസ്ഥരായി.

കാലമാം കാട്ടാറിൻെറ കൂലംകുത്തി പാച്ചിലിൽ താൻ സ്വന്തമെന്ന് കരുതിയിരുന്ന പലതും ഒലിച്ചുപോയി എന്ന യാഥാർത്ഥ്യം നാരായണിയമ്മ ഒരു ഞെട്ടലോടെ തിരിച്ചറിഞ്ഞു. പൂക്കൾ നിറഞ്ഞ വൃക്ഷങ്ങളിലേക്ക് ചേക്കേറുന്ന പക്ഷികളെപ്പോലെ തന്നിൽ നിന്നും പറന്നകലുന്ന മക്കളെ കണ്ട് ആ മാതൃഹൃദയം തകർന്നു. വാർദ്ധക്യത്തിൽ തണലാകുന്നമെന്ന് മോഹിച്ച് രക്തം വിയർപ്പാക്കി വളർത്തിയ മക്കൾ പുറം കാലുകൊണ്ട് തട്ടിമാറ്റി കടന്നുപോയപ്പോൾ, ഇനിയുമൊരങ്കത്തിന് ബാല്യമില്ലെന്ന തിരിച്ചറിവ് അവരെകൊണ്ടു ചെന്നെത്തിച്ചത് ആത്മഹത്യ എന്ന തുരുത്തിലായിരുന്നു. ആത്മഹത്യക്കുള്ള വിഷം വാങ്ങി വെച്ചു. എന്നാൽ 58-ാം പിറന്നാൾ അടുത്തുവന്നതിനാൽ അതുകഴിഞ്ഞാകാം മരണം എന്നുറച്ചു.

പിറന്നാൾ ദിനം രാവിലെ അരീക്കോട് സാളിഗ്രാമ ക്ഷേത്രത്തിൽപോയി തൊഴുതുമടങ്ങി. വീട്ടിലെത്തി ഭക്ഷണമുണ്ടാക്കി എല്ലാവർക്കും കൊടുത്തു. വയറ്റിലെ വിശപ്പിനെക്കാൾ മനസിലെ വേദന കഠിനമാകയാൽ ഭക്ഷണം കഴിച്ചില്ല. തകർന്ന മനസ്സും തളർന്ന ശരീരവുമായി കട്ടിലിൽ കയറി കിടന്നു. ചിലനിമിഷങ്ങൾക്കകം ഉള്ളംകാൽ മുതൽ തരിപ്പനുഭവപ്പെട്ടുഎങ്കിലും കാര്യമാക്കിയില്ല. ഇഴഞ്ഞു നീങ്ങുന്ന നിമിഷങ്ങൾക്കൊപ്പം ആ തിരിപ്പുകൂടിവന്നു. പിറ്റേന്നു പ്രഭാതമാകുമ്പോഴേക്കും എഴുന്നേൽക്കാൻ കഴിയാതെ ആയിത്തീർന്നു. യാദൃശ്ചികമായി വീട്ടിൽ വന്ന ഇളയമകൻ അടുത്തുള്ള ആശുപത്രിയിലും തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലും കൊണ്ടുപോയി. ഒരാഴ്ചത്തെ ചികിത്സയ്ക്കുശേഷം അവിടെ നിന്നും ശ്രീചിത്തിരയിലേക്കു കൊണ്ടുപോകുവാൻ നിർദ്ദേശിച്ചു. അപ്പോഴേക്കും ശരീരം മുഴുവനായി തളർന്നിരുന്നു. സാമ്പത്തിക പരിമിതിമൂലം ചിത്തിരയിൽ പോകാതെ വീട്ടിൽ മടങ്ങിയെത്തി ആയുർവ്വേദ ചികിത്സ ആരംഭിച്ചു. വീട്ടിൽ ചികിത്സയിൽ കഴിയുമ്പോഴാണ് മലബാർ ബൈബിൾ ഫെല്ലോഷിപ്പു മിഷനറിമാരായ രണ്ടു സഹോദരിമാർ കടന്നു ചെല്ലുന്നത്. രോഗവിവരങ്ങൾ എല്ലാം പറഞ്ഞു. പുറപ്പെടാൻ നേരം അവർ ചോദിച്ചു. ഞങ്ങൾ ഒന്ന് പ്രാർത്ഥിക്കട്ടെ "നിങ്ങൾ എന്താ പ്രാർത്ഥിക്കുക നാരായണിയമ്മ തിരിച്ചു ചോദിച്ചു. ഞങ്ങൾ എന്തു പ്രാത്ഥിക്കണം. ഒരു സഹോദരി വീണ്ടും ചോദിച്ചു. "മരിക്കാൻ പ്രാർത്ഥിച്ചാൽ മതി" എന്ന് അവർ പറഞ്ഞു. അതു പറ്റില്ല. സുഖം ലഭിക്കാൻ പ്രാർത്ഥിക്കാം എന്ന് പറഞ്ഞ് പ്രാർത്ഥിച്ചുപോയി. തുടർന്നു അവർ നിത്യസന്ദർശകരായി മാറി. നിരന്തര സമ്പർക്കം അവരിൽ ആത്മവിശ്വാസം വർദ്ധിപ്പിച്ചു. ചികിത്സാരീതികൾ പലതും പരീക്ഷിച്ചുഎങ്കിലും പരാജയമായിരുന്നു ഫലം. തുടർന്നു മക്കൾ ഓരോരുത്തരായി അവരുടെ ലാവണങ്ങളിലേക്കു മടങ്ങി.

വൃദ്ധനായ ശങ്കുണ്ണിനായർ തൻെറ പ്രേമഭാജനത്തെ ഈ കിടക്കയിലും ശിശ്രൂഷിക്കുന്നു. പരാതിയോ പരിഭവമോ ഇല്ലാത്ത നാരായണിയമ്മയും പ്രാർത്ഥനയിലും ധ്യാനത്തിലുമായി കഴിയുന്നു. കഴിഞ്ഞ ആറുവർഷമായി പരസഹായം കൂടാതെ തിരിഞ്ഞുപോലും കിടക്കുവാൻ കഴിയുമായിരുന്നില്ല. ദൈവത്തിൻെറ അത്ഭുത പരിപാലനം അവർ അനുഭവിക്കുന്നു. "നോക്കൂ ആറുവർഷം കിടന്ന എൻെറ തൊലിപൊട്ടുകയോ വൃണമാവുകയോ ചെയ്തിട്ടുണ്ടോ? ഇത് യേശുവിൻെറ കഴിവല്ലാതെ മറ്റെന്താണ്?" എന്നു നാരാണിയമ്മ അനുഭവത്തിൽ നിന്നും ചോദിക്കുമ്പോൾ മറുത്തു പറയുവാൻ ആർക്കു കഴിയും? മാത്രമല്ല ഇന്ന് കരങ്ങൾ ചലിപ്പിക്കാനും ചെറിയ സഹായം ലഭിച്ചാൽ എഴുന്നേറ്റിരിക്കാനും കഴിയുന്നു. പരിചരിക്കാത്ത മക്കളോടു പരാതിയില്ല, പരിഭവമില്ല. എല്ലാം ക്രൂശിൻെറ ചുവട്ടിൽ വെച്ച് സന്തോഷവതിയായി കഴിയുന്നു. ഒരാഗ്രഹം മാത്രം ഒന്നു എഴുന്നേറ്റു നടക്കണം. കാരണം "യേശു സൗഖ്യമാക്കി എന്നു ചുറ്റുപാടും പരിഹസിക്കുന്നവരോട് പറയണം". മാത്രമല്ല "എഴുന്നേറ്റു കഴിഞ്ഞു ആദ്യം പോകുക നിലമ്പൂരിൽ അച്ചൻെറ അടുത്താണ്. ഞാൻ രോഗിയായി കിടന്നപ്പോൾ പ്രായമുള്ള ആ അച്ചൻ പലതവണ എൻെറ വീട്ടിൽ വന്നു പ്രാർത്ഥിച്ചു, ദൈവവചനം പറഞ്ഞുതന്നു". ഈ ആഗ്രഹം നില്ക്കെത്തന്നെ അവർ പറയുന്നു "സൗഖ്യം ലഭിച്ചില്ലെങ്കിലും പരാതിയില്ല. യേശു എൻെറ പാപംക്ഷമിച്ചു തന്നു. ഇന്നുമരിച്ചാലും ഞാൻ സ്വർഗ്ഗത്തിൽ പോകും; എൻെറ യേശുവിൻെറ മുഖം കാണും സ്തോത്രം". കിടക്കയെ അതിജീവിച്ചു സ്വർഗ്ഗത്തോളം വളർന്നു നില്ക്കുന്ന കാഴ്ച എത്ര ആശ്ചര്യകരം.

**മിഷനറി എം. ഡി. സൈമൺ**

ആശംസാസന്ദേശം

SILVER JUBILEE
MALABAR BIBLE FELLOWSHIP
25 FRUIT FUL YEARS

# PALLOM PRAYER FELLOWSHIP

## PAKKIL, KOTTAYAM -12

മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ രജത ജൂബിലി ആഘോഷിക്കുന്ന ഈ സുവർണ്ണാവസരത്തിൽ ഒരു ആശംസ നേരുന്നതിന് എനിക്ക് ലഭിച്ച സന്ദർഭത്തിനായി ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ഏതാണ്ട് 10 വർഷങ്ങൾക്ക് മുമ്പ് ഗൂഡല്ലൂരിലേക്കുള്ള ഒരു മിഷനറിയാത്രക്കിടയിൽ മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ ആസ്ഥാനമായ നിലമ്പൂരിൽ ബഹു: പി. പി. തോമസ് അച്ചനോടൊപ്പം താമസിക്കുവാനും, അവരുടെ മിഷൻ പ്രവർത്തനങ്ങളെ നേരിൽ കണ്ട് മനസ്സിലാക്കുവാനും ദൈവം എനിക്ക് അവസരം നൽകി. അച്ചൻെറയും സഹപ്രവർത്തകുരുടേയും സുവിശേഷ പ്രവർത്തനങ്ങൾക്കുള്ള താല്പര്യവും, അർപ്പണബോധവും അന്ന് ഞങ്ങളേ വളരെ ആകർഷിച്ചു.

1974-ൽ ആരംഭിച്ച മലബാർ ബൈബിൾഫെലോഷിപ്പ് വളരെ അനുഗ്രഹപ്രദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മലബാറിലുള്ള ഉൾപ്രദേശങ്ങളിലേക്ക് യേശുക്രിസ്തുവിൻെറ രക്ഷയുടെ സുവിശേഷം എത്തിക്കുന്നതിന് അച്ചനും, സഹപ്രവർത്തകരും കഠിനാദ്ധ്വാനം ചെയ്യുകയും, വളരെ ത്യാഗം സഹിക്കുകയും ചെയ്തിട്ടുണ്ട്. അക്രൈസ്തവ കേന്ദ്രമായ നിലമ്പൂരിലും പരിസരങ്ങളിലും സുവിശേഷ ദീപശിഖ ഉയർത്തുവാൻ ഈ സംഘടനയ്ക്കു സാധിച്ചു എന്നുള്ളത് പ്രശംസനീയമാണ്.

പുതിയ സഹസ്രാബ്ദത്തിലേക്ക് പ്രവേശിക്കുന്ന ഈ സന്ദർഭത്തിൽ സുവിശേഷത്തിന് എതിരായി പ്രതികൂലശക്തികൾ ഭാരതത്തിൻെറ പല ഭാഗങ്ങളിലും ഉയർന്നുവരുമ്പോൾ പരിശുദ്ധാത്മനിറവും, അർപ്പണബോധവുമുള്ള വ്യക്തികൾ ഉൾക്കൊള്ളുന്ന ഇതുപോലെയുള്ള സംഘടനകൾക്ക് കർത്താവിനുവേണ്ടി വളരെയധികം പ്രവർത്തിക്കുവാൻ കഴിയും. സുവിശേഷത്തിൻെറ വാതിൽ അടക്കുവാൻ സാത്താൻ ശ്രമിക്കുമ്പോൾ "എന്നോട് ചോദിച്ചുകൊൾക, ഞാൻ നിനക്ക് ജാതികളെ അവകാശമായും, ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും" എന്നുള്ള വാഗ്ദത്തം നിലനിൽക്കുന്നു. കർത്താവിൻെറ ഈ വലിയ വാഗ്ദത്തം മലബാർ ബൈബിൾ ഫെലോഷിപ്പിന് പുതിയ ഉണർവ്വും, ശക്തിയും, ആവേശവും നൽകട്ടെയെന്ന് ആശംസിക്കുന്നു. അതോടൊപ്പം ബഹു: അച്ചനും സഹപ്രവർത്തകർക്കും ഭാവി പ്രവർത്തനങ്ങൾക്ക് ആവശ്യമായ ആരോഗ്യവും പരിശുദ്ധാത്മശക്തിയും ദൈവം തരട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. കാൽ ശതാബ്ദം പിന്നിട്ട മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ എല്ലാ പ്രവർത്തനങ്ങൾക്കും പള്ളം പ്രയർ ഫെലോഷിപ്പിൻെറ എല്ലാ ഭാവുകങ്ങളും, ആശംസകളും അറിയിക്കട്ടെ.

കെ. മാത്യു വർഗീസ്,

❖❖

SILVER JUBILEE MALABAR BIBLE FELLOWSHIP 25 FRUIT FUL YEARS

# മലബാറിൽ സുവിശേഷവുമായി 'വാൻടീം'

**1981**-ൽ വാൻ വാങ്ങിയതിനുശേഷം മുൻപതിവുപോലെ രാവിലെ ഒരുമിച്ചുകൂടി കുറെ സമയം പ്രാർത്ഥിച്ച് വേലക്ക് പുറപ്പെടും. ആഴ്ചയിൽ രണ്ട് ദിവസം വീതം അത് നടന്നുകൊണ്ടിരുന്നു. ആറും, ഏഴും പേരുവീതം പോയിരുന്നു.



കെ. എ. മത്തായി
വൈസ് പ്രസിഡന്റ്

മലപ്പുറം: വഴിക്കടവ് മുതൽ തിരൂര് വരെയും മലപ്പുറം, പാണക്കാട്, കക്കാട്, തിരുരങ്ങാടി, ചെമ്മാട്, പൊന്നാനി, പുതുപൊന്നാനി, (പൊന്നാനിയിൽ ഒന്നാമത് ചെന്നപ്പോൾ പ്രസംഗിക്കാൻ അനുവദിച്ചില്ല. പിൽക്കാലത്ത് അതിന് അവസരം ലഭിച്ചിട്ടുണ്ട്.) താനൂർ, പരപ്പേരി, തിരുന്നാവായ, മുതലായ സ്ഥലങ്ങളിലും, പെരിന്തൽമണ്ണ, കുറ്റിപ്പുറം, ഉൾപ്പടെ മലപ്പുറം ജില്ലയുടെ എല്ലാ ഭാഗങ്ങളിലും പോകുകയും പ്രസംഗിക്കുകയും, സുവിശേഷ പ്രതികളും, ബൈബിളുകളും കൊടുക്കുകയും ചെയ്തിട്ടുണ്ട്.

പാലക്കാട്: മണ്ണാർക്കാട്, അട്ടപ്പാടി, ഒലവക്കോട്, മലമ്പുഴ, പാലക്കാട് ടൗൺ മുഴുവനും, വാളയാർ വരെയും കുഴൽമന്ദം, നെന്മാറ, നെല്ലിയാംപതി, വടക്കാഞ്ചേരി മുതൽ വടക്കുഞ്ചേരി വരെയു, കൊല്ലംക്കോട്, ചിറ്റൂർ, പാലക്കാട് ജില്ലയുടെ എല്ലാ ഭാഗങ്ങളിലും, പോയി സുവിശേഷം അറിയിച്ചിട്ടുണ്ട്.

കോഴിക്കോട്: ടൗൺ, വടകര, വില്ല്യാപ്പള്ളി, താമരശ്ശേരി, ബാലുശ്ശേരി, പേരാമ്പ്ര, കുറ്റിയാടി, നാദാപുരം, കല്ലാച്ചി, ഭൂമിവാതൽ, വാണിമേൽ, വടകര മുതൽ മാഹിവരെയും, ഇങ്ങനെ കോഴിക്കോട് ജില്ലയുടെ എല്ലാ സ്ഥലങ്ങളിലും പോയി പ്രവർത്തിച്ചിട്ടുണ്ട്.

കണ്ണൂർ: തലശ്ശേരി മുതൽ മട്ടന്നൂർ, ഇരുട്ടി, കേളകം കൊട്ടിയൂർ വരെയും, തളിപ്പറമ്പ്, ആലക്കോട് വരെയും, ശ്രീകണ്ഠാപുരം ലോഹനാർക്കാവ്, പാപ്പിനിശ്ശേരി, പയ്യന്നൂർ, ചെറുപുഴ, പൊൻപുഴ, വളപ്പട്ടണം, മാട്ടൂർ പ്രദേശങ്ങളും ഇങ്ങനെ കണ്ണൂർ ജില്ലയുടെ മുക്കിലും മൂലയിലും എത്തിച്ചേർന്നിട്ടുണ്ട്.

കാസർകോട്: നീലേശ്വരം, കാഞ്ഞങ്ങാട്, ബേക്കൽ, കാസർകോട് ടൗൺ, ഇങ്ങനെ കാസർകോട് ജില്ലയുടെ പലഭാഗങ്ങളിലും പോയി പ്രവർത്തിച്ചിട്ടുണ്ട്.

വയനാട്: കൽപ്പറ്റ മുതൽ പനമരം, മാനന്തവാടി, കാട്ടിക്കുളം വരെയും, കൽപ്പറ്റ മുതൽ മീനങ്ങാടി, ബത്തേരി, അമ്പലവയൽ, പുൽപ്പള്ളി, വെള്ളരിക്കാപ്പട്ടണം, കാപ്പിസെറ്റ് വരെയും, അങ്ങനെ പുൽപ്പള്ളിയുടെ എല്ലാഭാഗങ്ങളും മീനങ്ങാടി, കാര്യംമ്പാടി, കേണിത്തറ എന്നീ സ്ഥലങ്ങളിലും ഉൾപ്പടെ വയനാടിന്റെ എല്ലാ ഭാഗങ്ങളിലും സുവിശേഷവുമായി കടന്നുപോയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളാൽ പലരും ക്രിസ്തുവിൽ വിശ്വസിച്ചു പാപമോചനവും ആത്മസമാധാനവും അനുഭവിക്കുന്നതിൽ ഞങ്ങൾ സന്തോഷിച്ചു ദൈവത്തെ മഹത്വപ്പെടുത്തുന്നു.

മേൽപ്പറഞ്ഞ സുവിശേഷ യാത്രകളിൽ പലഭവനങ്ങളും, സ്കൂളുകളും, പള്ളികളും ഞങ്ങൾക്കു താമസത്തിനായി തുറന്നു തന്ന എല്ലാ വ്യക്തികളോടും, സ്ഥാപന ഉടമകളോടും, ഈ അവസരത്തിൽ പ്രത്യേകാൽ നന്ദി അറിയിച്ചുകൊള്ളുന്നു.

വാൻ പഴകും തോറും റിപ്പയർ ചെലവുകൾ വർദ്ധിക്കുന്നതിനാൽ വാൻ വിൽക്കേണ്ടിവന്നു. ഇപ്പോൾ വാൻ ഇല്ലാത്തതിനാൽ ഫലപ്രദമായി വേലകളും മുന്നേറുന്നില്ല. പ്രിയ വായനക്കാർ ഇക്കാര്യത്തിനായി പ്രാർത്ഥിക്കുകയും എത്രയും വേഗം വാൻവാങ്ങി വേല തുടരുവാൻ സഹായിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ലേഖനം ഉപസംഹരിച്ചുകൊള്ളുന്നു.



പഴയ വാനിനോടൊപ്പം ഫെലോഷിപ്പ് ടീം

SILVER JUBILEE
MALABAR BIBLE FELLOWSHIP
25 FRUIT FUL YEARS

# സുവിശേഷീകരണത്തിനായി...

"സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്ക് പ്രശംസിപ്പാൻ ഒന്നുമില്ല. നിർബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം! ഞാൻ അതു മന:പൂർവ്വം നടത്തുന്നു എങ്കിൽ എനിക്കു പ്രതിഫലം ഉണ്ട്. മന: പൂർവ്വമല്ലെങ്കിലും കാര്യം എങ്കൽ ഭരമേൽപിച്ചിരിക്കുന്നു." 1. കൊരി. 9 : 16 - 17

തിരുവല്ല താലൂക്കിൽ എഴുമറ്റൂർ വില്ലേജിൽ വാളക്കുഴി കുരിക്കാട്ടുപാറ മത്തായി - ഏലിയാമ്മ ദമ്പതികളുടെ മകനായി ജനിച്ചു. 20-ാം വയസ്സിൽ കർത്താവിനെ സ്വീകരിക്കാൻ ഭാഗ്യം ലഭിച്ചു. സി. എസ്. മത്തായി ഉപദേശിയുടെ വചനഘോഷണത്തിൽ കൂടിയാണ് ഞാൻ രക്ഷയിലേക്ക് കടന്നത്. കുഞ്ഞപ്പി ഉപദേശി, മുണ്ടക്കയം ജോൺ ഉപദേശി എന്നിവരുടെ ക്ലാസുകളിൽ നിന്നും സുവിശേഷം അറിയിക്കുവാനുള്ള താൽപര്യമുണ്ടായി. കിട്ടിയ വെളിച്ചത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ മൂന്നും, നാലും പേർ വീതം എരുമേലി, മുണ്ടക്കയം മുതലായ മദ്ധ്യതിരുവിതാംകൂറിന്റെ എല്ലാ ഭാഗങ്ങളിലും കാൽ നടയായി 10 വർഷക്കാലം പരസ്യയോഗങ്ങൾ നടത്തുകയുണ്ടായി.

തുടർന്ന്, എന്റെ 32-ാം വയസ്സിൽ 1957-ൽ മലബാറിൽ മുപ്പിനി എന്ന സ്ഥലത്ത് താമസമാക്കി. കിട്ടിയ വെളിച്ചം നഷ്ടപ്പെടാതെ മലബാറിൽ അന്ന് ഉണ്ടായിരുന്ന മാർത്തോമ്മ പള്ളികളിൽ വചനശുശ്രൂഷ നടത്തിക്കൊണ്ടിരുന്നു. ആ കാലത്ത് ബ്രദറൻ സഭയിലെ പി. എം. മാത്യു ഉപദേശിയുടെ ക്ഷണപ്രകാരം വഴിക്കടവ് മുതൽ മോങ്ങം വരെയുള്ള ദേശങ്ങളിൽ ആഴ്ചയിൽ 2 ദിവസം വീതം പ്രവർത്തിച്ചുകൊണ്ടിരുന്നു.

അക്കാലത്ത് റവ. പി. പി. തോമസ് അച്ചൻ ഈ പ്രദേശങ്ങളിൽ വരികയും അച്ചനോട് ഞാനും മറ്റു പലരും ചേർന്ന് മലബാറിലെ 6 ജില്ലകളിൽ പ്രവർത്തനം വ്യാപകമാക്കുകയും ചെയ്തു.

പ്രവർത്തനം പലവിധത്തിലായിരുന്നു. നടന്നും, ബസ്സിലും ട്രയിനിലും കയറി ഇറങ്ങിയും, ചിലപ്പോൾ വാഹനങ്ങൾ വാടകയ്ക്ക് എടുത്തും പലദിവസങ്ങൾ വീതം ടീമായി പ്രവർത്തിച്ചുപോന്നു.

ഞങ്ങളെല്ലാവരും സ്വമേധയാ പ്രവർത്തകരായിരുന്നു. സ്വന്തം കയ്യാൽ അദ്ധ്വാനിച്ച് ദശാംശം മാറ്റിവെച്ച് കർത്താവിന്റെ വേലക്കു ചെലവിടുകയും ബാക്കി കൊണ്ടു ഞങ്ങളുടെ കുടുംബകാര്യങ്ങൾ നടത്തുകയും ചെയ്തിരുന്ന കർഷകരാണു ഞങ്ങൾ. ഇപ്പോൾ എനിക്കു 72 വയസ്സു കഴിഞ്ഞു.

മലബാറിന്റെ സുവിശേഷീകരണം ഫലപ്രദമായും വ്യാപകമായും നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി 1974ൽ 'മലബാർ ബൈബിൾ ഫെലോഷിപ്പ്' എന്ന പേരിൽ പി. പി. തോമസച്ചൻ പ്രസിഡണ്ടായും ഞങ്ങൾപലരും മറ്റു ചുമതലക്കാരായും ഒരു മിഷ്യനറി ഫെലൊഷിപ്പ് സ്ഥാപിച്ചു. 1976 ൽ അത് രജിസ്റ്റർ ചെയ്തു.

കെ. എം. മത്തായി

## മലബാർ ബൈബിൾ ഫെലോഷിപ്പ്

***ആരംഭം:*** 1974- ൽ മലബാറിന്റെ സുവിശേഷീകരണത്തിനായി സ്ഥാപിതമായി. 1976 -ൽ സർക്കാരിൽ രജിസ്റ്റർ ചെയ്തു. (Reg No. 194/1976 മലപ്പുറം)

***ഉദ്ദേശ്യങ്ങൾ:***

1. മത്തായി 28- 18- 20 ലെ ക്രിസ്തുവിന്റെ മഹാനിയോഗമനുസരിച്ച് മലബാറിൽ സുവിശേഷവേല ചെയ്യുക.
2. വേദപുസ്തകാനുസരണമുള്ള സുവിശേഷ വിഹിത വിശ്വാസം പരിപാലിച്ചു പഠിപ്പിക്കുക.
3. "നിങ്ങളെ വിളിച്ച വിശുദ്ധനും ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ" എന്ന വചനം സ്വജീവിതത്തിൽ പ്രായോഗികമാക്കുക, പഠിപ്പിക്കുക.
4. സാമൂഹ്യസേവനം
5. തത്തുല്യമായ ഉദ്ദേശങ്ങളോടു കൂടി പ്രവർത്തിക്കുന്നവരുമായി സഹകരിക്കുക.

**Indigenous and Interdenominational**

വിദേശ സഭകളുടെ കീഴിലല്ലാതെ സ്വയംഭരണ സംവിധാനമുള്ള തദ്ദേശീയമായ സ്ഥാപനങ്ങൾ Indigenous ആണ്. ഇൻറർഡിനോമിനേഷനൽ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, ഒരു പ്രത്യേക സഭയുടെ കീഴിലല്ലാതെ വിവിധ സഭാവിഭാഗങ്ങളിലുള്ള ദൈവമക്കളുടെ എല്ലാവിധ കൂട്ടായ്മകളോടും പങ്കാളിത്തത്തോടും കൂടി നടക്കുന്ന മിഷൻ എന്നാണ്.

***ഭരണം:*** ഒരു ജനറൽ ബോഡിയും 7 പേരടങ്ങിയ ഒരു പ്രവർത്തക സമിതിയും നടത്തുന്നു.

***സാമ്പത്തികം:*** ഇത് ഒരു വിശ്വാസപ്രസ്ഥാനമാണ്. സുവിശേഷ തല്പരരായ ദൈവമക്കളുടെ ഔദാര്യ സംഭാവനകളാൽ ആണ് പ്രവർത്തിച്ചു പോരുന്നത്. ഓരോ വർഷത്തെയും കണക്കു ചാർട്ടേഡ് അക്കൗണ്ടൻറ് പരിശോധിച്ചു സർക്കാരിൽ സമർപ്പിക്കുന്നുണ്ട്.

# യേശുക്രിസ്തു ജീവിക്കുന്നദൈവം

സാവിത്രി, ആലിൻചുവട്

ജീവിതത്തിൽ ലേശം പോലും സന്തോഷം അനുഭവിക്കാത്ത കുടുംബമായിരുന്നു എന്റേത്. ഈഴവ സമുദായക്കാരിയായിരുന്ന ഞാനും എൻെറ കുടുബവും വിഗ്രഹത്തെ ആരാധിച്ചിരുന്നു എങ്കിലും ജീവിതത്തിൽ സമാധാനം അനുഭവിച്ചിരുന്നില്ല. എൻെറ ഭർത്താവ് "ബാലൻ" ഒരു മുഴു മദ്യപാനിയായി കിട്ടുന്ന പണം മുഴുവനും നശിപ്പിച്ചിരുന്നു. ഇങ്ങനെ തീർത്തും അസമാധാനത്തിൽ കഴിഞ്ഞിരുന്ന എൻെറ കുടുംബത്തെ രക്ഷിക്കുവാൻ ഞങ്ങൾ വിശ്വസിച്ച ഒരു ദൈവങ്ങൾക്കും സാധ്യമാകാതെ വന്നു.

ഇങ്ങനെയിരിക്കവേ മലബാർ ബൈബിൾ ഫെലോഷിപ്പിലെ തോമസ് അച്ചനും സ്ഥലം മിഷ്യനറിമാരും ഞങ്ങൾ താമസിക്കുന്ന ആലിൻചുവട് ഗ്രാമത്തിൽ 1994 ഫെബ്രുവരി ഒരു സുവിശേഷ കൺവെൻഷൻ നടത്തുകയുണ്ടായി. ഞങ്ങൾ ബൈബിൾ വാങ്ങി. അത് ക്രമമായി വായിക്കുവാൻ ഇടയായി, വെളിപ്പാട് 3.20 എന്നെ സ്പർശിച്ചു. യേശുക്രിസ്തു മാത്രമേ പാപങ്ങളിൽ നിന്നും വിടിവിക്കു എന്നും അവൻ മരണത്തെ ജയിച്ച് ഉയർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നവനാണെന്ന് ഞങ്ങൾക്ക് മനസ്സിലായി. തുടർന്ന് ക്രിസ്തുവിനെ സ്വന്തം രക്ഷകനും കർത്താവുമായി ഞങ്ങൾ കുടുംബമായി സ്വീകരിച്ചു. അന്നുമുതൽ ജീവിതത്തിൽ സന്തോഷവും സമാധാനവും ലഭിച്ചു.

ക്രിസ്തുവിനെ ഞങ്ങൾ സ്വീകരിച്ചപ്പോൾ ചുറ്റുപാടുമുള്ളവരും ഞങ്ങളുടെ വീട്ടുകാരും എതിർത്തു. ഒരുദിവസം സന്ധ്യാസമയത്ത് ഞങ്ങൾ 5 പേരും കൂടിയിരുന്നു വാതിൽ അടച്ച് 27-ാംസങ്കീർത്തനം വായിക്കുന്ന വേളയിൽ എൻെറ ഭർത്താവിൻെറ അനുജൻ പുറത്ത് പ്രാർത്ഥനകേട്ട് ഇരിക്കുകയായിരുന്നു. ആ സങ്കീർത്തനം അവനെക്കുറിച്ചാണെന്നു കരുതി കതക് തള്ളിത്തുറന്ന് ഒരു കത്തിയുമായി അകത്ത് കയറി. ഒന്നുകിൽ നിങ്ങൾ അല്ലെങ്കിൽ ഞാൻ എന്ന് ക്രോധപൂർവ്വം പറഞ്ഞു. ഞങ്ങൾ പ്രാർത്ഥിച്ചു. അവന് ഒന്നും ചെയ്വാൻ കഴിഞ്ഞില്ല.

അടുത്ത ദിവസം മറ്റൊരു അനുജൻ വന്നു ഭീഷണിപ്പെടുത്തി പറഞ്ഞു "ബൈബിൾ ചുട്ടുകരിക്കുക ഹിന്ദുമതഗ്രന്ഥങ്ങൾ വായിച്ചാൽ മതി." അവനോട് ഞാൻപറഞ്ഞു "ബൈബിൾ നീ ചുട്ടുകരിച്ചാലും ഞങ്ങളുടെ ഹൃദയത്തിൽ ഉള്ള ദൈവവചനം ആർക്കും എടുത്തു കളയുവാൻ സാധിക്കുകയില്ല. നീ പറയുന്ന ഹൈന്ദവ ഗ്രന്ഥങ്ങളിൽ എൻെറ ഭർത്താവിൻെറ മദ്യപാനം മാറ്റുവാനും പാപത്തിൽ നിന്നും വിടുതൽ തന്ന് എനിക്ക് സമാധാനം തരുവാനും കഴിവുള്ളതൊന്നും ഞാൻ കണ്ടില്ല. ക്രിസ്തുവിൽ കൂടി ഞങ്ങൾക്ക് പാപമോചനവും സമാധാനവും കിട്ടി. നിൻെറ ജേഷ്ഠൻെറ മദ്യപാനവും മാറി എന്നു പറഞ്ഞു".

"നിങ്ങൾ എൻെറ പടിക്കൽ സഹായത്തിനുവരും അപ്പോൾ കണ്ടോളാം" എന്നു അവൻ വീണ്ടും പറഞ്ഞു.

ഏറെ താമസിയാതെ അവൻരോഗിയായി. പണി എടുക്കുവാൻ ആരോഗ്യം ഇല്ലാതയായി സഹായം ചോദിച്ചു കൊണ്ട് ഞങ്ങളുടെ അടുക്കൽ ആ അനുജൻ വരികയുണ്ടായി. മറ്റൊരു കൂട്ടർ ഞങ്ങൾക്കെതിരെ മന്ത്രവാദം ചെയ്തു. ചെയ്തവർക്ക് നാശനഷ്ടങ്ങൾ ഉണ്ടായതല്ലാതെ ഞങ്ങൾക്ക് ഒന്നും സംഭവിച്ചില്ല. അങ്ങനെയിരിക്കെ എൻെറ ഭർത്താവ് വീട്ടിൽ പോയി അച്ഛനും അമ്മയും സ്വന്തക്കാർ എല്ലാം കൂടി ക്രിസ്ത്യാനി ആകരുത് എന്ന് പറഞ്ഞ് വളരെ നിർബന്ധിച്ചു. ഒരുപാട് വേദനിപ്പിച്ചു. ഭർത്താവ് വീട്ടിൽ വന്ന് എന്നോട് പറഞ്ഞു "ഇനി നമുക്ക് യേശുവിൻെറ മാർഗ്ഗം വേണ്ട, എനിക്കു വയ്യ". അന്നു വൈകിട്ട് ഞാൻ അതിവേദനയോടെ പ്രാർത്ഥിച്ചു പറഞ്ഞു. "കർത്താവേ ഒന്നുകിൽ ഈ വിശ്വാസത്തിൽ ഞാൻ മരിക്കണം. അല്ലങ്കിൽ ഞാൻ ഈ വിശ്വാസത്തിൽ ജീവിക്കണം."

പെട്ടെന്ന് ഞാൻ അതിവേദനകൊണ്ട് വിയർത്തു മരണവെപ്രാളം ആയി, കുട്ടികൾ നിലവിളിച്ചു. എൻെറ ഭർത്താവ് ബാലൻ തൻെറ വായിൽ നിന്നും വന്ന വാക്കുകൾ ക്ഷമിക്കണമേ എന്ന് പറഞ്ഞു പ്രാർത്ഥിക്കുവാൻ തുടങ്ങി. "കർത്താവേ ക്ഷമിക്കേണമേ, സാവ്യത്രിയെ സുഖമാക്കണമേ. ഞാനും നിനക്കായി ജീവിച്ചുകൊള്ളാം." ഭർത്താവിൻെറ പ്രാർത്ഥന തീർന്നതും എനിക്കു വിടുതൽ ഉണ്ടായി.

ഇങ്ങനെ ഞങ്ങൾ വിശ്വാസത്തിൽ ജീവിക്കുന്ന സമയം കുട്ടികളെ ആരും സഹായിക്കും, ആര് വിവാഹം കഴിക്കും എന്ന് പറഞ്ഞ് അനേകർ പരിഹസിച്ചു. ഞങ്ങൾ ദൈവത്തിൽ ആശ്രയിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ദൈവവചനം പറയുന്നു "ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ ദൈവത്തോട് അറിയിക്കുകയത്രേ വേണ്ടത്." ദൈവം ഞങ്ങളുടെ പ്രാർത്ഥന കേട്ടു. എൻെറ മകളുടെ വിവാഹം നടന്നു. കുടുംബമായി അവർ കർത്താവിൻെറ ശുശ്രൂഷചെയ്യുന്നു. ചോദിച്ചതിലും നിനച്ചതിലും അത്യന്തം പരമായി ദൈവം നടത്തിതന്നു. "അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി അവരുടെ മുഖമോ ലജ്ജിച്ചു പോയതുമില്ല. ഇത്തിരി സമാധാനത്തിനുവേണ്ടി ദൈവത്തോട് അപേക്ഷിച്ചു. നല്കപ്പെട്ടതോ തീരാത്ത സന്തോഷം. ഇന്ന് ഞങ്ങൾ കുടുംബമായി സന്തോഷത്തോടെ ജീവിക്കുന്നു. ഇപ്പോൾ സ്വാതന്ത്ര്യത്തോടെ ആരാധനയ്ക്ക് പോകുന്നു. ദൈവത്തിന് മഹത്വം.

## മലബാർ ബൈബിൾ ഫെല്ലോഷിപ്പ്

# ലേഡീസ് ടീം പ്രവർത്തനം



ഗ്രൂപ്പ് ഡിസ്കഷൻ ദൃശ്യം

പ്രവർത്തകർ:- മെറീനാ തോമസ്, ശോഭി. ടി, ജെസ്സി ഉലഹന്നാൻ, ബിന്ദുജോർജ്, ഷൈജ അബ്രഹാം, സത്യവതി. എം. 2 പേർ വിതം 3 ഫീൽഡുകളിൽ താമസിച്ച് ഇപ്പോൾ പ്രവർത്തിക്കുന്നു നിലമ്പൂർ, തേക്കിൻചുവട്, കിഴിശ്ശേരി ഫീൽഡുകൾ.

പ്രവർത്തനരീതി:- ■ഓരോ ടീമും താമസിക്കുന്ന പ്രദേശത്തുള്ള എല്ലാ ഭവനങ്ങളും സന്ദർശിച്ച് യേശുക്രിസ്തുവിനെ സാക്ഷിക്കുന്നു. (ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ) ലഘുലേഖകൾ, പുസ്തകങ്ങൾ ഇവ വിതരണം ചെയ്യുന്നു. ഇങ്ങനെ പ്രവർത്തിക്കുന്നതായ സ്ഥലങ്ങളിൽ യേശുക്രിസ്തുവിനെക്കുറിച്ച് അറിയുവാനും, മനസ്സിലാക്കുവാനും താല്പര്യമുള്ളവരെ കണ്ടുപിടിക്കുകയും അങ്ങനെയുള്ളവരുമായി പലപ്രാവശ്യം കണ്ടുമുട്ടുകയും സുവിശേഷസത്യങ്ങൾ അവരെപറഞ്ഞ് മനസ്സിലാക്കുകയും ചെയ്യുന്നു. ഇങ്ങനെ പ്രാർത്ഥനാഗ്രൂപ്പുകൾ സംഘടിപ്പിക്കുകയും തുടർന്ന് അവരെ വേദപുസ്തകം പഠിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ വിശ്വാസത്തിൽ വരുന്നവരെ ഫീൽഡിൽ നടക്കുന്ന കൂട്ടായ്മകൾക്കും ആരാധനകൾക്കും ക്ഷണിക്കുകയും അവരെ വിശ്വാസത്തിൽ വളർത്തുകയും ചെയ്യുന്നു. തുടർന്ന് അവർതന്നെ മറ്റുള്ളവരുടെ മുന്നിൽ യേശുക്രിസ്തുവിനെക്കുറിച്ച് സാക്ഷിക്കുവാൻ അവസരം ഒരുക്കുന്നു.

■കുട്ടികളെ വേദപുസ്തക കഥകൾ പാട്ടുകൾ മുതലായവ പഠിപ്പിച്ച് വിശ്വാസത്തിൽ വളർത്തുന്നു.

■വിശ്വാസികൾതന്നെ ദൈവവചനം പഠിക്കുന്നതിന്റെ ഫലമായി സ്നാനപ്പെടണം എന്ന് ആവശ്യപ്പെട്ടാൽ അതിനുള്ള സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുന്നു.

■ചില പ്രത്യേകസ്ഥലങ്ങളിൽ ആവശ്യാനുസരണം 6 പേരും ഒന്നിച്ച് താമസിച്ചുകൊണ്ടും ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷം അറിയിക്കുന്നു.



ബൈബിൾ സ്റ്റഡി

# മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ അടിസ്ഥാന വിശ്വാസങ്ങൾ

## (Statement of faith)

1. പഴയ പുതിയ നിയമങ്ങളിലായി 66 പുസ്തകങ്ങളടങ്ങിയ സത്യവേദപുസ്തകം ആദിയോടന്തം പരിശുദ്ധാത്മ നിശ്വാസ്യവും സമ്പൂർണ്ണവിശ്വാസ്യവും മനുഷ്യൻെറമേൽ സമ്പൂർണ്ണ അധികാരമുള്ളതും വിശ്വാസോപദേശങ്ങളെ സംബന്ധിച്ച തെറ്റിക്കൂടാത്ത ആധികാരികതയുള്ളതും ആണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.
2. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്നു ആളത്വമുള്ള സത്യ നിത്യ ത്രിയേക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവൻ സൃഷ്ടിതാവും പരിപാലകനും വീണ്ടെടുപ്പുകാരനും ആകുന്നു.
3. പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായ കർത്താവായ യേശുക്രിസ്തുവിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവൻെറ കന്യകാജനനം, പ്രായശ്ചിത്ത മരണം, ശാരീരിക ഉയിർത്തെഴുന്നേൽപ്പ്, സ്വർഗ്ഗാരോഹണം, മഹാപൗരോഹിത്യ ശുശ്രൂഷ, രണ്ടാം വരവ് എന്നിവയും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ പാപികളുടെ ഏക രക്ഷിതാവും ന്യായകർത്താവുമാകുന്നു.
4. ദൈവത്തിൻെറ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻെറ മഹത്വവും, തുടർന്നുണ്ടായ വീഴ്ചയും തൽഫലമായി സർവ്വ മനുഷ്യരും പാപികളായി തീർന്നുവെന്നും ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങനെയുള്ള മനുഷ്യൻ വ്യക്തിപരമായി മാനസാന്തരപ്പെട്ടു ക്രിസ്തുയേശുവിൽ വിശ്വസിച്ചു വീണ്ടും ജനനം പ്രാപിക്കേണ്ടത് ആവശ്യമാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു.
5. പരിശുദ്ധാത്മാവാം ദൈവത്തിലും ഞങ്ങൾ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവ് വിശ്വാസികളെ വിശുദ്ധീകരിച്ച് അവരിൽ വസിക്കുന്നതിനാൽ വിശ്വാസികൾ വിശുദ്ധജീവിതത്തിനും ക്രിസ്തുയേശുവിനെ സാക്ഷിക്കുന്നതിനും തങ്ങളുടെ സമൂഹത്തോടുള്ള ഉത്തരവാദിത്വം നിറവേറ്റുന്നതിനും ശക്തിപ്രാപിക്കുന്നു.
6. കർത്താവായ യേശുക്രിസ്തുവിൻെറ ശരീരമായ ഏക വിശുദ്ധ- അപ്പസ്തോലിക സാർവത്രിക സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു. കർത്താവിൻെറ സഭക്ക് ആരാധന, കൂട്ടായ്മ, സേവനം എന്നിവ ആവശ്യമാകുന്നു. വിഭാഗ ഭേദമന്യേ വിശ്വാസികളുടെ ആത്മീക കൂട്ടായ്മയിലും ഞങ്ങൾ വിശ്വസിക്കുന്നു.
7. കർത്താവായ യേശുക്രിസ്തു ആളത്വമായി ശക്തിയോടും മഹത്വത്തോടും രണ്ടാമതു പ്രത്യക്ഷനാകുമെന്നും വിശുദ്ധന്മാർ നിത്യജീവനായും ദുഷ്ടന്മാർ നിത്യ ന്യായവിധിക്കായും ഉയിർക്കപ്പെടുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.
8. ആകയാൽ സകല വിശ്വാസികളും ക്രിസ്തുയേശുവിൻെറ സാക്ഷികളായി സുവിശേഷീകരണത്തിൽ പങ്കാളികളാകേണ്ടതാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു.
9. തിരുവത്താഴം കർത്താവ് സ്ഥാപിച്ചതാണെന്നും, അത് യേശുക്രിസ്തുവിൻെറ പാപപരിഹാര മരണം, ഉയിർത്തെഴുന്നേൽപ്പ്, രണ്ടാം വരവ് എന്നിവയെ ഓർക്കാനുള്ളതാണെന്നും, അപ്പവും വീഞ്ഞും യേശുക്രിസ്തുവിൻെറ ശരീരത്തിൻെറയും രക്തത്തിൻെറയും സാദൃശ്യം മാത്രമാണെന്നും കൃപയാൽ രക്ഷിക്കപ്പെട്ടവർ മാത്രം അത് കൈക്കൊള്ളേണ്ടതാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു.
10. "സ്നാനം ഒന്ന്" (എഫേ 4:5) എന്നും, അത് "പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ" (മത്തായി 28: 19) ആയിരിക്കണമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. സ്നാനം രക്ഷക്കു ആവശ്യമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല.

SILVER JUBILEE MALABAR BIBLE FELLOWSHIP 25 FRUIT FUL YEARS

# മലബാർ ബൈബിൾ ഫെല്ലോഷിപ്പ്

## മിഷനറിമാർ അനുഭവങ്ങൾ

**കൊ**ല്ലം ജില്ലയിലെ മൺട്രോതുരുത്ത് എന്ന സ്ഥലത്ത് ഒരു ക്രിസ്തീയ ഭവനത്തിലാണ് ഞാൻ ജനിച്ചുവളർന്നത് (C.S.I) എങ്കിലും യേശുക്രിസ്തുവുമായി ഒരു വ്യക്തിത്വ ബന്ധം ഇല്ലായിരുന്നു. എന്നാൽ പള്ളിയിലെ എല്ലാകാര്യങ്ങളിലും പങ്കെടുത്തിരുന്നു. എന്റെ ഇഷ്ടപ്രകാരവും, ലോകപ്രകാരവും ഒക്കെ ജീവിച്ചു. പലപ്പോഴും ദൈവശബ്ദം കേട്ടിട്ടും അതു അനുസരിക്കാൻ ഞാൻ താൽപ്പര്യപ്പെട്ടില്ല. എന്നാൽ 1988 May 27 എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു സുദിനം, മരണത്തെ മുഖാമുഖമായി കണ്ട ദിവസം ആയിരുന്നു. വലിയ ഒരു അപകടത്തെ തുടർന്ന് രണ്ടുവർഷം രോഗിയായ് തീർന്നു. ആ രോഗാവസ്ഥയിൽ ഞാൻ ദൈവവുമായി ഒരു ഉടമ്പടി ചെയ്തു. 1990-ൽ തിരുവല്ലാ നവജീവോദയം ബൈബിൾ സ്കൂളിൽ പഠിക്കാൻ



അവസരം ലഭിച്ചു. 1992 മുതൽ ബൈബിൾ ഫെലോഷിപ്പിൽ പ്രവർത്തിക്കുന്നു. ഞങ്ങൾ കുടുംബമായ് മലപ്പുറം ജില്ലയിൽ കീഴിശ്ശേരി എന്ന സ്ഥലത്ത് താമസിച്ച് കർത്താവിന്റെ വേല ചെയ്യുന്നു.

■ ■ ■ ■

**പ**ത്തനംതിട്ട ജില്ലയിൽ സീതത്തോട് എന്ന ചെറിയ ഗ്രാമത്തിൽ ഒരു ഹൈന്ദവ കുടുംബത്തിൽ ആണ് ഞാൻ ജനിച്ചു വളർത്തപ്പെട്ടത്. ഭാഗ്യവശാൽ രൂത്ത് ബോവസിന്റെ വയലിൽ ചെന്നതു



പോലെ തിരുവല്ലാ നവജീവോദയം കേന്ദ്രത്തിൽ ചെന്നെത്തുവാൻ ദൈവം സഹായിച്ചു. തുടർന്ന് അവിടെ വെച്ച് യേശുക്രിസ്തുവിനെ സ്വന്തം രക്ഷകനായി സ്വീകരിക്കാൻ ഭാഗ്യം ലഭിച്ചു . തുടർന്ന് അവിടെ പതിനൊന്ന് വർഷം പ്രവർത്തിക്കുവാൻ ദൈവം അവസരം ഒരുക്കി. അവിടെ പ്രവർത്തിക്കുന്ന സമയത്ത് വടക്കേ ഇന്ത്യയെക്കുറിച്ച് കേൾക്കുന്നതിന് ഇടയായി. ആ സമയത്ത് എനിക്ക് വടക്കേ ഇന്ത്യയിൽ സുവിശേഷവേലക്ക് പോകണം എന്ന് ആഗ്രഹം ഉണ്ടായിരുന്നു. എന്നാൽ 1995 ൽ മലബാർ ബൈബിൾ ഫെലോഷിപ്പിനോടുചേർന്നു സുവിശേഷവേല ചെയ്യാൻ ദൈവം അവസരം ഒരുക്കി. മദ്ധ്യതിരുവിതാംകൂറിലെ സുവിശേഷവേല പോലെ ആയിരിക്കും ഇവിടെ എന്ന് കരുതിയാണ് വന്നത്; പക്ഷെ തികച്ചും വ്യത്യസ്തമായരീതി, വടക്കേന്ത്യയെക്കാൾ പ്രയാസമേറിയ സ്ഥലം ആണ് മലബാർ. എന്നാൽ അനേകം ദൈവമക്കളുടെ പ്രാർത്ഥനയുടെ ശക്തിക്കൊണ്ടു മലബാറിന്റെ വിവിധ സ്ഥലങ്ങളിൽ കുടുംബമായി താമസിച്ച് പ്രവർത്തിക്കുവാൻ ദൈവം അവസരം നൽകികൊണ്ടിരിക്കുന്നു. ഇപ്പോൾ കടന്നമണ്ണ എന്ന സ്ഥലത്ത് കുടുംബമായി താമസിച്ച് പ്രവർത്തിക്കുന്നു.

■ ■ ■ ■

P.M. വർഗ്ഗീസ് - മുത്തുവേൽ

ഞാൻ ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു. ശിശുവായിരുന്നപ്പോൾ എനിക്ക് മാരകമായ രോഗം പിടിപെട്ടു. ആ സമയം എൻെറ അമ്മ, പത്തനംതിട്ടയിൽ പുതുക്കുളം മർത്തോമ്മാ പള്ളിയിൽ വെച്ച് "എനിക്ക് ഈ കുഞ്ഞിനെ തന്നാൽ ദൈവവേല



യ്ക്കായി സമർപ്പിക്കും" എന്ന് നേർന്നു. തുടർന്ന് ദൈവം എനിക്ക് സൗഖ്യം തരുകയും ചെയ്തു. ഞാൻ മൂന്നാം ക്ലാസിൽ പഠിക്കുമ്പോൾ എൻെറ അമ്മ മരിച്ചു. എസ്. എസ്. എൽ. സി. പാസ്സായപ്പോൾ ഞാൻ ദൈവീക വഴിയിൽ നിന്നും വിട്ട് ജീവിച്ചു. 1989 - ൽ ഒരു ധ്യാനയോഗത്തിൽ ഞാൻ പുന:പ്രതിഷ്ഠിക്കപ്പെടുകയും എനിക്കുണ്ടായിരുന്ന തൊഴിൽ വേണ്ടന്നുവെച്ച് 1990 ൽ നവജീവോദയം ബൈബിൾ ഇൻസ്റ്റിട്യൂട്ടിൽ പഠനത്തിനു പോകുകയും ചെയ്തു. 1991 മുതൽ മലബാർ ബൈബിൾ ഫെലോഷിപ്പിനോട് ചേർന്ന് നിലമ്പൂർ കേന്ദ്രമാക്കി അമരമ്പലം - വാണിയമ്പലം ഭാഗങ്ങളിൽ വേലചെയ്യുന്നു.

■ ■ ■ ■

ഇടുക്കി ജില്ലയിലെ വെണ്മണിയാണ് സ്വദേശം. സി. എസ്. ഐ. സഭാംഗമായി ആത്മീയാന്തരീക്ഷത്തിൽ വളർന്നു 1980 മാർച്ച് 1-ാം തീയതി രക്ഷിക്കപ്പെട്ടു. കോളജ് പഠനത്തിനുശേഷം 1987 മുതൽ സി. എസ്. ഐ സഭയിലെ സുവിശേഷകനായി

N.D. സെൽവൻ - മുത്തുവേൽ



പ്രവർത്തിച്ചു. 1989 - 90 വർഷങ്ങളിൽ തിരുവല്ല നവജീവോദയം ബൈബിൾ സ്കൂളിൽ പഠിച്ചു. പഠനാനന്തരം 91- ജൂണിൽ ഹൃസ്വകാല പ്രവർത്തനത്തിനായി മലബാർ ബൈബിൾ ഫെലൊഷിപ്പിനോടു ചേർന്നു. ഇവിടെ വന്നു ചിലദിവങ്ങൾക്കു ശേഷം ഗ്രാമങ്ങളിലെ പ്രവർത്തനത്തിനു ടീമിനോടൊപ്പം പോയി. ഒരു അങ്ങാടിയിൽ പ്രസംഗശേഷം പുസ്തകം വില്ക്കുമ്പോൾ ഒരു ചെറുപ്പക്കാരൻ എന്നെ വിളിച്ച് ഒരു ബൈബിൾ ആവശ്യപ്പെട്ടു. തുടർന്ന് അദ്ദേഹം ഇപ്രകാരം പറഞ്ഞു. "ഞാൻ എം. എ. കഴിഞ്ഞു. കോഴിക്കോട്ട് പഠിച്ചുകൊണ്ടിരിക്കുമ്പോൾ പള്ളിയിൽ പോയിട്ടുണ്ട്. എന്നാൽ ബൈബിൾ വായിക്കാൻ കഴിഞ്ഞിട്ടില്ല. എൻെറ ഗ്രാമത്തിൽ എൻെറ അറിവിൽ ക്രിസ്ത്യാനികളാരുമില്ല." തുടർന്നുള്ള പല അനുഭവങ്ങളും അദ്ദേഹത്തിൻെറ വാക്കുകളെ പിൻതാങ്ങുന്നതായിരുന്നു. ഈ അനുഭവം മലബാറിൽ തുടർന്നുപ്രവർത്തിക്കാൻ എനിക്കു പ്രേരണനൽകി. ഭാര്യ കുഞ്ഞുമോളും മകൾ ലിഡിയായും ചേർന്നു മലപ്പുറം ജില്ലയിലെ അരീക്കോട് പ്രവർത്തിച്ചുവരുന്നു.

■ ■ ■ ■

V.V. ജോർജ്



എറണാകുളം ജില്ലയിൽ അങ്കമാലി എന്ന സ്ഥലത്താണ് എൻെറ വീട്. ഞാൻ ഒരു യാക്കോബായ കുടുംബത്തിലാണ് ജനിച്ച് വളർന്നത്. ചെറുപ്പം മുതൽ പള്ളിയിലെ ആത്മീയ കാര്യങ്ങളിൽ പങ്കെടുത്തിരുന്നുവെങ്കിലും "യേശു" എൻെറ രക്ഷകൻ ആണന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 1986 - ൽ ഒരു ക്രിസ്തീയ കൂട്ടായ്മയിൽ വെച്ച് ഞാൻ എൻെറ കർത്താവിനെ സ്വന്തരക്ഷിതാവായി ഹൃദയത്തിൽ സ്വീകരിച്ചു. എങ്കിലും ഈ ലോക മോഹങ്ങളിൽ ഇഴുകി ജീവിച്ചിരുന്നത് കൊണ്ട് കിട്ടിയ പ്രകാശം കെട്ടുപോയി. എന്നാൽ ദൈവം എന്നെ വീണ്ടും തേടിവന്നു. 1992-ൽ ദൈവത്തിൻെറ വേലയ്ക്ക് വേണ്ടി എന്നെ തെരഞ്ഞെടുത്തു. തുടർന്ന് കർണ്ണാടക സ്റ്റേറ്റിലുള്ള ട്രിനിറ്റി ബൈബിൾ കോളജിൽ മൂന്ന് വർഷം ദൈവവചനം പഠിക്കുവാൻ ഇടയായി. 1996 - ൽ ദൈവത്തിൻെറ വേലയ്ക്കു വേണ്ടി ഇറങ്ങി.1997. ഫെബ്രുവരി 31- മുതൽ കടന്നമണ്ണയിൽ കർത്താവിൻെറ വേല ചെയ്ത് കൊണ്ടിരിക്കുന്നു.

■ ■ ■ ■



ഇടുക്കിജില്ലയിലെ കഞ്ഞിക്കുഴി എന്ന സ്ഥലത്ത് ജനിച്ച് വളർന്നു. ഒരു റോമൻ കത്തോലിക്ക കുടുംബത്തിലെ അംഗമാണ്. എന്നാൽ 1991-ൽ യഥാർത്ഥത്തിൽ ഒരു ക്രിസ്ത്യാനിയായി ത്തീർന്നു. രക്ഷിക്കപ്പെട്ടു. തുടർന്ന് ബൈബിൾ സ്കൂളിൽ പഠിച്ചു പഠനത്തിനുശേഷം മലബാർ ബൈബിൾ ഫെലോഷിപ്പിനോട് ചേർന്ന് സുവിശേഷവേല ചെയ്തുകൊണ്ടിരിക്കുന്നു.

■ ■ ■ ■



കോട്ടയം ജില്ലയിൽ വൈക്കം എന്ന സ്ഥലത്ത് ഞാൻ ഒരു ക്നാനായ കത്തോലിക്കാ കുടുംബത്തിൽ ജനിച്ചു. അനേകം പ്രിയപ്പെട്ടവരുടെ പ്രാർത്ഥനയുടെ ഫലമായി 1994 ഒക്ടോബർ 5-ാം തീയതി യേശുവിനെ എന്റെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചു. തുടർന്ന് വളരെ പ്രതിസന്ധിയിലൂടെ കടന്നുപോകേണ്ടിവന്നു. ജീവൻ തന്നു രക്ഷിച്ച കർത്താവിന്റെ ശുശ്രൂഷ ചെയ്യുന്നതിനായി 1995 - 96 വർഷം തിരുവല്ല നവജീവോദയം ബൈബിൾ സ്കൂളിൽ പഠിക്കുകയും തുടർന്ന് 1997 മുതൽ മലബാർ ബൈബിൾ ഫെലോഷിപ്പിൽ ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുന്നു.

■ ■ ■ ■



മലപ്പുറം ജില്ലയിലെ അരീക്കോട് എന്ന സ്ഥലത്ത് ഞാൻ ഒരു ഹൈന്ദവ ഭവനത്തിലാണ് ജനിച്ചു വളർത്തപ്പെട്ടത്. എന്നാൽ എന്റെ ജീവിതത്തിൽ സമാധാനമോ സന്തോഷമോ ഇല്ലായിരുന്നു. അങ്ങനെയിരിക്കുമ്പോൾ മലബാർ ബൈബിൾ ഫെലോഷിപ്പിലെ പ്രവർത്തകർ ഞങ്ങളുടെ വീട്ടിൽ വരികയും അവരിൽ കൂടെ യേശുവിനെ കുറിച്ചു അറിയാൻ ഇടയാവുകയും ചെയ്തു. 1994- ഡിസംബർ 24 ന് ഞാൻ യേശുവിനെ എന്റെ രക്ഷകനും കർത്താവുമായ് സ്വീകരിച്ചു. അന്നു മുതൽ സകല ബുദ്ധിയെയും കവിയുന്ന ദൈവീക സമാധാനം അനുഭവിപ്പാൻ ഇടയായി. എന്നാൽ യേശുവിനെക്കുറിച്ച് കൂടുതലായിട്ട് അറിയാൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നു. അങ്ങനെ രണ്ടു വർഷക്കാലം നവജീവോദയം ബൈബിൾ സ്കൂളിൽ പഠിക്കാൻ അവസരം ലഭിച്ചു. തുടർന്നു 99 മുതൽ മലബാർ ബൈബിൾ ഫെലോഷിപ്പിനോട് ചേന്നു പ്രവർത്തിക്കുന്നു.

■ ■ ■ ■



കൊല്ലംജില്ലയിൽ ചെങ്കുളം എന്ന സ്ഥലത്താണ് ഞാൻ ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യാ സഭാംഗമാണ്. ജീവിതത്തിന്റെ പ്രതികൂലസാഹചര്യത്തിൽ ജീവിതം അവസാനിപ്പിക്കുവാൻ ശ്രമിക്കുമ്പോഴാണ് ദൈവത്തിന്റെ ഇമ്പമായ ശബ്ദം എന്റെ ഹൃദയത്തിനുള്ളിൽ നിന്ന് തന്നെ എന്നോട് സംസാരിച്ചത്. തുടർന്ന് എന്റെ പാപം ദൈവത്തോട് ഏറ്റ് പറഞ്ഞു കർത്താവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു. സുവിശേഷ വേല എന്റെ ഹൃദയത്തിന്റെ ആഗ്രഹമായിരുന്നു. ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. 94- ൽ തിരുവല്ലാ നവജീവോദയം ബൈബിൾ സ്കൂളിൽ ചേർന്ന് പഠിക്കുവാൻ ഭാഗ്യം ലഭിച്ചു. 96- ഏപ്രിൽ 1-ാം തീയതി മുതൽ മലബാർ ബൈബിൾ ഫെലോഷിപ്പിൽ ചേർന്ന് കർത്താവിന്റെ ശുശ്രൂഷചെയ്യുന്നു.

■ ■ ■ ■



ഇടുക്കി ജില്ലയിൽ കീരിത്തോട് എന്ന സ്ഥലത്ത് ഒരു യാക്കോബായ കുടുംബത്തിൽ ജനിച്ചു വളർന്നു. ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു എങ്കിലും ക്രിസ്തു ഇല്ലാത്ത ക്രിസ്ത്യാനിയായിട്ടാണ് ജീവിച്ചത്. 1994 Dce. 8 ന് ഞാൻ രക്ഷിക്കപ്പെട്ടു. യേശുക്രിസ്തു എനിക്കുവേണ്ടി എന്റെ പാപങ്ങൾക്കു പരിഹാരമായി മരിച്ചു എന്നു വിശ്വസിക്കുകയും ചെയ്തു. തുടർന്ന് ഞാൻ ഒരു തീരുമാനം എടുത്തു എനിക്കുവേണ്ടി മരിച്ച യേശുവിനായ് ജീവിക്കും എന്ന്. 2 വർഷം നവജീവോദയം ബൈബിൾ സ്കൂളിൽ പഠിച്ചു. 97 മുതൽ മലബാർ ബൈബിൾ ഫെലോഷിപ്പിനോട് ചേർന്ന് പ്രവർത്തിക്കുന്നു.

■ ■ ■ ■

SILVER JUBILEE MALABAR BIBLE FELLOWSHIP 25 FRUIT FUL YEARS

ബിന്ദു ജോർജ്ജ്.



**കൊ**ല്ലം ജില്ലയിലെ അച്ചൻ കോവിലാണ് സ്വദേശം. ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു വളർന്നിട്ടും ക്രിസ്തു ഇല്ലാത്ത ഒരു ക്രിസ്ത്യാനിയായി ഞാൻ ജീവിച്ചു. കൃപയാൽ ദൈവസ്നേഹം എന്നെ തേടിവന്നു. എന്റെ പാപപരിഹാരത്തിനായ് മരിച്ചു ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നവനായ ക്രിസ്തുവിനെ എന്റെ രക്ഷകനും നാഥനും ആയി സ്വീകരിക്കാൻ 1995 ൽ എനിക്ക് ഭാഗ്യം ലഭിക്കുകയും തുടർന്ന് തിരുവല്ലാ നവജീവോദയം ബൈബിൾ സ്കൂളിൽ പഠിയ്ക്കുവാനും അവസരം ലഭിച്ചു. 1997 ജനുവരി 10 മുതൽ മലബാർ ബൈബിൾ ഫെലോഷിപ്പിനോട് ചേർന്ന് കർത്താവിന്റെ വേലയിലായിരിക്കുന്നു.

■ ■ ■ ■

ഷിജോയ്.



**നി**ലമ്പൂർ താലൂക്കിൽ മൂപ്പിനിയിലാണ് എന്റെ വീട്. ഒരു ഇവാൻജലിക്കൽ ഭവനത്തിലാണ് ഞാൻ ജനിച്ചു വളർന്നത്. നല്ല ആത്മീയ അന്തരീക്ഷം ലഭിച്ചതിനാൽ ചെറുപ്രായത്തിൽ തന്നെ യേശു ക്രിസ്തുവിനെ എന്റെ കർത്താവും രക്ഷിതാവും ആയി സ്വീകരിക്കുവാൻ എനിക്ക് ഭാഗ്യം ലഭിച്ചു. അങ്ങനെ ജീവിച്ചു വരവെ 1996-ൽ മലബാർ ബൈബിൾ ഫെലോഷിപ്പിന്റെ കൺവൻഷനിൽ വെച്ച് ഞാൻ കർത്താവിന്റെ വേലയ്ക്കായി എന്നെ സമർപ്പിച്ചു. രണ്ട് വർഷത്തെ ബൈബിൾ പഠനം തിരുവല്ല നവജീവോദയത്തിൽ പൂർത്തിയാക്കി. തുടർന്ന് മലബാർ ബൈബിൾ ഫെലോഷിപ്പിനോട് ചേർന്ന് കർത്താവിന്റെ വേല ചെയ്തു വരുന്നു.

■ ■ ■ ■

P.V. ചെറിയാൻ - ഷീനാ.

**ഞാ**ൻ മലപ്പുറം ജില്ലയിൽ നിലമ്പൂരിലുള്ള ഒരു സുവിശേഷവിഹിത ഭവനത്തിൽ ജനിച്ച് വളർത്തപ്പെട്ടു. ചെറുപ്പം മുതൽ തന്നേ ദൈവ വചനം പഠിക്കുകയും സുവിശേഷത്തിനനുസരണമായി ജീവിക്കുകയും ചെയ്യാൻ ദൈവം കൃപചെയ്തു. അതുകൊണ്ടുതന്നേ യാതൊരുവിധ മ്ലേച്ഛതകളിലേക്കും



ദുർസ്വഭാവങ്ങളിലേക്കും തിരിയാതിരിപ്പാൻ ദൈവം സഹായിച്ചു. ചെറുപ്രായത്തിൽ തന്നേ രക്ഷിക്കപ്പെടുവാൻ ഇടയായി. സ്കൂൾ വിദ്യാഭ്യാസകാലത്ത് പി. പി. തോമസച്ചനോടും ടീമിനോടും കൂടെ സുവിശേഷപ്രവർത്തനങ്ങളിൽ പങ്കുചേരുവാൻ ഇടയായിട്ടുണ്ട്. അത് സുവിശേഷവേലക്ക് എനിക്കു ലഭിച്ച പരിശീലനമായിരുന്നു. വിദ്യാഭ്യാസത്തിനുശേഷം നാലു വർഷം operation mobilisation എന്ന സുവിശേഷ സംഘടനയുമായി ചേർന്ന് തമിഴ് നാട്ടിലും, ബോംബേയിലും ചില വടക്കൻ സംസ്ഥാനങ്ങളിലും പ്രവർത്തിക്കുവാൻ ദൈവം ഇടവരുത്തി 1991 ൽ വിവാഹിതനാവുകയും 1992 മുതൽ കുടുംബമായി മലബാർ ബൈബിൾ ഫെലോഷിപ്പിൽ ചേർന്ന് പ്രവർത്തിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു.



# ജീവിതത്തിൻെറ വഴിത്തിരിവ്

എ. കെ. ഈശോ. ആറ്റാച്ചേരിൽ, ട്രഷറർ

**1968** ആഗസ്റ്റ് മാസം 12-ാം തീയതി രാത്രി എൻെറ ജീവിതത്തിൻെറ വഴിത്തിരിവിൻെറ രാത്രി ആയിരുന്നു. പലപ്പോഴും കർത്താവിനായി സമർപ്പിച്ചിട്ടുണ്ടെങ്കിലും, ശരിയായ ക്രിസ്തീയ ജീവിതം സാധിക്കാതെ ഒരു ലൗകീക ജീവിതമാണു നയിച്ചിരുന്നത്. കുടുംബം, മക്കൾ, കൃഷി, സൊസൈറ്റികൾക്കുവേണ്ടി അദ്ധ്വാനിച്ചു.

എന്നാൽ എൻെറ പിതാവിൻെറ ആകസ്മീക വേർപാടിനു ശേഷം അന്നു രാത്രി ഞങ്ങളുടെ ഭവനത്തിൽ നടത്തിയ പ്രാർത്ഥനായോഗത്തിൽ ബഹുമാനപ്പെട്ട പി. പി. തോമസച്ചൻ പറഞ്ഞ ദൂതു എന്നെ സ്പർശിക്കുകയും ഞാൻ എന്നെ തന്നെ യേശുക്രിസ്തുവിന്നായി സമർപ്പിക്കുകയും ചെയ്തു. ദൈവകൃപയാൽ അന്നുമുതൽ ഇന്നുവരെ നില്ക്കുകയും ദൈവകൃപക്കു സാക്ഷ്യം പറഞ്ഞു പോരുകയും ചെയ്യുന്നു. അന്നു കർത്താവിനെ കണ്ടു മുട്ടിയ ശേഷം ആരാധനയിലും ബൈബിൾ ക്ലാസ്സുകളിലും കൂട്ടായ്മയോഗങ്ങളിലും മലബാറിലെ സുവിശേഷ വേലയിലും സജീവമായി പങ്കെടുത്തു പോരുന്നു.

മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ രൂപീകരണത്തിൽ മറ്റുപലരോടുമൊപ്പം ഞാനും ഉണ്ടായിരുന്നു. ഫെലോഷിപ്പിൻെറ സാമ്പത്തിക ആവശ്യങ്ങളിൽ പ്രിയ വായനക്കാർ നല്കുന്ന കൂട്ടായ്മക്കു ഞങ്ങൾ നന്ദിയുള്ളവരാണ്. 25 വർഷത്തിലധികം സമ്പന്നനായ ദൈവം പോറ്റി പുലർത്തി. തുടർന്നും നിങ്ങളുടെ സഹായ സഹകരണങ്ങൾ ലഭിക്കുമെന്നു വിശ്വസിക്കുന്നു.

❖❖

## സണ്ടേസ്കൂൾ

എല്ലാ മിഷൻ ഫീൽഡിലും ആഴ്ചയിൽ സൺഡേസ്കൂൾ നടത്തുന്നു. അനവധി കുഞ്ഞുങ്ങൾ കടന്നുവരുന്നു. വരുന്ന എല്ലാ കുഞ്ഞുങ്ങളും അക്രൈസ്തവരാണ്. പാട്ടുകൾ, വേദപുസ്തക കഥകൾ, മനഃപാഠം വാക്യങ്ങൾ എന്നിവ പഠിപ്പിക്കുന്നു. കുഞ്ഞുങ്ങൾ ആത്മീയമായി വളരുന്നു. ഈ പഠനം അവർക്ക് വളരെ പ്രചോദനമായി തീരുന്നു. ചില കുട്ടികൾ സുവിശേഷവേലയ്ക്കുവേണ്ടി തങ്ങളെത്തന്നെ സമർപ്പിക്കുവാൻ ഇടയായിട്ടുണ്ട്. വളരെ പ്രത്യാശയും ധൈര്യവും ഉള്ളവരായി തങ്ങളുടെ ജീവിതം അവർ സൂക്ഷിക്കുന്നു. ഇങ്ങനെ താല്പര്യം ഉള്ള എല്ലാകുഞ്ഞുങ്ങളേയും മിഷൻ ഫീൽഡുകളിൽ നിന്നും കൂട്ടിവരുത്തി മദ്ധ്യവേനൽ അവധിക്കാലത്ത് 10 ദിവസം ബൈബിൾ ഫെല്ലോഷിപ്പ് സെൻററിൽ വെച്ച് വി. ബി. എസ്. നടത്തുന്നു. ഈ ദിവസങ്ങളിൽ സെൻററിൽ തന്നെ അവരെ താമസിപ്പിക്കുന്നു. വിവിധ സാഹചര്യങ്ങളിൽ നിന്നും കടന്നുവരുന്ന കുഞ്ഞുങ്ങൾക്ക് ഇവിടുത്തെ ഒന്നിച്ചുള്ള താമസവും, ഭക്ഷണവും, പഠനവും, പ്രാർത്ഥനയും വളരെയധികം സന്തോഷമേകുന്നു. പരസ്പരം കരുതുന്നതിനും, സഹായിക്കുന്നുതിനും അവർ മനസ്സുള്ളവരാകുന്നു. പുതിയ തീരുമാനങ്ങൾ എടുക്കുവാനും അതിൽ ഉറച്ചു നില്ക്കുവാനും അവർ ശ്രമിക്കുന്നു. ചില കുഞ്ഞുങ്ങളുടെ മാറ്റങ്ങൾകണ്ട് മാതാപിതാക്കൾക്കും കൂടി വിശ്വാസം വർദ്ധിക്കുന്നതിന് ഇടയാകുന്നു. അവർ പഠിച്ചകാര്യങ്ങൾ കൂട്ടുകാരുമായി പങ്കുവെയ്ക്കുന്നു. കുഞ്ഞുങ്ങൾക്ക് കൂട്ടുകാരിൽ നിന്നും, സമൂഹത്തിൽ നിന്നും നിന്ദകളും പരിഹാസങ്ങളും ഏല്ക്കേണ്ടിവരുന്നു. എങ്കിലും അവരുടെ നിഷ്കളങ്ക വിശ്വാസത്തിൽ അവർ നിലനില്ക്കുന്നു.

ശോഭി T.

# നാശകരമായ കുഴിയിൽനിന്നും...

"നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി; എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി; എന്റെ ഗമനത്തെ സ്ഥിരമാക്കി. '' സങ്കീർത്തനം 40 : 2

എന്റെ പേര് എസ്. കോമളം, ഭർത്താവിന്റെ പേര് എൽ. ബാബു. മക്കളുടെ പേര് ദിവ്യ കെ. രാജ്, ദീപാ കെ. രാജ്. ഞാൻ ഒരു ഹിന്ദു ആയിരുന്നു. ഭർത്താവ് ക്രിസ്ത്യാനി. ഞങ്ങളുടെ കുടുംബ ജീവിതത്തിന് സമാധാനവും സന്തോഷവും ഇല്ലായിരുന്നു. ഭർത്താവും മക്കളും മലബാർ ബൈബിൾ ഫെലോഷിപ്പിന്റെ കീഴിൽ ഉള്ള സഭയിൽ [വാലില്ലാപുഴ] ആരാധനയ്ക്ക് പോകും. ഞാൻ ആരാധനയ്ക്ക് പോകാതെ ഒഴിഞ്ഞുനില്ക്കും. എം. ബി. എഫ്. ലെ മിഷ്യനറിമാർ വീട്ടിൽ വന്ന് ദൈവവചനം ഞങ്ങളെ പഠിപ്പിക്കുമായിരുന്നു. ബഹു. റവ. പി. പി. തോമസ് അവർകളുടെ ക്ലാസിൽ നിന്നും ദൈവവചനം വ്യക്തമായി എന്നിൽ പതിയുകയും, തുടർന്ന് എം. ബി. എഫിലെ മിഷ്യനറി എം. ഡി. സൈമൺ സാർ പാപമോചനത്തെക്കുറിച്ചുള്ള ക്ലാസ്സ് എടുക്കുകയും ചെയ്തതിനാൽ ഞാൻ ദൈവത്തോട് അടുക്കുവാൻ ഇടയായി. അങ്ങനെ ഞാൻ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുകയും. മിഷനറിമാർ ദൈവവചനം നന്നായി പഠിപ്പിക്കുകയും ചെയ്തതിന്റെ ഫലമായി, 25 - 12 - 1995 - ൽ ഞാനും രണ്ടു മക്കളും സ്നാനമേല്ക്കുകയും ചെയ്തു. രക്ഷയുടെ മാർഗ്ഗം സ്വീകരിച്ചപ്പോൾ കർത്താവിൽ സന്തോഷവും ബലവും എന്നിൽ ഉണ്ടായി. യേശു എന്റെ പാപഭാരവും മറ്റു ഭാരങ്ങളും നീക്കിത്തന്നു. കുടുംബമായി നിരവധി അനുഗ്രഹങ്ങൾ തന്നു. യേശു കർത്താവ് അത്ഭുതകരമായി ഞങ്ങളെ പരിപാലിക്കുന്നു. '' കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും'' എന്ന വചനം നിവർത്തിയായി. ദൈവത്തിന് സ്തോത്രം.

---

എന്റെ പേര് ബാബുരാജ് ഞാൻ ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു എന്റെ അമ്മയുടെ അപ്പനും അമ്മയും സുവിശേഷകരുമായിരുന്നു. എന്റെ ഭാര്യ ഹിന്ദു. ഞാൻ നാമമാത്ര ക്രൈസ്തവൻ. എന്റെ ഭാര്യ രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടതിനുശേഷമാണ് ഞാൻ രക്ഷിക്കപ്പെടുന്നത്. ഇപ്പോൾ സമാധാനമുള്ള കുടുംബ ജീവിതം നയിക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിന് സ്തോത്രം.

---

[മി. ബാബുരാജ് കെ. എസ്. ആർ. ടി. സിയിലെ കണ്ടക്ടറും മിസ്സിസ്സ് കോമളം സ്കൂൾ ടീച്ചറുമായി വാലിയപുഴക്ക് അടുത്തുതാമസിക്കുന്നു.]


## ഒരു പ്രാർത്ഥന

യേശുവേ സ്തുതി.

*ക്രിസ്തുവിൽ വിശ്വാസിയായി ജീവിക്കുവാൻ എന്റെ ഭർത്താവ് പരമേശ്വരനെ ഒരുക്കണമേ കർത്താവേ. ഭർത്താവിനും ഭാര്യയായ ശോഭനയ്ക്കും മക്കൾ പ്രശോഭിനും, പ്രതാപിനും സന്തോഷവും, സമാധാനവും, ആരോഗ്യവും ബലവും, ശക്തിയും, ധൈര്യവും നല്കണമെ കർത്താവേ. പ്രശോഭും, പ്രതാപും ഇവർ ആറിലും, ഏഴിലും പഠിക്കുന്നു. ഇവർക്കു മറവികൂടാതെ എഴുതുവാനും പഠിക്കുവാനും ദൈവമേ കൃപകൊടുക്കണമേ. ഞാനും എന്റെ ഭർത്താവും നാലു വർഷമായി മരുന്നു കഴിക്കുന്നു ഇതിൽ നിന്നും ഞങ്ങൾക്ക് സൗഖ്യം ലഭിക്കണമെന്ന് പ്രാർത്ഥിക്കുന്നു. ഭർത്താവ് പരമേശ്വരൻ ഭാര്യയും കുഞ്ഞുങ്ങളുമായി കുടുംബ ബന്ധത്തിൽ ജീവിക്കണം. മദ്യപാനത്തിൽ നിന്നും പുകവലിയിൽ നിന്നും എല്ലാ പാപത്തിൽ നിന്നും മോചനം കൊടുക്കണം. ഭാര്യയായ ശോഭനയും ഭർത്താവും വിദ്വേഷവും വെറുപ്പുമില്ലാതെ ജീവിക്കണം. കിട്ടുന്ന പണം നല്ലകാര്യങ്ങൾക്കായി ഉപയോഗിക്കണം. ഞങ്ങളെ സാത്താന്റെ പോരാട്ടത്തിൽ നിന്നും, ശത്രുഭയത്തിൽ നിന്നും രക്ഷിക്കണം. ശത്രുക്കൾ കാൺകെ ഞങ്ങൾക്കു വിരുന്നൊരുക്കുന്നതിന് നന്മയ്ക്കായി ഒരു അടയാളം തരണമേ കർത്താവേ.*

ആമേൻ

ശ്രീമതി ശോഭനാ പരമേശ്വരൻ



# എഴുന്നേറ്റു പ്രകാശിക്ക നിൻെറ പ്രകാശം വന്നിരിക്കുന്നു.

**എ. എം. വർഗീസ്, മുപ്പിനി**

ന്യൂനപക്ഷ സമുദായ പീഠനം, സ്ത്രീകളുടെ മേലുള്ള ആക്രമണം, കൈക്കൂലി, കള്ളക്കടത്ത്, മോഷണം, അസാന്മാർഗ്ഗീകമാർഗ്ഗങ്ങളിലൂടെയുള്ള സ്വത്ത് സമ്പാദനം ഇവയൊക്കെ സമൂഹത്തിൻെറ പ്രധാന ഘടകങ്ങളായി മാറിയിരിക്കുന്നു. കേരള സംസ്ഥാനവും ഇതിൽ നിന്നൊന്നും വ്യത്യസ്ഥമല്ല. ഈ സാഹചര്യത്തിൽ ക്രിസ്തീയ വിശ്വാസികൾക്ക് എന്തുചെയ്യാം? ഇതൊക്കെമറന്ന് ശാന്തരായി കിടന്നുറങ്ങിയാൽ മതിയോ? ഭാരതത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ അന്തരീക്ഷം നിർണ്ണായക ഘട്ടത്തിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുന്നു. സാധാരണ ജനങ്ങൾ വിവിധ ദുഷ്ടശക്തികളാൽ പൊറുതിമുട്ടുന്നു. നാണയപ്പെരുപ്പം, തരംതിരിവ് നിർദ്ദാക്ഷണ്യത്തോടെയുള്ള നൂതന മതപീഢനം, നാം ഉണർന്ന് പ്രവർത്തിക്കുന്നില്ല എങ്കിൽ നാം ആഗ്രഹിച്ചാൽപോലും സാധിക്കാത്ത വിധത്തിലേക്ക് കാര്യങ്ങൾ എത്തിച്ചേരും. ഈ ദുഷ്പ്രവണതകൾക്ക് അടിസ്ഥാനം വീണ്ടും ജനിച്ചവരുടെ എണ്ണം ഭരണതലത്തിലും രാഷ്ട്രീയത്തിലും ഇല്ലാത്തതാണ്. അതുകൊണ്ട് ഉണരുക, എഴുന്നേറ്റ് പ്രവർത്തിക്ക. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നേ. കഴിഞ്ഞ 2000 വർഷങ്ങളായി അവനൊരു മാറ്റവും സംഭവിച്ചിട്ടില്ല. ക്രിസ്തുവിലുള്ള വിശ്വാസം മൂലമുള്ള രക്ഷ മാത്രം ഇന്നും മാറ്റമല്ലാതെ നിലനിൽക്കുന്നു. ക്രിസ്തുവിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള ജീവിതം ക്രിസ്തു സ്വീകരിക്കുകയും അവൻെറ ലക്ഷ്യം നിറവേറ്റപ്പെടുന്നതിനായി ഉപയോഗിക്കുകയും ചെയ്യുന്നു. അതുകൊണ്ട് പ്രതികൂലസാഹചര്യത്തിലും ക്രിസ്തുവിന്നായി സമർപ്പിക്കുന്നവരെ അവൻ സന്തോഷത്തോടെ സ്വീകരിക്കുകയും അവരെ ഉപയോഗിക്കുകയും ചെയ്യുന്നു. സുവിശേഷീകരണത്തിനായുള്ള ഉന്നതഭാവം വീണ്ടും ജനിച്ചവർ വളർത്തി ആ ലക്ഷ്യത്തിനായി എഴുന്നേറ്റ് പ്രകാശിക്കാനുള്ള സമയം ആസന്നമായി. 'എഴുന്നേറ്റ് പ്രകാശിക്ക, നിൻെറ പ്രകാശം വന്നിരിക്കുന്നു. യഹോവയുടെ തേജസ്സും നിൻെറ മേൽ ഉദിച്ചിരിക്കുന്നു.

ഈ കല്പന സ്വീകരിച്ച് മലബാറിൻെറ സുവിശേഷീകരണം ജീവിതവൃതമാക്കി മാറ്റിയ പ്രവർത്തകർ അതിനായി രൂപം നൽകിയ മലബാർ ബൈബിൾ ഫെലോഷിപ്പ് 25 വർഷം പൂർത്തീകരിക്കയാണ്. റവ. പി. പി. തോമസിൻെറ നേതൃത്ത്വത്തിൽ മലബാർ ബൈബിൾ ഫെലോഷിപ്പിലൂടെ നയത്തിയ സുവിശേഷ പ്രവർത്തനം ദൈവം ആദരിച്ച് വളരെ പ്രയോജനപ്പെടുത്തി അനേകരെ ക്രിസ്തുവിലേക്ക് നയിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 1984 മുതൽ ഈ സംഘടനയുമായി സഹകരിച്ചു പ്രവർത്തുക്കുന്നതിന് എനിക്ക് അവസരം ലഭിച്ചു. ഇന്ന് അതിൻെറ പ്രവർത്തക സമിതി അംഗമായി പ്രവർത്തിച്ചുവരുന്നു. ഈ ബന്ധവും പ്രവർത്തനവും എന്നെ ആത്മീകമായി വളരെ ഉയർത്തി ക്രിസ്തുവിനായി വേല ചെയ്യുവാൻ ലഭിക്കുന്ന സമയങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ കെല്പുള്ളവനാക്കി. നിങ്ങളും ഈ യത്നത്തിൽ ഞങ്ങളോടൊത്ത് പങ്കാളിയാവുക. ഓർമ്മിക്കുക അന്ത്യന്യായവിധി നാളിൽ നാം എല്ലാത്തിനും ഉത്തരം നൽകേണ്ടിവരും. മലബാർ ബൈബിൾ ഫെലോഷിപ്പിൻെറ രജത ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ സർവവിധ വിജയങ്ങളും ആശംസിക്കുകയും അതിൻെറ പ്രവർത്തനം പൂർവ്വാധികം ശക്തിപ്രാപിച്ച് ലക്ഷ്യത്തിന്നായി മുന്നേറുവാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവം നമ്മെ ക്രിസ്തു യേശു മുഖാന്തിരം അനുഗ്രഹിക്കട്ടെ.

# ക്രിസ്തുവിന്റെ സ്നേഹത്താൽ

എന്റെ പേര് നാരായണൻ. ഞാനും എന്റെ കുടുംബവും പൂർണ്ണമായി യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു. എന്റെ പാപത്തിന് പരിഹാരമായിട്ടാണ് യേശുക്രിസ്തു ക്രൂശിൽ മരിച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാനും എന്റെ ഭാര്യയും [ഓമന] ഞങ്ങളുടെ നാല് കുട്ടികളും [വിനോദ്. വിജീഷ്, വിപിൻ, വൃന്ദ] ഇന്ന് കർത്താവിന്റെ മക്കളാണ്. നിലമ്പൂരിലെ മലബാർ ബൈബിൾ ഫെല്ലോഷിപ്പിലൂടെയാണ് ഞങ്ങൾ യേശുക്രിസ്തുവിനെ അറിഞ്ഞത്.

ഞാൻ നിലമ്പൂരിൽ ഒരു കുടിയേറ്റക്കാരനാണ്. എന്റെ സ്വന്തദേശം കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിലാണ്. ക്രിസ്ത്യാനികൾ ധാരാളമായി പാർക്കുന്ന സ്ഥലത്തായിരുന്നു എന്റെ നാട്. എന്നാൽ അവിടെയുള്ള ക്രിസ്ത്യാനികളാരും എന്നോടോ എന്നെപ്പോലുള്ള മറ്റു ഹിന്ദുക്കളോടോ ക്രിസ്തുവിനെക്കുറിച്ച് പറഞ്ഞിട്ടില്ല. അതുകൊണ്ട് യേശുക്രിസ്തു ക്രിസ്ത്യാനികളുടെ മാത്രം ദൈവമാണെന്ന് ഞാൻ കരുതി. എന്നാൽ യേശുക്രിസ്തു ലോകജനതയുടെ മുഴുവൻ ദൈവവും രക്ഷിതാവും ആണെന്ന് ഞാൻ മനസ്സിലാക്കിയത് മലബാർ ബൈബിൾ ഫെല്ലോഷിപ്പിലൂടെയാണ്.

ഒരു ദിവസം [93-ൽ] ഞാനൊരു കടയിൽ ഇരിക്കുമ്പോൾ മലബാർ ബൈബിൾ ഫെല്ലോഷിപ്പ് പ്രവർത്തകൻ ശ്രീ. പി. എം. വർഗീസിനെ കാണുവാനും അദ്ദേഹത്തോട് സംസാരിക്കുവാനും ഇടയായി. അന്ന് ഞാൻ അദ്ദേഹത്തിന്റെ കൈയ്യിൽ നിന്ന് ലൂക്കോസിന്റെ സുവിശേഷം എന്ന പുസ്തകം ഒരു രൂപകൊടുത്ത് വാങ്ങി. വീട്ടിൽ വന്ന് എന്റെ ഭാര്യയ്ക്ക് ഞാനാ പുസ്തകം നല്കുകയും ചെയ്തു. പുസ്തകം വായിച്ചുനോക്കാൻ ഞാനൊട്ട് ശ്രമിച്ചതുമില്ല. ഭാര്യ ഈ പുസ്തകം വായിക്കുകയും അതിൽ ആകൃഷ്ഠയാകുകയും ചെയ്തു. ആ പുസ്തകത്തിൽ ഉണ്ടായിരുന്ന എം. ബി. എഫിന്റെ അഡ്രസ്വെച്ച് ഒരു ബൈബിൾ ആവശ്യപ്പെട്ടുകൊണ്ട് എന്റെ രണ്ടാമത്തെ മകനെക്കൊണ്ട് കത്തെഴുതിച്ചു. തുടർന്ന് എം. ബി. എഫ് പ്രവർത്തകൻ പി. എം. വർഗീസ് ഞങ്ങളുടെ വീട്ടിൽ വരികയും ഒരു ബൈബിൾ നല്കുകയും ചെയ്തു.

എന്റെ ഭാര്യ എം. ബി. എഫിലെ ആരാധനകൾക്കും സമ്മേളനങ്ങൾക്കു പോകാൻ തുടങ്ങി. യേശുക്രിസ്തുവിനെക്കുറിച്ച് കൂടുതൽ മനസ്സിലായപ്പോൾ അവർ യേശുക്രിസ്തുവിനെ രക്ഷകനും കർത്താവും ആയിസ്വീകരിച്ചു. പല, പല ചികിത്സകൾ ചെയ്തിട്ടും വിട്ടുമാറാതിരുന്ന നടുവേദന എന്ന അസുഖം പ്രാർത്ഥനയുടെ ഫലമായിട്ട് അവളിൽ നിന്നും വിട്ടുമാറുകയും ചെയ്തു. പിന്നെ പലദിവസങ്ങളിലും പ്രവർത്തകർ ഞങ്ങളുടെ വീട്ടിൽ വരികയും യേശുക്രിസ്തുവിനെക്കുറിച്ച് ഞങ്ങളോട് പറയുകയും ചെയ്യുമായിരുന്നു. പി. എം. വർഗീസ് സഹോദരൻ എന്നെ സുവാർത്ത സമ്മേളനങ്ങൾക്കും ആരാധനകൾക്കും ക്ഷണിച്ചുകൊണ്ടിരുന്നു. ഞാൻ പല ഒഴികഴിവുകൾ പറഞ്ഞ് പിൻമാറിക്കൊണ്ടിരുന്നു. എന്നാൽ അദ്ദേഹം എന്നെ വീണ്ടും സ്നേഹപൂർവ്വം ക്ഷണിക്കുകയും ഞാൻ ആ ക്ഷണം സ്വീകരിക്കുകയും ചെയ്തു. വെറുതെ ഒന്ന് പോയി പോരാമെന്നേ കരുതിയുള്ളൂ. എന്നാൽ അവിടുത്തെ ആരാധനകളും, പ്രസംഗങ്ങളും എന്നെ സ്വാധീനിച്ചു. യേശുക്രിസ്തുവിന്റെ സ്നേഹവും, യേശുക്രിസ്തുവാണ് എന്റെ പാപങ്ങൾക്കുള്ള പരിഹാരം എന്ന കാര്യവും ഞാൻ മനസ്സിലാക്കി. അങ്ങനെ ഞാൻ യേശുവിനെ എന്റെ രക്ഷകനും കർത്താവുമായി സ്വീകരിച്ചു. പിന്നീടാണ് ഞാൻ അറിയുന്നത് എന്റെ ഭാര്യ ഫെല്ലോഷിപ്പിൽ പോകുമ്പോൾ ഞാനും യേശുവിൽ വിശ്വസിക്കുവാൻ വേണ്ടി അവിടുത്തെ പ്രവർത്തകരോടൊപ്പം പ്രാർത്ഥിക്കാറുണ്ടായിരുന്നു വെന്ന്.

യേശുവിൽ വിശ്വസിച്ചതിനുശേഷം യേശുവിലുള്ള സമാധാനവും, സന്തോഷവും അനുഭവിക്കുവാൻ എനിക്ക് സാധിച്ചു. എന്റെ നാലുകുട്ടികളും യേശുവിൽ വിശ്വസിക്കുന്നവരാണ്. 1995 ഡിസംബർ 25-ാം തീയതി കുടുംബമായി സ്നാനം ഏൽക്കുവാനും ദൈവം സഹായിച്ചു. ആത്മീകമായും, ഭൗതീകമായും ദൈവം ഞങ്ങളെ അനുഗ്രഹിക്കുന്നുണ്ട്. "ഞാൻ നിങ്ങളെ ഒരുനാളും കൈവിടുകയില്ല. ഉപേക്ഷിക്കുകയുമില്ല" എന്ന് അരുളിച്ചെയ്ത നാഥൻ ഞങ്ങളേയും ജയോത്സവമായി വഴി നടത്തുന്നു.

ഞങ്ങൾ ഈ വിശ്വാസത്തിൽ വന്നുതുകൊണ്ട് ചില ബന്ധുക്കളും, നാട്ടുകാരിൽ ചിലരും ഞങ്ങളെ എതിർക്കുന്നുണ്ട്. എന്തുവന്നാലും യേശുക്രിസ്തുവിനെ അനുഗമിക്കും എന്ന് തന്നെയാണ് ഞങ്ങളുടെ ഉറച്ച തീരുമാനം. അന്ധകാരത്തിൽനിന്നും അത്ഭുതപ്രകാശത്തിലേക്ക് ഞങ്ങളെ വിളിച്ച ദൈവത്തെ പ്രസാദപ്പെടുത്തിക്കൊണ്ട് ജീവിക്കണം എന്നതാണ് ഞങ്ങളുടെ ആഗ്രഹം. അതിന് ദൈവം ഞങ്ങളെ സഹായിക്കുന്നതിനായി എല്ലാവരും പ്രാർത്ഥിക്കണമേ.

# ഒരു വടിയോടുകൂടെ

മിഷനറി സൈമൺ വെൺമണി, തേക്കിൻ ചുവട്

“ഒരു വടിയോടുകൂടി മാത്രമല്ലോ ഞാൻ ഈ യോർദ്ദാൻ കടന്നത്, ഇപ്പോഴോ ഞാൻ രണ്ടു കൂട്ടമായ് തീർന്നിരിക്കുന്നു.” ഉല്പ: 32 : 10 - ൽ ഗോത്രപിതാക്കന്മാരുടെ പിതാവായ യാക്കോബ് തന്നെക്കുറിച്ചു പറയുന്ന വാക്യമാണ് മേലുദ്ധരിച്ചത്. പിതാവിനെ വഞ്ചിച്ചു ജേഷ്ഠന്റെ അനുഗ്രഹം വാങ്ങിച്ചുവെങ്കിലും സഹോദരന്റെ കോപത്തിൽ നിന്നും രക്ഷ നേടുവാൻ അമ്മാവനായ ലാബാന്റെ ഭവനത്തിൽ അഭയം തേടി. കാലങ്ങൾക്കുശേഷം അവിടെ സമ്പാദിച്ചതുമായി സ്വദേശത്തേക്കു മടങ്ങുംവഴിയിൽ പ്രാർത്ഥിക്കുന്ന വാക്കുകളാണിത്. കഴിഞ്ഞ 20 വർഷക്കാലം ദൈവത്തിൽ നിന്നും ലഭിച്ച അനുഗ്രഹങ്ങൾ ഓർത്ത്, നടത്തിയ മുഖാന്തിരങ്ങൾക്കായി ദൈവത്തെ സ്തുതിക്കുകയാണ്. ഏശാവിന്റെ കൊലക്കത്തി കണ്ടു ഞെട്ടിയുണർന്ന രാത്രികൾ, ലാബാന്റെ വീട്ടിലെ ദാസ്യവേല, അവഗണന, ലാബാന്റെ മക്കളുടെ കുത്തുവാക്കുകൾ അതിന്റെ നടുവിൽ അനുഭവിച്ച ദൈവീക പരിപാലനം എല്ലാം ഓർത്തു സ്തോത്രം ചെയ്യുന്നു. ലഭിച്ചതിനെക്കുറിച്ചു വ്യക്തമായ അവബോധമുള്ളവർക്കു മാത്രമേ നന്ദിപറയുവാൻ കഴിയൂ. പൂർവ്വകാലത്തെക്കുറിച്ചുള്ള ഓർമ്മ ഇന്ന് അനുഭവിക്കുന്ന നന്മകൾക്കായി ദൈവത്തെ സ്തുതിക്കുവാൻ സഹായിക്കുന്നു.

പ്രിയ ദൈവമക്കളെ, ഭൂതകാല ദൈവിക പരിപാലനം ഭാവികാല സംരക്ഷണം വാഗ്ദാനം ചെയ്യുന്നല്ലോ. ആകയാൽ പണ്ടത്തെ നാളുകളെ ഓർക്കാം. അനിശ്ചിതമായ ഭാവിയിലേക്കു വിശ്വാസത്തിന്റെ ദൃഢപാദങ്ങൾവെച്ചു മുന്നേറാം. ശുഭഭാവി നമ്മുക്കായി കാത്തിരിക്കുന്നു.

രണ്ട് ദശാബ്ദങ്ങൾക്കു മുമ്പ് യോർദ്ദാൻ കടന്നുപോകുമ്പോൾ കൈമുതലായുണ്ടായിരുന്നതു ഒരു വടിമാത്രമായിരുന്നു. എന്നാൽ ഇന്ന് 2 കൂട്ടമായി തീർന്നിരിക്കുന്നു. ആദ്യനാളുകളെ ഇന്നുമായി തുലനം ചെയ്യുന്നു. ദൈവമക്കൾക്ക് അനുകരിക്കാൻ അഭികാമ്യമായ മാതൃകയാണിത്. നമ്മെ അപരനുമായി തുല്യപ്പെടുത്താൻ ശ്രമിക്കുകയാണെങ്കിൽ നാം ദുഃഖക്കേണ്ടിവരും. കാരണം നമ്മെക്കാൾ മറ്റുള്ളവർ ചില കാര്യങ്ങളിൽ എങ്കിലും മുൻപന്തിയിൽ ആയിരിക്കും. പല ദൈവമക്കളും സ്തോത്രം ചെയ്യാൻ കഴിയാതെ മറ്റുള്ളവരോട് അസൂയയും ദൈവത്തോട് പിറുപിറുപ്പുമായി നിരാശയിൽ കഴിയുന്നതിന്റെ കാരണം മറ്റൊന്നല്ല. ഒരു വടിയോടുകൂടി ആരംഭിച്ചവർ, ഒരു തകരപ്പെട്ടികൊണ്ട് തുടങ്ങിയവർ, ഉടുമുണ്ട് മാത്രമായി ഇറങ്ങിയവരും ഈ ആത്മീയ പോർക്കളത്തിൽ സന്തോഷപൂർവ്വം പോരാടുന്നു. അപ്രകാരം ഇല്ലായ്മയിൽ ആരംഭിച്ചു രണ്ടുകൂട്ടവും നാലുകൂട്ടവുമായി തീർന്നവരുമുണ്ട്. കഷ്ടപ്പെട്ടു നേടിയവരും അല്ലാത്തവരും വടിയോടുകൂടി ആരംഭിച്ചു എന്നു പറയാൻ ദുരഭിമാനം അനുവദിക്കാത്തവരേയും കണ്ടേക്കാം.

നമ്മുക്കുശേഷം ഇറങ്ങി നമ്മെക്കാൾ അനുഗ്രഹീതരായവരും ചിലപ്പോൾ നമ്മുടെ സഹായത്താലോ, നമ്മോടുകൂടി നിന്നവരോ നമ്മെക്കാൾ അനുഗ്രഹിക്കപ്പെട്ടിട്ടുണ്ടാകാം. അവരോട് നമ്മെ താരതമ്യപ്പെടുത്തരുത്. നേരെ മറിച്ച് നമ്മുടെ ആരംഭവും ഇപ്പോഴത്തെ സ്ഥിതിയും തമ്മിൽ തുലനം ചെയ്യുക. അപ്പോൾ കർത്താവിന്റെ വലിയ പരിപാലനം മനസ്സിലാക്കാം മാത്രമല്ല ഇന്ന് ആയിത്തീർന്നിരിക്കുന്ന രണ്ട് കൂട്ടത്തിൽ അഹങ്കരിക്കാതിരിക്കാൻ പണ്ടത്തെ ‘വടിയെ’ മറക്കാതിരിക്കുകയും ചെയ്യാം. സ്തുതിക്കാം. സ്തോത്രം ചെയ്യാം. മണിമന്ദിരങ്ങളും കാറുകളുമുള്ളവരല്ല, സ്വർഗ്ഗോന്നതികൾ വെടിഞ്ഞ് ഭൂമിയിൽ വന്നു തലചായ്ക്കുവാൻ ഇടമില്ലാതെ കരം കൊടുക്കുവാൻ വകയില്ലാതെ, ഖണ്ഡംവെച്ചകോട്ടും ധരിച്ച് വിശപ്പും, ദാഹവും സഹിച്ചു പിതാവിന്റെ ഹിതം മുഴുവനും നിവർത്തിച്ച അവനത്രേ നമ്മുടെ മാതൃക, നേതാവ്.

പ്രിയ ദൈവമക്കളെ, ഭൂതകാല ദൈവിക പരിപാലനം ഭാവികാല സംരക്ഷണം വാഗ്ദാനം ചെയ്യുന്നല്ലോ. ആകയാൽ പണ്ടത്തെ നാളുകളെ ഓർക്കാം. അനിശ്ചിതമായ ഭാവിയിലേക്കു വിശ്വാസത്തിന്റെ ദൃഢപാദങ്ങൾവെച്ചു മുന്നേറാം. ശുഭഭാവി നമ്മുക്കായി കാത്തിരിക്കുന്നു.

# യേശു ജീവിതത്തിൽ കടന്നുവന്നപ്പോൾ...

*"ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും."*
*(യോശുവ. 24 : 15)*

ഹൈന്ദവ കുടുംബത്തിൽ ജനിച്ചുവളർന്ന എനിക്കു പിതാവിന്റെ മദ്യപാനം മൂലം സന്തോഷവും സമാധാനവും ജീവിതത്തിൽ ലഭിച്ചിരുന്നില്ല. മരിക്കാം എന്നു കരുതി, വേണ്ട, മതം മാറിയാൽ [ഇസ്ലാം മതം] സ്വീകരിച്ചാൽ സമാധാനം കണ്ടെത്താമെന്ന് വിചാരിച്ചു. അതിനായി തയ്യാറായി, പോകുന്ന ദിവസവും ഉറച്ചു. അത്ഭുതമെന്നു പറയട്ടെ! M.B.F. ന്റെ പ്രവർത്തകരായ ബഹു പി. വി. ഈപ്പൻസാറും ഭാര്യയും അടുത്ത ദിവസം വീട്ടിൽ വരികയും ജീവിക്കുന്ന ക്രിസ്തുവിനെക്കുറിച്ച് പറയുകയും പ്രാർത്ഥിക്കുകയും ചെയ്തു. അവർ മുഖേന കർത്താവിനെ ഹൃദയത്തിൽ സ്വീകരിപ്പാനിടയായി. 1989-ൽ രക്ഷിക്കപ്പെട്ടു.

അങ്ങനെയിരിക്കെ 1990- ൽ എനിക്കൊരു വിവാഹ ആലോചന വന്നു. സഭിയിലുള്ള എല്ലാവരും പ്രാർത്ഥിച്ചു. അച്ഛന്റെ നിർബന്ധം മൂലമാണ് വരൻ ഏതു ജാതി എന്നുപോലും അറിയാതെ രജിസ്റ്റർ വിവാഹം നടത്തിയത്. അദ്ദേഹം ഒരു നിരീശ്വരവാദിയും, ഉറച്ച കമ്മ്യൂണിസ്റ്റ് പ്രവർത്തകനുമായിരുന്നു. യേശുവിനെ അറിയാതെ നാടുചുറ്റിനടന്ന എന്റെ ഭർത്താവ് സുരേഷിനെ പ്രാർത്ഥിക്കുവാൻ വിളിച്ചാൽ വരില്ല. ആ സമയത്ത് വേറെ എവിടെയെങ്കിലും മാറിനില്ക്കും. ഞാൻ കണ്ണീരോടെ പ്രാർത്ഥിച്ചു. സഭയുടെ വിലയേറിയ പ്രാർത്ഥനയുടെ ഫലമായി 1994 - ൽ അദ്ദേഹം കർത്താവിനെ ഹൃദയത്തിൽ സ്വീകരിപ്പാനിടയായി. ഞങ്ങൾക്ക് രണ്ട് പെൺകുട്ടികൾ. സന്തോഷവും, സ്വർഗ്ഗീയ സമാധാനവും അളവുകൂടാതെ ദിനം പ്രതി ദൈവം തന്നുകൊണ്ടിരിക്കുന്നു. അനുഭവിക്കുന്നു. ഞങ്ങൾ കുടുംബമായി തേക്കിൻ ചുവട് ആരാധനയ്ക്ക് കടന്നുപോകുന്നു.

എം. ബി. എഫിന്റെ പ്രാർത്ഥനാഫലമായി എന്റെ അനുജത്തി സത്യവതി രക്ഷിക്കപ്പെടുവാനിടയായി. 2 വർഷം തിരുവല്ല നവജീവോദയം ബൈബിൾ സ്കൂളിൽ പഠിച്ചു. ഇപ്പോൾ എം. ബി. എഫിന്റെ കീഴിൽ കർത്താവിന്റെ വേല ചെയ്യുന്നു.

കൂടാതെ എന്റെ സഹോദരനും കുടുംബവും എന്റെ അമ്മയും രക്ഷിക്കപ്പെടുവാൻ ഇനിയും നിങ്ങളുടെ വിലയേറിയ പ്രാർത്ഥന ആവശ്യപ്പെടുന്നു.

ശോഭ.

---

ഞാൻ ഒരു കത്തോലിക്കാ കുടുംബത്തിൽ ജനിച്ചു ചെറുപ്പത്തിൽ മതപഠനവും, വേദപാഠംവും ഒക്കെ ക്രമപ്രകാരം പഠിച്ചുവെങ്കിലും യേശു ആരെന്നോ, ബൈബിൾ എന്താണെന്നോ മനസ്സിലാക്കാൻ സാധിച്ചില്ല. പിന്നീട് മലബാറിൽ വരികയും കമ്മ്യൂണിസ്റ്റ് ആശയങ്ങളോട് പ്രതിപത്തിതോന്നി ഒരു നിരീശ്വരവാദിയായി നാടുചുറ്റി നടക്കുകയും ചെയ്തു. അങ്ങനെയിരിക്കെ വിവാഹത്തെപ്പറ്റി ചിന്തിക്കുകയും ഹൈന്ദവ കുടുംബത്തിൽ ഉള്ള ശോഭയുമായി വിവാഹം 1990- ൽ രജിസ്റ്റർ ഓഫീസിൽ വെച്ച് നടത്തുകയും ചെയ്തു. പിന്നീട് വളരെക്കാലം ഞാൻ എന്റെ ആശയങ്ങളുമായി ജീവിച്ചു. അപ്പോഴൊക്കെയും ശോഭ പ്രാർത്ഥിക്കുകയും എം. ബി. എഫ് കൂട്ടായ്മയിൽ ആരാധനയ്ക്ക് കടന്നുപോവുകയും ചെയ്തിരുന്നു. അന്നൊന്നും ഞാൻ അതുമായി സഹകരിച്ചില്ല. പിന്നീട് 1994- ഡിസംബർ മാസത്തിൽ ഒരു ദിവസം എം. ബി. എഫിലെ സഹോദരിമാരുമായി വളരെ നേരം സംസാരിക്കുവാനിടയായി. സജനാസഹോദരിയുടെ അനുഭവങ്ങൾ കേട്ടപ്പോൾ എന്നിലെ അറിവില്ലായ്മയെക്കുറിച്ചും യേശുവിന്റെ സ്നേഹത്തെപ്പറ്റിയും ഒക്കെ ചിന്തിക്കുവാൻ കാരണമായി. അങ്ങനെ 1994- ഡിസംബർ 24-ാംതീയതി ഞാൻ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു. പിന്നീട് മറ്റുമിഷനറിമാരുമായി ഇടപഴകുകയും വായിക്കുകയും ചെയ്തു. വിശ്വാസപരമായ വളർച്ച പ്രാപിക്കുവാൻ സഹായകമായി. ഞങ്ങൾ ഇപ്പോൾ കുടുംബമായി യേശുവിൽ വിശ്വസിക്കുന്നു. ഞായറാഴ്ചതോറും തേക്കിൻ ചുവട്ടിലെ ആരാധനയ്ക്ക് കടന്നുപോകുകയും ചെയ്യുന്നു. പ്രയാസങ്ങളുടെയും ഭാരങ്ങളുടെയും നടുവിൽ ദൈവകൃപയാൽ സന്തോഷവും സമാധാനവും അനുഭവിക്കുന്നു. നാട്ടിൽ പലരും ഞങ്ങളെ പരിഹസിക്കുന്നു വെങ്കിലും ദൈവത്തിന്റെ അളവറ്റ കൃപയാൽ ഞങ്ങൾ ധൈര്യത്തോടും പ്രത്യാശയോടും കൂടി സന്തോഷത്തോടെ കഴിയുന്നു. ഞങ്ങൾക്ക് സ്വന്തമായി ഒരു ഭവനം ലഭിക്കുവാനും, കുഞ്ഞുങ്ങൾക്ക് നല്ല ഭാവി ലഭിക്കുവാനും ഏവരുടെയും പ്രാർത്ഥന ആഗ്രഹിച്ച്കൊണ്ട് സാക്ഷ്യം നിർത്തുന്നു.

എന്ന്
സുരേഷ്.

# വിശ്വാസവും അനുഭവവും

"നീ അവനോടു ഇണങ്ങി സമാധാനമായിരിക്ക;
അതിനാൽ നിനക്കു നന്മവരും." *ഇയ്യോബ് 22 : 21.*

ഭർത്താവും രണ്ടു മക്കളുമുള്ള ഒരു സ്ത്രീയാണു കാർത്ത്യാനി. അവൾക്കു നല്ല വിശ്വാസവും അനുഭവവുമുണ്ട്. ഇവിടെ നിന്നു 25 കി. മീ. അകലെയാണു വീട്. അവിടെ അടുത്തു നമ്മുടെ ഒരു ആരാധനയുണ്ട്. അതിനു പോകും. സുവാർത്താ സമ്മേളനത്തിലും പല തവണ വന്നിട്ടുണ്ട്. ആഗസ്റ്റ് മാസത്തിൽ സുവാർത്ത സമ്മേളനത്തിനു പോകരുതെന്നു ഭർത്താവു പറഞ്ഞു, എന്നാൽ പ്രാർത്ഥിച്ച് അനുവാദം തന്നു. പണവും തന്നു.


നവംബർ 13, 14 തീയതികലിൽ ഇവിടെ നടന്ന സുവാർത്താ സമ്മേളനത്തിൽ പങ്കെടുക്കുവാൻ അവൾ വളരെ ആഗ്രഹിച്ചു. ഭർത്താവു വിലക്കി. വെള്ളിയാഴ്ച (12 ന്) രാവിലെ ഫോണിൽ എന്നെ വിളിച്ചു പറഞ്ഞു. ഭർത്താവു സമ്മതിക്കുന്നില്ല. അച്ചനും എല്ലാവരും പ്രാർത്ഥിക്കണം. എനിക്കുവരണം. ഞങ്ങൾ വെള്ളിയാഴ്ച പകൽ യോഗത്തിലും രാത്രി യോഗത്തിലും ആ പ്രശ്നത്തിനു വേണ്ടി വളരെ പ്രാർത്ഥിച്ചു. എന്നാൽ ശനി, ഞായർ (നവം. 13, 14) സുവാർത്ത സമ്മേളനത്തിൽ പ്രിയ സഹോദരി കാർത്ത്യാനിയെ കണ്ടില്ല. അവൾക്കുവരാൻ സാധിക്കാഞ്ഞതിൽ ഞങ്ങൾക്കു വളരെ ദുഃഖം തോന്നി. അങ്ങനെ ഇരിക്കെ അപ്പോൾ ഒരു ഫോൺ, എടുത്തപ്പോൾ കാർത്ത്യാനിയാണ്. അച്ചനാണോ അതേ ഞാൻ തന്നെ. അച്ചോ എനിക്കുവരാൻ ഭർത്താവു അനുവദിച്ചില്ല. ഞാൻ പലവട്ടം ചോദിച്ചു. എനിക്കു കിട്ടിയതു മർദ്ദനമാണ്. അച്ചോ എനിക്കു മനസ്സില്ലാഞ്ഞിട്ടല്ലല്ലോ. ദൈവത്തിനറിയാമല്ലോ ഞാൻ പറഞ്ഞു "സാരമില്ല, നിന്റെ മനസ്സു അറിയുന്ന ദൈവം നിന്നെ അനുഗ്രഹിക്കും". കാർത്ത്യാനി തുടർന്നു "ലക്ഷ്മിച്ചേച്ചി വന്നു സമ്മേളനത്തിലെ അനുഗ്രഹങ്ങളും അവിടെ പഠിപ്പിച്ച വചനങ്ങളുമെല്ലാം എനിക്കു പറഞ്ഞുതന്നു. എനിക്കു സന്തോഷമായി. ഞാൻ ബൈബിൾ എടുത്തു വായിച്ചു ഇയ്യോബ് 22 : 21 എനിക്കു കിട്ടി. "നീ അവനോടു ഇണങ്ങി സമാധാനമായിരിക്ക; അതിനാൽ നിനക്കു നന്മവരും. അച്ചൻ ബൈബിൾ എടുത്തു അതു വായിച്ചു നോക്കണം കേട്ടോ." എന്റെ ഹൃദയം പിടച്ചുപോയി. ദൈവം സഹായിക്കട്ടെ. ഞങ്ങൾ നിനക്കുവേണ്ടി പ്രാർത്ഥിക്കാം. കാർത്ത്യാനിക്കു തക്ക സമയത്തു ലഭിച്ച ആ വചനമാണ് ഈ സംഭവം എഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്.

റവ. പി. പി. തോമസ്



ബൈബിൾ ഫെലോഷിപ്പ്
വി.ബി.എസ്. ദൃശ്യങ്ങൾ





# കാർഗിൽ സഹായനിധിയിലേക്ക്...

ഭാരതത്തിന്റെ വടക്ക് ജമ്മുകാശ്മീരിലെ കാർഗിലിനും ചുറ്റുപാടും ഭാരത പാക് അതിർത്തിയിൽ നമ്മുടെ ജവാന്മാർ ജീവൻ മരണപോരാട്ടം നടത്തി അസഹനീയ സാഹചര്യങ്ങൾ വകവെയ്ക്കാതെ പാക്കിസ്ഥാൻ നുഴഞ്ഞുകയറ്റക്കാരെ തുരത്തുവാൻ അവർ സധൈര്യം മുന്നേറി. നിരവധി കുന്നുകൾ പിടിച്ചടക്കി ഇന്ത്യ ജയിച്ചപ്പോൾ നമ്മുടെ നാനൂറിലധികം ജവാന്മാർ വീര ചരമ മടഞ്ഞു. ഒപ്പം പരുക്കേറ്റ് ആയിരത്തിലധികം ജവാന്മാർ ആശുപത്രിയിലും. ജവാന്മാരുടെ കുടുംബംഗങ്ങൾക്കു വേണ്ടി മലബാർ ബൈബിൾ ഫെലോഷിപ്പും കാർഗിൽ സഹായനിധിയിലേക്ക് Rs. 2000/- നൽകുകയുണ്ടായി.

Tele : 6196217
Ceremonial & Welfare Directorate, CW -8
Adjutant General's Branch, AHQ
Room No. 76, West Block - III
R K Puram, New Delhi - 110066

B/461 164/ACWF/AG/CW-8 25 - 08 - 99

Dear sir,

1. On behalf of the Indian Army, I would like to thank you for your benevolent gesture. We appreciate your concern and support for our soldiers.
2. Contributions received from you shall be utilised for the benefit in supporting the families of the soldier who have sacrificed their lives for the Nation and for the rehabilitation of our men who got disabled in the recent Kargil operation.
3. I am enclosing a receipt for your contribution made towards Army Central Welfare Fund.

Encls :

OIC
Army central welfare found
Army H. Q.. New Delhi - 11

*Hearty Compliments*

# Jubilee Memorial Bible College

- A Silver Jubilee Project of the St. Thomas Evangelical Church of India.
- Our motto. "In His Steps" - to walk in the steps of of the Master, our Lord Jesus Christ.
- Committed to train disciples to make more disciples
- Trains both men and women
- Integrating academic study with character development and practical training
- Holistic mission of teaching, preaching and healing. Our ministries include running the J.M. Hospital and Health care Centre and a poineer mission in Karanai village.

**PRESENT STRENGTH**

- 13 teaching faculty & several administrative staff
- 44 students from 9 different states and 10 denominations
- 10 single lady students and 2 married lady students
- 4 married men students and 28 single men students
- A library with 9,500 volumes

**OUR PROGRAMMES**

**1. 3 Year Bachelor of Theology (B. Th) degree for undergraduates**

**2. 4 Year Master of Divinity (M. Div) degree for graduates**

**3. 1 or 2 years Special Certificate Courses in theology and ministry**

*For further information, please contact:*

**Rev. Dr. C.V. Mathew** OR **Rev. Sunny C. John**
Principal — Academic Dean

*Campus Address*

**Jubilee Memorial Bible College**
21, Aerikkarai Street,
Urappakkam P.O.,
Guduvancherry
Tamil Nadu 603 202
Phone: (04114) 65482

*City Address*

**Jubilee Memorial Bible College**
P.O. Box - 3465
Anna Nagar West
Chennai - 40
Tamil Nadu 600 040
Phone: (044) 6215740



ബിഷപ്പ് മാർ അപ്രേം മിഷനറി കൺവൻഷനിൽ ഏം.ബി.എഫ്. പ്രവർത്തകരോടൊപ്പം



സുവാർത്താ സമ്മേളനത്തിൽ വിശ്വാസികൾ

## വിവിധ ശുശ്രൂഷകൾ

- ഫീൽഡ് വർക്കുകൾ
- സുവിശേഷീകരണവും സഭാസ്ഥാപനവും
- സാക്ഷരത ക്ലാസ്സുൾ
- പരസ്യയോഗങ്ങൾ
- വാൻടീം
- മിഷനറി ട്രെയിനിംഗ്
- വ്യക്തിപരമായ സുവിശേഷീകരണം
- റിവൈവൽ വർക്കുകൾ
- സുവാർത്താ സമ്മേളനങ്ങൾ
- വാർഷിക കൺവൻഷൻ
- പ്രാർത്ഥനാ ഗ്രൂപ്പുകൾ
- ബൈബിൾ സ്റ്റഡി ഗ്രൂപ്പ്
- കമ്മ്യൂണിക്കേഷൻസ്
- വാർത്താപത്രിക
- ആഡിയോ കാസറ്റ്
- മൂവി & സൈളഡ്ഫിലിംസ്